
കൗമുദി

ആഴ്ചപ്പതിപ്പ്



ANN 2 AS

തുലിക

ചെറുകഥാമാസിക

★

Editor-in-Chief:- **M. PRABHA, B. A. & B. L.**

മയ്യനാട് ലിറററി റിക്രിയേഷൻ ക്ലബ്ബിന്റെ അഭിമുഖ്യത്തിൽ, വിദഗ്ദ്ധമായ ഒരു പത്രാധിപ സമിതിയുടെ മേൽനോട്ടത്തിൽ 1950 അക്ടോബർ 1-ാനു പ്രസിദ്ധീകരണം ആരംഭിക്കുന്നു.

ഒററപ്രതി 4 അണ.

കൂടുതൽ വിവരങ്ങൾക്കെഴുതുക:-

മാനേജർ,

തുലിക,

മയ്യനാട്

K. C. Pillai Mediathal puthen Veed

പത്രാധിപർ—കെ. ബാലകൃഷ്ണൻ

കൗമുദി ആഴ്ചപ്പതിപ്പ്

പുസ്തകം 1 | 1126 ചിങ്ങം 19 തിങ്കൾ | ലക്കം 25

കൗമുദി കുറിപ്പുകൾ

എന്താണിവിടെ ഏർപ്പാട്?

തിരുവോണദിവസം പ്രഭാതത്തിൽ ഞാൻ കൗമുദി ആഫീസിൽ ഇരിക്കുമ്പോൾ രണ്ടു വയോവൃദ്ധകൾ പ്രാകൃത വേഷമണിഞ്ഞു ആഫീസിൽ വന്നു. എന്താണു കാര്യമെന്നു ചോദിച്ചപ്പോൾ "ഓണമാണ് പക്ഷേ റേഷൻ കിട്ടിയില്ല" എന്നു മറുപടി പറഞ്ഞു. റേഷൻ കടയിൽ അന്വേഷിച്ച അടുത്ത ദിവസമേ റേഷൻ കൊടുക്കാൻ പറ്റുകയുള്ളു. കുറച്ചു നെല്ലുള്ള ഒരു വീട്ടിൽനിന്നു അവർക്കു അരി സമ്പാദിച്ചുകൊടുത്തു. ഞാൻ ആഫീസിൽ മടങ്ങിയെത്തിയപ്പോൾ ആറേഴുപേർ കൂടിയിട്ടുണ്ട്. അവരുടെ പരാതി അതു തന്നെയാണ്. അധികൃത കേന്ദ്രങ്ങളിൽ അന്വേഷിച്ചുനോക്കി. ഓണത്തിനു വിശേഷാൽ റേഷനൊന്നും അനുവദിച്ചിട്ടില്ല. ഉള്ള റേഷൻ അനുസരിച്ചു നേരത്തെ അരികൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുമില്ല. ഒരു വിശേഷൽറേഷനു വാങ്ങാൻ ആഫീസിൽ വന്ന സെക്രട്ടേറിയറേറിലെ ഒരു ക്ലാർക്കിനോടു ഞാൻ അദ്ദേഹത്തിനു ഇക്കാര്യത്തെപ്പറ്റി എന്തെങ്കിലും അറിയാമോ എന്നു ചോദിച്ചു. "മൂന്നുദിവസംകൂടി കഴിഞ്ഞാൽ ഈ മാസം തികയും. പക്ഷെ മൂന്നുദിവസംകൂടിയുള്ളതുകൊണ്ടു ഈ മാസത്തെ ശമ്പളം തെങ്ങാൻകരനൽകിയിട്ടില്ല. അതുകൊണ്ടു ഞാൻ വീട്ടിൽപോകേണ്ടെന്നു തീരുമാനിച്ചിരിക്കുകയാണ്" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ആ ഏഴുപേർ കൂടിയിരുന്നവരെ വൈകുന്നേരത്തിനു മുൻപു എന്തെങ്കിലും പ്രതിവിധിയുണ്ടാക്കാമെന്നു പറഞ്ഞു ഞാൻ മടക്കിഅയച്ചു. അടുത്ത ദിവസം ഞാൻ കുമാരനാശാപ്പള്ളിയിലേക്കുപോയി. അവിടെ ഒരു യോഗമുണ്ടായിരുന്നു. യോഗസ്ഥലത്തുവച്ചു കുറേപ്പേർ എന്നോടു പറഞ്ഞു അവിടെ മിക്ക ഭവനങ്ങളും ഓണത്തിനു പട്ടിണിയായിരുന്നെന്നു. കുമാരനാശാപ്പള്ളി, കായംകുളം മുതലായ സ്ഥലങ്ങളിലും ഗതി ഇതായിരുന്നെന്നു എനിക്കു നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞു. ചതയത്തിനു ഞാൻ ആലപ്പുഴയുണ്ടായിരുന്നു. തൊഴിലാളികളും ഇടത്തരക്കാരുമായ വളരെയധികംപേരെ ഞാൻ അവിടെവച്ചുകണ്ടു. അവർക്കെല്ലാം ഈ പരാതിയുണ്ടായിരുന്നു. ഓണത്തിനു റേഷൻ കിട്ടിയില്ലെന്നു. അതിനു മുൻപിലത്തെ റേഷൻ 20 ശതമാനമായിരുന്നു തുമ്പോളി അടുത്തുള്ള ഭാഗത്തു ഇത്തവണ 80 ശതമാനമാണെന്നു കേട്ടതു. അങ്ങനെ രണ്ടുതവണകൂടി ഒരു തവണത്തെ റേഷൻകിട്ടി അതുകൊണ്ടു കഴിഞ്ഞുകൊള്ളണം. അതേ സമയത്തു [illegible] ബ്ലാക്ക് മാർക്കറ്റും നടക്കുന്നുണ്ട്. ഇഷ്ടംപോലെ അരി ല[illegible]. അതിനെതിരായി സർക്കാർ ഉടനടിയുള്ള [illegible] നടപടിയ[illegible]. ആലപ്പുഴ പട്ടണിമൂലം രണ്ടു വിദ്യാർത്ഥികൾ ബോധക്ഷയമുണ്ടായി വീണു എന്ന വാർത്തയെപ്പറ്റി ഞാൻ ആ സ്ഥലത്തെ ഒരു അദ്ധ്യാപകനോടുതന്നെ ചോദിച്ചു. വാർത്ത അക്ഷരംപ്രതി ശരിയാണ് എന്നാണു അദ്ദേഹം മറുപടി പറഞ്ഞതു. ഇങ്ങനെ മനുഷ്യൻ ആലിലപോലെ കൊഴിഞ്ഞു വീഴുന്നു എന്ന വാർത്ത വരുമ്പോൾ പ്രസ്നോട്ടകം കൊണ്ടു അതു നേരിടുവാൻ സർക്കാർ നടത്തുന്ന പരിശ്രമങ്ങൾ ഒരു പിശാചിന്റെ വിനോദംപോലെ എനിക്കുതോന്നി.

ഓണം അറിയാതെ വന്ന തലയിൽ കയറിയ ഒരപ്രതീക്ഷിത സംഭവമല്ല. മറ്റെല്ലാം അറിയാതെ പോയാലും ഓണം അറിയാതെ പോകാൻ കാരണവുമില്ല. പക്ഷെ നമ്മുടെ സർക്കാർ അറിഞ്ഞില്ല. കാരണം അവർക്കു നിശ്ചയം കാണുകയില്ല. പക്ഷെ എനിക്കു നിശ്ചയമുണ്ട്. ഓണത്തിന്റെ പിന്നിൽ ഒരു മതപരമായ സംഘടനയുമില്ല ഓണം വകവച്ചില്ലെങ്കിൽ പിണങ്ങുന്ന മതവിഭാഗങ്ങളൊന്നുമില്ല. അതു നാട്ടുകാരുടെ പൊതുവെയുള്ള കാര്യമാണ്. നാട്ടുകാരെ പൊതുവെ ബാധിക്കുന്ന കാര്യം മന്ത്രിമാരെ അത്യുത്സാഹം അലട്ടാറില്ല. മതപരമായ പ്രാധാന്യമുള്ള ഒരു ദിവസമാണെങ്കിൽ റേഷനും സ്പെഷ്യൽ റേഷനും നേരത്തെ എത്തും. തീർത്ഥയാത്രക്കാർക്കും മലയിൽ കയറുന്നവർക്കും പ്രത്യേക റേഷനുണ്ട്. അക്കാര്യത്തെപ്പറ്റി നേരത്തെ പ്രസ്നോട്ടകളുമിറങ്ങും. കാരണം അങ്ങനെ കുഴപ്പമുണ്ടാക്കുന്ന ഒരുദിവസമല്ല. ഒരു മതവും പിണങ്ങുകയില്ല. പിന്നെ എന്തിരിക്കുന്നു. ധൃതികൂട്ടാൻ? ഓണത്തിനു പാവപ്പെട്ട വലിയമ്മ പട്ടിണിയായി, അർദ്ധ പട്ടിണിക്കാരനായ എൻ. ജി. ഓ.ക്കാരൻ വീട്ടിൽ പോയില്ല.

മതത്തിന്റെ പ്രസ്ഥാനങ്ങളെയെല്ലാം എതിർത്തു ദേശീയം വിതയ്ക്കാൻ നടക്കുന്നവരാണ് നമ്മുടെ ഭരണാധികാരികൾ. പക്ഷെ അവർ ദേശീയം കാണുന്നതു സംഘടിത മതങ്ങളിൽ കൂടിയാണ്. ഇതു അധികാരിവർഗ്ഗത്തിന്റെയും അവർക്കു താങ്ങും തണലുമായി നിൽക്കുന്ന മതനേതാക്കന്മാരുടെയും ഗർഹണീയമായ ഒരു ഗൂഢാലോചനയുടെ പ്രതിഫലനം മാത്രമാണ്. പ്രയത്നിക്കുന്ന വിഭാഗങ്ങൾക്കു ഓണത്തിനു അരി വേണമെങ്കിൽ എല്ലാ ദിവസവും ഓണം പോലാകണമെങ്കിൽ ഈ ഗൂഢസംഘത്തിൽനിന്നു രാഷ്ട്രനൗകയെ രക്ഷപ്പെടുത്തുകയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല

കെ. ബാലകൃഷ്ണൻ

മുഖചിത്രം

ഉഷ:—ഈ സൗന്ദര്യസമ്പത്തു അടുത്തുതന്നെ ഒരു മലയാളചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

ചെളിയും ചോരയും



ആ വരയും ഒക്കെനിങ്ങടം അരിഞ്ഞുവീഴ്ത്തുമോ?.....

"ഇന്നു്, തെരുവുകളിലെങ്ങും സ്വാതന്ത്ര്യത്തിന്റെ കാഹളംമുഴങ്ങുമ്പോടം. എണ്ണമില്ലാത്ത ശബ്ദങ്ങടം അതിനുത്തരം നൽകുന്നു. പത്തുദിനങ്ങടംക്കള്ളിൽ, രാഷ്ട്രംമുഴുവനും അതിന്റെ പ്രതിധ്വനിയിൽ തുടിക്കുകയായി. സ്ത്രീകളും കുരുന്നു കുഞ്ഞുങ്ങടംകൂടെ-കരളിൽ മരണത്തിന്റെ ഭീതികലരാതെ, തങ്ങളിൽ മത്സരിക്കയാണു് അതിനുത്തരംനൽകാൻ....എങ്ങും അങ്ങിനെ ഉയരുന്നവരെ, നിങ്ങളുടെ കൃത്കരവാടം അരിഞ്ഞുവീഴ്ത്തുമെങ്കിലും—സംഭവങ്ങളുടെ പറപ്പിൽ നിങ്ങടം വുതിയാനും വരുത്തുമെങ്കിലും അതിന്റെ ആഴ്ന്നഹൃദയത്തെ മറയ്ക്കാൻ നിങ്ങടംക്കു് ഒരിക്കലും, ഒരിക്കലും കഴിയുകയില്ല—ഓരോ മനുഷ്യനും അവന്റെ ആത്മാവിൽ എഴുതിപ്പിടിപ്പിച്ചിട്ടുണ്ടു്. "സ്വാതന്ത്ര്യം" ഇരുണ്ടമുറികളുടെ നിശ്ശബ്ദതയിൽ കഴിയുന്നവരുടെ ഇടയിലും അതിനായി ഉയരുന്നവരുടെ എണ്ണം തീരെകുറവല്ല. അവരെയുംഒക്കെ നിങ്ങടം കാരാഗൃഹത്തിലടയ്ക്കുമോ?..... അവരെയുംഒക്കെ നിങ്ങളുടെ കൃത്ത കരവാടം അരിഞ്ഞുവീഴ്ത്തുമോ?....."

പ്രായംചെന്ന രണ്ടു കൊറിയൻ സ്വാതന്ത്ര്യപ്രേമികടം മുപ്പത്തുകൊല്ലങ്ങടംക്കുമുൻപെഴുതിയ വരികളാണിതു്. കിം യുൻ-സിക്ക്, യൂമാങ്ങ്-സിക്ക്, തടങ്കൽ മുറിയിൽനിന്നു് അവർ ചോരകൊണ്ടു് അന്നവരെ അടിമകളാക്കിഭരിച്ചിരുന്ന ജാപ്പനീസ് ഭരണാധികാരികടംക്കെഴുതി.

അവരെയും ഒക്കെനിങ്ങടം അരിഞ്ഞുവീഴ്ത്തുമോ?-

അതിനുള്ള ഉത്തരം ഇന്നു ലഭ്യമാണു്. ജാപ്പനീസ് ഇംപീരിയൽപോലീസിന്റെ ഡയറികുറിക്കുന്നു. "1919 മാർച്ചുമാസത്തിൽ 36,026 കൊറിയക്കാരെ ചക്രവർത്തിതിരുമനസ്സിനെതിരായി വിപ്ലവത്തിനൊരുമിക്കയാൽ കൊന്നൊടുക്കുകയുണ്ടായി." ആ കൂട്ടത്തിൽ ഈ ചോദ്യകർത്താക്കളും ഉടംപ്പെട്ടിരുന്നു.

മുപ്പത്താറായിരത്തി ഇരുപത്താറു്!

* * *

നഗ്നരും മരിച്ചവരും.....

രണ്ടുകൊല്ലംമുൻപ് ഇന്നേദിവത്തിലാണു് തെക്കേക്കൊറിയയിൽ സിംഗ്മൻ റീ ഔദ്യോഗികമായി ഭരണം ആരംഭിച്ചതു്. ആ ഭരണത്തിന്റെരീതി, അതിനു നേതൃത്വവും പ്രചോദനവുംനൽകിയ അമേരിക്കയിലെ പത്രങ്ങളിൽ കണ്ടവാർത്തകളാണു് ഞാൻ താഴെകുറിക്കുന്നതു്.

"....തെക്കേക്കൊറിയയിലെ പല ഭാഗങ്ങളിലും ലോകം ഇതിനുമുൻപു ദർശിച്ചിട്ടില്ലാത്ത ഉയരുന്നരീതിയുടെ കരിമേഘത്താൽ മൂടിയിരിക്കുകയാണു്....." (ന്യൂയോർക്ക് ടൈംസിൽ)

[പട്ടത്തുവിള കരുണാകരൻ ന്യായാക്കു്]

....." (വാഷിംടർ സള്ളിവൻ ന്യൂയോർക്ക് ടൈംസിൽ)".....വിപ്ലവത്തെ അമർത്താനായി തെക്കേക്കൊറിയൻ സർക്കാർ വിപുലമായ ഒരു പട്ടാളവിഭാഗത്തെ അവിടത്തേക്കയച്ചു.... എന്നാൽ 1949 ന്റെ തുടക്കം വരെയും അവരെ മുഴുവനും അമർത്താൻ കഴിഞ്ഞില്ല. പല ഗ്രാമങ്ങളും അവർ പട്ടാളത്തിനുവിട്കൊടുക്കുകയുണ്ടായി....(യു. എൻ. കൊറിയൻ കമ്മീഷൻ)

"....പല പ്രധാന പുരുഷന്മാരും, പോലീസിന്റെയും പട്ടാളത്തിന്റെയും ക്രൂരമായ മർദ്ദനത്തിനിരയായി മരിച്ചു....കമ്മ്യൂണിസ്റ്റുകടവുകാരെ കൂട്ടത്തോടെ തൂക്കിലിടുകയുണ്ടായി. രക്ഷപ്പെട്ട പല തടവുകാരെയും ഭവനങ്ങളുടെ പടിക്കൽ വെടിവച്ചുവീഴ്ത്തി. അവരുടെ ശവശരീരങ്ങടം മാറ്റുള്ളവർക്കു പാഠമായി അവിടെ തന്നെ നിക്ഷേപിക്കയുണ്ടായി...." (ന്യൂയോർക്ക് ടൈംസ്)

"ലൈഫ്" വാരികയുടെ ലേഖകൻ, ജനങ്ങളുടെ രാഷ്ട്രീയവിശ്വാസത്തെ പരിശോധിക്കുന്ന ഒരു രംഗം നാടകീയമായി വിവരിക്കുന്നു:

"....ആ വിസ്തൃതമായ കളിസ്ഥലത്തു നിന്നു ഞങ്ങടം നോക്കിക്കണ്ടു.... നാല്പുവാക്കടം....അവരുടെ മധ്യം വരക്കം നഗ്നതയിൽ—മുട്ടുകുത്തിനിന്നു യാചിക്കുന്നു....ഒരാളുടെ കൈകടം പ്രാർത്ഥനാരൂപത്തിൽ കൂമ്പിമുകളിലേക്കുയർന്നു....പെട്ടെന്നു്, ആ വിസ്തൃത കരങ്ങടം അയാളുടെ പിളർന്നവായിലേക്കു്, ഒരു തോക്കിൻ പാത്തിയുടെ ആഴ്ന്നപതനത്തോടെ അമർത്തപ്പെട്ടു....പല്ലുകടം തെരിഞ്ഞടർന്നുപതിച്ചു....അവക്കു പുറകിൽ ഗദകടംവഹിച്ച രണ്ടുപേർ നിൽപുണ്ടായിരുന്നു. അവർ പല്ലിളിപ്പുകൊണ്ടു് ആ യുവാക്കളുടെ മുതുകിലും തലക്കലും മർദ്ദിച്ചു തുടങ്ങി. ശ്വാസം വിടുവാനെന്നപോലെ അവർ ഇടയ്ക്കുള്ള നിമിഷം നീണ്ടു. ജാപ്പാനീസുതൊപ്പിയും ഇരുണ്ട കണ്ണടകളും ധരിച്ച ഒരു പോലീസുകാരൻ ഭ്രാന്തോടെ അവർക്കു മുൻപിൽ നിന്നു തുള്ളുന്നുണ്ടായിരുന്നു. ഇടയ്ക്കിടെ അയാടം കൈയ്യിലുള്ള തോക്കുകൊണ്ടു് ഒരാളുടെ തലക്കുമീതേ ഉയർത്തി അടിക്കും. ഒടുവിൽ അയാടം.....

"ഈ സമയം ഒക്കെയും ആ വിസ്തൃതമായ കളിസ്ഥലത്തു് സ്ത്രീകളും കുഞ്ഞുങ്ങളും അതു നോക്കി നിന്നിരുന്നു"

"ആരാണു് ഈ ഭരണത്തിന്റെ പിതാക്കടം?" ഹെറാൾഡ്ട്രിബ്യൂണിന്റെ മിസ്സ് ഫിഗ്ഗിൻസ് അറിയിച്ചു. "റീയുടെ സർക്കാർ അമേരിക്കയുടെ സൃഷ്ടിയാണു്. അമേരിക്കൻ സൈനികാധികാരികളാണു് ഈ ഭരണം നേരായി സ്ഥാപിച്ചതു്. കഴിഞ്ഞ വേനലിൽ അവർ പിൻവാങ്ങിയപ്പോടം അഞ്ഞൂറുപേരടങ്ങിയ ഒരു സൈനികമിഷൻ ഇവിടെ ശേഷിച്ചു"

അങ്ങിനെ കൊറിയയിൽ ശ്വാസംമുട്ടി മരിച്ചിട്ടുള്ള രാജ്യസ്നേഹികടം, ബലാൽസംഗം ചെയ്യപ്പെട്ട കഷ്കബാലികടം, വിശന്നു മരിച്ചിട്ടുള്ള കൊറിയൻ ശിശുവിനെ[illegible]ൽ അതി

മെൻസോളിൻ

മുറതെറ്റിയുള്ള ആർത്തവം, ആർത്തവരക്തതടസ്സം, അതിസ്രവണം. അതിവേദന, അസ്ഥിസ്രാവം, പൂയമേഹം (പഴുപ്പ് പോക്ക്), വയറുകടുത്തൽ, നടുവുവേദന, തലക്കറക്കം, കൈകാൽ പുകച്ചിൽ, എന്നിങ്ങനെയുള്ള രോഗങ്ങളിൽപെട്ടുഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ മെൻസോളിൻ സേവിക്കുക. ഗർഭാശയസംബന്ധമായും, തജ്ജന്യങ്ങളായും ഉള്ള എല്ലാ രോഗങ്ങളേയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു.

പ്രസവരക്ഷയ്ക്കും ഉത്തമം

കുപ്പി 1-ക്ക് 4 രൂ. 8 ണ. പാക്കിംഗ് & പോസ്റ്റേജ് പുറമേ.

എസ്സ്. കെ. വി. ഫാർമസി,

പാലസ്സ് റോഡ് — ആലപ്പുഴ

നൊക്കെയും പ്രേരകർ അമേരിക്കൻ മുതലാളിമാരാണ്.

* * *

അക്രമികൾ.....

അതേപത്രങ്ങളിലെ നീണ്ട തലവാചകങ്ങൾ ഇന്നറിയിക്കുന്നു. "....നമ്മുടെ ഒരു നൂറവിമാനങ്ങൾ നിരയായിപറന്ന് ശത്രുസങ്കേതങ്ങളിലും, നഗരങ്ങളിലും ആയിരംടൺ ബാംബുകൾ വർഷിക്കുകയുണ്ടായി" "ഏറിയുന്ന ശത്രുസങ്കേതങ്ങളിൽനിന്നുയർന്ന പുക പടർന്ന വിപുലമായ അന്തരീക്ഷംമുഴുവനുംമൂടി" ഈ തലവാചകങ്ങൾ കൂടാതെ കത്തിഎരിയുന്ന നഗരങ്ങളുടെ ചിത്രങ്ങൾ! ആ വാർത്തകളിലും, നേതാക്കളുടെ പ്രസ്താവനകളിലും അഹങ്കാരത്തിന്റെ ധ്വനി നിഴലിച്ചുകാണാം. അവയിൽ ഒരു സംതൃപ്തിയുടെ ഭാവമുണ്ട്—ചെകുത്താന്റെ സംതൃപ്തി!

കൊല്ലങ്ങൾക്കുമുൻപ് ഫാഷിസ്റ്റ് ജപ്പാനുമായി അമേരിക്ക പോരാടിയപ്പോൾ നാം അവരോട് അനുകമ്പരേഖപ്പെടുത്തി. അന്നത്തെ നമ്മുടെ രാഷ്ട്രീയചിന്താഗതിയെ വിഗണിച്ചും, ദേശീയാഭിമാനത്തെ തെല്ലൊക്കെ മറന്നും നമ്മിൽ പലരും അവരോടുചേർന്ന ശത്രുവിനെ എതിർത്തു. മനുഷ്യന്റെ തൊലിയുടെനിറം നാം ആരാഞ്ഞില്ല. ഏഷ്യനോ യൂറോപ്യനോ എന്നു നാം നോക്കിയില്ല. ഭൂഗീയവും നമ്മുടെ വിശ്വാസത്തിനു വിരുദ്ധവും ആയ ഒരാദർശത്തെ നാം എതിർത്തു. പൈനയിലെ സാമാന്യ ജനത—കർഷകനും, തൊഴിലാളിയും, പടയാളിയും—ക്രൂരവും നീതിരഹിതവുമായ മുരടിച്ച ജന്മിമുതലാളിഭരണത്തിനെതിരായി അണിനിരന്ന വിപ്ലവത്തിന്റെ പുതുകൂയത്തിയപ്പോൾ നാം അവരോടൊന്നു [illegible] ഉയർത്തി. തുല്യമായ അവ

[illegible]കൂടി

[illegible]പ്പതിപ്പ്

ശതകളനുഭവിക്കുന്ന ജനവിഭാഗത്തിന്റെ വപ്ലവാഭിവാദ്യങ്ങൾ!

എന്നാൽ ഇന്നു കൊറിയയിൽ നടക്കുന്നതോ? നാം യുദ്ധം നേരിൽ അനുഭവിച്ചിട്ടില്ല. നമ്മുടെ നഗരങ്ങൾ ബാംബിനിരയായി കത്തിയെരിഞ്ഞിട്ടില്ല. ഹിരോഷിമായിലേയും നാക്കസാക്കിയിലേയും പ്രേതങ്ങളെ പേക്കിനാവുകാണുന്നവരുണ്ട്. അവിടത്തെ ജീവനുള്ള പ്രേതങ്ങളെ ഭയത്തോടെ നോക്കുന്നവരുണ്ട്. അവിടത്തെ പിഞ്ചുകുഞ്ഞുങ്ങളുടെ ഭയനീയതയുടെ ആഴം നാം അറിയുന്നുണ്ടോ? വിമാനങ്ങളുടെ ചീറ്റലിനുതാഴെ തീവ്രമായ പൊട്ടിത്തെറിക്കലുകൾ. അതിനിടയിൽ ഒരു കുഞ്ഞിന്റെ നിസ്സഹായതയോടെയുള്ള നിലവിളി. യുദ്ധം എന്താണെന്നു അറിയാറാകാത്ത ശൈശവത്തിന്റെ നിർദ്ദോഷമായ അന്ധരൂപ്പ് ഒരു തോക്കുതാങ്ങാനുള്ള കരുത്തു വരുന്നതുവരെ അതിനെ വളർത്താൻ അനുവദിച്ചിരുന്നുവെങ്കിൽ! ജപ്പാൻ ഫാഷിസത്തിന്റെ നഗ്നത മാറാരെക്കാളും മുമ്പേ അനുഭവിച്ചറിഞ്ഞതു കൊറിയയിൽ ഇന്നു സമരംചെയ്യുന്ന സാധു കർഷകരാണ്.

അഞ്ചുകൊല്ലംമുമ്പ് ഇന്നേദിവസത്തിലാണ് അടിമത്തത്തിൽ നിന്നു വിമോചിതരായി എന്നു കൊറിയക്കാർ കിനാവുകണ്ടത്. ഇന്നവിടത്തെ നഗരങ്ങൾ അമേരിക്കൻവിമാനങ്ങൾ പൂട്ടെരിക്കയാണ്. തെറ്റുചെയ്തിട്ടില്ലാത്ത കുഞ്ഞുങ്ങളെ കൂടി കൂട്ടക്കൊല നടത്തുന്നു. അക്രമത്തിൽ നിന്നു രക്ഷിക്കാൻ! ആരാണക്രമികൾ?

ആരാണ് കൊറിയൻ ജനതയുടെ ശത്രുക്കൾ? അവിടത്തെ നെൽപ്പാടങ്ങളിലും, പെരു നഗരങ്ങളിലും ബാംബുകൾ വർഷിക്കുന്നതാരാണ്? കൊറിയക്കാരനു് എതിരായ രംഗത്തിൽ അണിനിരന്നിരിക്കുന്നവർ ഏഷ്യക്കാർക്കു പണ്ടേ പരിചിതരാണ്—അമേരിക്കനും, ബ്രിട്ടീഷും, ഡച്ചും, ഫ്രഞ്ചും സേനകൾ—ഏതനവും പുരാതനവുമായ കൊളോണിയൽ ശക്തികൾ! ഇവക്കൊക്കെ ഇന്നു ഏഷ്യയിൽ സമരരംഗങ്ങളുണ്ട്. ബ്രിട്ടൺ മലയായിൽ, ഡച്ചുകാർ ഇൻഡോനേഷ്യയിൽ, ഫ്രഞ്ചുകാർ ഇൻഡോ ചൈനയിൽ, ഇവക്കൊക്കെ ഉപയോഗിക്കുന്നതിനുള്ള മാർഷൽപ്ലാൻ. ആയുധങ്ങൾ നൽകികൊണ്ട് അമേരിക്ക. ഉയർന്നു വരുന്ന ഏഷ്യൻ ദേശീയതയ്ക്കെതിരായി അങ്ങനെ ഈ മുതലാളിത്ത രാഷ്ട്രങ്ങൾ ഒരു കൂട്ടുകെട്ടിലെത്തിയിരിക്കയാണ്.

ഉരുക്കിലും ചോരയിലും കൂടി ഭരണം നടത്തുന്ന ഒരു ഉഷിച്ച ജന്മിതന്ത്രത്തിനെതിരായാണ് കൊറിയക്കാർ ഉണർന്നത്. അവരുടെ മാതൃഭൂമിയെ പിളർന്നുകൊണ്ടു നിന്ന ഭിന്നതയെ തല്ലിതകർത്തുകൊണ്ട് സ്വതന്ത്രമായ ഒരുദ്ദേശത്തെ—പാവപ്പെട്ടവനു നീതി നൽകുന്ന ഒരുദ്ദേശത്തെ—തിരഞ്ഞെടുക്കുവാൻ അവർക്കവകാശമുണ്ട്. അതിനെ എതിർക്കുവാനുള്ള കരുത്ത് ലോകത്തെക്കുമില്ല. അതു ചൈന അടുത്ത കാലത്തു തെളിയിച്ചു "ഇനി ഒരു കാലത്തും ചൈനക്കാർ മറ്റുള്ളവർക്കടിമകളാകയില്ല—ഒരു കാലത്തും" അവരുടെ നേതാവു കരുത്തേറിയ ഭാഷയിൽ ലോകത്തെ അറിയിച്ചു അവർക്കെതിരായി അമേരിക്കയിലെ മുതലാളിമാർ നടത്തിയ ഭ്രാന്ത് ഏഷ്യക്കാർ ഒരു കാലത്തും മറക്കുകയില്ല. ചൈനയിൽ അനുഭവിച്ച നിന്ദ്യമായ പരാജയത്തിന്റെ പ്രതികാരത്തോടെയുള്ള പക വീട്ടലാണ് ഇന്നു കൊറിയയിൽ നടക്കുന്നത്.

നാം ആരുടെ ഭാഗത്താണ്?

* * *

പൊളിയും ചോരയും.....

മദ്ധ്യകൊറിയയിലെ ഉയർന്ന പീഠഭൂമികളിൽ നിന്ന് മഴക്കാലത്ത് ഒരു കൊച്ചുകാട്ടാറൊലിച്ച് ശബ്ദിച്ചുകൊണ്ടൊഴുകുന്നു. അതു ക്രമേണ വളർന്ന്, തെക്കോട്ട് ചാഞ്ഞ് വിഗ്വാണിൽവന്നു വലുതായി, ഒരു തടിച്ച നദിയായി, ശാഖകളായി പിരിഞ്ഞും വളഞ്ഞും തിരിഞ്ഞും, വീണ്ടും വളർന്നും ഇടുക്കുകളിൽകൂടെ ഒഴുകി പൂസാന് സമീപം സുദ്രത്തിൽ ചേരുന്നു. ആ നദിക്ക് ഇരുകരകളിലും പൊങ്ങിയ പച്ചനിരകളും പച്ചക്കുടകളുമാണ്. അവയ്ക്കു മദ്ധ്യത്തിൽ ഇങ്ങുതാഴെ നദീതീരത്തെ ഫലഭൂയിഷ്ഠമായ ഭൂമിയിൽ ഉരുത്തെ നെൽപ്പാടങ്ങൾ നീണ്ടുനിവർന്നുകിടക്കുന്നു. വേനൽക്കാലത്ത് ആഴം കുറഞ്ഞ ആ നദിയിൽ പല ഭാഗങ്ങളും വറണ്ടു വാരിക്കിടക്കുന്നതുകാണാം. എന്നാൽ വർഷകാലം ആകുമ്പോഴേക്കും അതിൽ കലങ്ങിമറിഞ്ഞ മലവെള്ളം ഉശക്കോടെ, പുതുമയോടെ ഇരച്ചൊഴുകുന്നു. ഇതാണു തെക്കുകിഴക്കെ കൊറിയായെ ഒരു പ്രത്യേകരാജ്യവിഭാഗമായി വെട്ടിമുറിക്കുന്ന യാങ്ട്സാങ്നദി. അതിന്റെ തീരങ്ങളിലാണ് ഇന്നു സമരം തുടരുന്നത്. അവിടത്തെ കുന്നുകൾക്കു ചരിവിലും നെൽപ്പാടങ്ങളിലും, കുറിക്കുടകളിലും, പെരു നഗരങ്ങളിലും.

യാങ്ട്സാങ് നദിയിലെ കലങ്ങിയ പുതുവെള്ളം മനുഷ്യന്റെ ചോരപ്പെന്നാണ്!

—

തെരുവിന്റെ പെണ്ണ്

വിപോൻ ശങ്കരൻ. കരിപ്പായി

ചിരുതയെപ്പോലൊരു പെണ്ണിനെക്കാണുവാൻ
ഒരു കണ്ണയക്കണേ! നിങ്ങളം
അവളുടെ യൌവ്വനമാവഴി വന്നതായ്
അനവധിയാളുകളോതി
പലരുംപറഞ്ഞപോൽ പ്രായമായെങ്കിലും
പരിചയമില്ലവർക്കൊന്നും
ഇരുപതിനപ്പുറത്തവർ കടന്നെങ്കിലും
ഇനിയുമുണ്ടായിരം കായ്കും
ഉടയവരാരുമൊട്ടോമനിച്ചുള്ളതി-
ന്നൊരുമധുരോമ്മയുമില്ല.
അയലത്തെയാളുകൾക്കുടിപണിചെയ്യുവാൻ
അനുദിനജീവിതം നീക്കി.
അറിവായ നാൾ മുതലവരോതിടുന്നപോൽ
അവിടവിടങ്ങിനെപാത്തു
പകലൊക്കെയെന്തിനോ പണിയെടുത്തീടണം
പശിയടക്കീടണം പിന്നെ
ഇരവിലുറങ്ങണമെവിടെയാണെങ്കിലും
ഇരുളുള്ളിടത്തായാൽവേണം.
ഇരുപതിനപ്പുറം വർഷമായിങ്ങിനെ
ഇഴയുകയായൊരു ജീവൻ.
ചിരുതയെപ്പോലൊരു പെണ്ണിനെ നോക്കുവാൻ
ചിലരൊക്കെയെങ്കിലും കാണും:-
തലമുടിക്കെട്ടില്ല, മാറിലില്ലേതുമാ
മുലയുടെമാതിരിപോലും,
കുനുകുനെക്കുമ്പെടുത്തില്ല മുഖക്കുരു
കുറെയിടവന്നതു നിന്നു,
കുതകവിലോലം കുണുങ്ങിക്കുണുങ്ങിടും
കുടിലാളകങ്ങളുമില്ല,
കടമിഴിക്കോണിലെക്കളികളാലില്ലൊരു
കഥയുമപ്പെണ്ണിനു ചൊല്ലാൻ,
ഉടുതുണിപോലുമില്ലാവശ്യമായപോ-
ലുടൽ മറച്ചീടുവാൻക്രൂടി,
അതുമല്ല,യെങ്ങിനെ നാണിച്ചുനില്പതെ-
ന്നറിയുകയില്ലവൾ തെല്ലും,
കിരുകിരുപ്പില്ലൊരു കോരിത്തരിപ്പുമി-
ല്ലിരുപതുകാരിയാൾക്കിന്നും.

പരശതമാളുകൾ പിന്നെയും ചിരുതയെ:
പ്പുറയുകയായൊരു പെണ്ണായ്!!
കഠിനമായ്ക്കാണുമിക്കല്ലിനെക്കൂടിയും
കുളിരണിയിക്കുമീ മഞ്ഞിൽ,
പുതുനിലാവിങ്കലിപ്പുല്ലിനെ ക്രൂടിയും
പുളകംപുരട്ടുമീരാവിൽ,
മണമെഴും ലഹരികൾ മാടിവിളിക്കുന്ന
മലരുകൾപെയ്യുമീ നാട്ടിൽ,
നിശയുടെനിസ്തുല പ്രേമലേഖോപമം
നിരവധിതാരകൾമിന്നി
ധരയുടെധാമ്മികപ്രേമഗാനോപമം
അരുവികളലയടിച്ചാർത്തു
ഹൃദയമുള്ളായിരമായിരം ജീവികൾ
മദനലീലോന്മദംപൂണ്ടു,
പ്രകൃതിയുംക്രൂടിയൊരജ്ഞാതകാമുക-
പ്രണയസംപ്രാപ്തിയെപ്പാത്തു
വിലയാന്ന വിസ്മയസൌഭഗച്ചാർത്തിനാൽ
വിലസിനിന്നങ്ങിനെ സർവ്വം.
ചിരുത — യപ്പൊൾകൊടിയപ്പൊഴം നാടിന്റെ
പരിവേഷ്ടനെപ്പോലെ
അവിടൊരു പീടികത്തിണ്ണയിലേകയായ്
അലസമുറങ്ങുകയായി.
അവളുടെ മാതിരി ചിരുതകൾ:നാട്ടിലി—
ന്നനവധി നോക്കിയാൽക്കാണും
അവരിലും മാന്യഷസ്നിശ്ധമാമാശകൾ
അടിയുറഞ്ഞുള്ളതുകാണും
തെരുവിന്റെ മൂലകൾ-ഗ്രാമക്കുടിലുകൾ
തെളിയിച്ചുരുളുമീസത്യം.
അതിനൊക്കെ ലോകരേ! നിങ്ങളം തൻകണ്ണുകൾ
അനുഭവ പൂർവ്വകമാണോ?
അവളെയിന്നാട്ടുകാരറികയില്ലെങ്കിലും
അവളറിഞ്ഞീടുമീനാട്ട്
ഇരുപതിലേറെയായ് കൊയ്ത്തുകാലങ്ങളെ
ഇടതടവെന്നിയേകാൺകേ,
നിറപറവെച്ചു വെച്ചുറകളിൽ വിത്തുകൾ
നിറയുന്ന രീതികൾകാൺകേ,
ചെറുമണിനെല്ലിന്റെറയവീലിടിയെ

പട്ടിണിക്കു പരിഹാരം



അരുണൻ

ഇൻഡ്യയിലെ ഭക്ഷണപ്രശ്നം ഗുരുതരമായ ഒരു നില പ്രാപിച്ച വരികയാണ്. പണ്ഡിറ്റ് നെഹ്രുവിന്റെ പ്രക്ഷേപണി പ്രസംഗവും, മുഖ്യമന്ത്രിമാരുടെ സമ്മേളനവും മറ്റും ഈ പരമാർത്ഥമാണ് പ്രസ്പഷ്ടമാക്കുന്നത്. ഈ പരമാർത്ഥം ഗ്രഹിക്കുന്നതിനു പ്രസംഗങ്ങളെയും പ്രസ്താവനകളെയും ആശ്രയിക്കേണ്ട ആവശ്യമില്ല. നമ്മുടെ ചുറ്റും കണ്ണോടിക്കുന്ന നോക്കിയാൽ മതി. റേഷൻ കടകളിൽ പ്രാണൻ ആധാരമാക്കിക്കൊണ്ടുള്ള സാധാരണക്കാരന്റെ ജീവിതം അപകടത്തിലായിത്തീർന്നിരിക്കുന്നു. പൊടിയും തവിടും പാറാറയും പുഴുവും, ഇടയ്ക്കിടെ ഓരോ അരിയുടെ നുറുക്കും ചേർന്നുള്ള "റേഷൻ" പോലും കിട്ടാതെ ജനങ്ങൾ വലയുകയാണ്. മരച്ചീനിയുടെ സഹായമില്ലായിരുന്നുവെങ്കിൽ ഇതിനകം നമ്മുടെ നാട്ടിലും പട്ടിണി ഭയങ്കരമായി ബാധിച്ചു കഴിയുമായിരുന്നു. മദ്രാസ് പ്രവിശ്യയിലെ ജനങ്ങളെപ്പോലെ നിലക്കടലയുടെ തോലും, പച്ചിലയും ആഹരിക്കേണ്ടിവരുമായിരുന്നു. മരച്ചീനിയുണ്ടെങ്കിലും അതു വാങ്ങിക്കുവാൻ സാധ്യമല്ലാതെ വലയുന്നവരുണ്ട്. പണമില്ല. പണത്തിനും ഭയങ്കരമായ ക്ഷാമമുണ്ട്. ചുരുക്കത്തിൽ രണ്ടു ക്ഷാമമാണ് ഇന്നു നമ്മെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്നത്. സാധനങ്ങളുടെ ക്ഷാമവും. പണത്തിന്റെ ക്ഷാമവും. കഴിഞ്ഞയുദ്ധകാലത്തു പണത്തിന്റെ ക്ഷാമമുണ്ടായില്ല. ഇപ്പോൾ പണത്തിന്റെ ക്ഷാമവും കൂടിയുണ്ട്. അതുകൊണ്ടു നാം അഭിമുഖീകരിക്കേണ്ടിവരുന്ന ക്ഷാമത്തിന്റെ ഭയങ്കരതയെപ്പറ്റി ഊഹിക്കാവുന്നതേയുള്ളു.

പണ്ഡിറ്റ് നെഹ്രുവിന്റെ പ്രസംഗത്തിൽ ഈ ഭക്ഷ്യക്ഷാമത്തിന്റെ കാരണങ്ങളെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. ബീഹാറിലെ വെള്ളപ്പൊക്കം, മദ്രാസ് പ്രവിശ്യയിൽ കാലവർഷം സമയത്തുണ്ടാകാഞ്ഞതുമൂലം ഉണക്ക്, ഉത്തരേൻഡ്യയിൽ പല ഭാഗങ്ങളിലും വെള്ളപ്പൊക്കം. ഇതിലെല്ലാം ഉപരിയായി ആസ്സാമിലെ ഭ്രമികുലുക്കം. ഇങ്ങനെ പ്രകൃതിജന്യങ്ങളായ അത്യാഹിതങ്ങളാണ് ക്ഷാമത്തിനു വഴി തെളിച്ചതു്. ഇതോടൊപ്പം തന്നെ കൊറിയൻ യുദ്ധംമൂലമുണ്ടായ സീമാതീതമായ വിലക്കയറ്റവും ഒരു പ്രധാന പ്രേരകശക്തിയാണ്. ഇങ്ങനെ ഏറക്കുറെ മനുഷ്യന്റെ നിയന്ത്രണത്തിനു അതീതങ്ങളായ അത്യാഹിതങ്ങളും മൂലമുണ്ടായിരിക്കുന്ന ഈ വിപത്തിൽ നിന്നു മാതൃരാജ്യത്തെ വിമോചിപ്പിക്കുവാൻ കക്ഷിഭേദങ്ങളും മറന്നു് രാജ്യസ്നേഹമുള്ള ജനങ്ങളെല്ലാം മുക്തഹസ്തം സഹകരിക്കണമെന്നു് പണ്ഡിറ്റ്ജി അഭ്യർത്ഥിക്കുന്നു. ഈ ദുരവസ്ഥയെ കുറിച്ചു മനസ്സിലാക്കുവാൻ വേണ്ടി പ്രസ്താവനകൾ ചെയ്തതെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

രണ്ടുമാസങ്ങൾക്കുമുമ്പു് ഇൻഡ്യയുടെ ഭക്ഷ്യനില വളരെ പ്രത്യാശാജനകമായിരുന്നു എന്നു് പ്രധാനമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഉല്പാദനം 20 ലക്ഷം ടൺ വർദ്ധിച്ചിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരുന്നു 1951-ൽ നമ്മുടെ പ്രഥമപഞ്ചവത്സരപദ്ധതിയായ ഭക്ഷ്യസ്വയംപര്യാപ്തത സാദ്ധ്യമാക്കിത്തീർക്കാമെന്നു പ്രതീക്ഷിച്ചിരുന്നു. തരിശുഭൂമികളും കൃഷിക്കുപയുക്തമാക്കിയും, കൃഷി കൂടുതൽ ശാസ്ത്രീയമാക്കുന്നതിനുവേണ്ട ഉപദേശങ്ങളും നൽകിയും ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഗവൺമെൻറ് സതതം നടപടികളും കൈക്കൊണ്ടിരുന്നു. ഈയിടെ ഭക്ഷ്യമന്ത്രി ശ്രീ മുൻഷി പാർലമെൻറിൽ ചെയ്ത പ്രസ്താവന സ്മരണീയമാണ്. 1951-ൽ തന്നെ ഭക്ഷ്യസ്വയം പര്യാപ്തത സാദ്ധ്യമാണെന്നു് അദ്ദേഹം പ്രസ്താവിച്ചു. 1951-ൽ 44ലക്ഷം ടൺ ആഹാരസാധനങ്ങളും മാത്രമെ കമ്മികാണുകയുള്ളുവെന്നും, അതുകൂടി ഉല്പാദിപ്പിക്കുന്നതിനുവേണ്ടി ഊർജ്ജിതമായ നടപടികളും കൈക്കൊണ്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഈ വർഷത്തിൽ 15ലക്ഷം ടൺ ആഹാരസാധനങ്ങളും മാത്രമെ ഇറക്കുമതി ചെയ്യുവാൻ ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിലും നിലവിലുള്ള പരിതഃസ്ഥിതികളെ പരിഗണിച്ചു 20ലക്ഷം ടൺ ഇറക്കുമതി ചെയ്യേണ്ടിവരുമെന്നും അദ്ദേഹം വെളിപ്പെടുത്തി. ഈ കണക്കുകൂട്ടലുകളെയെല്ലാം താറുമാറാക്കുന്ന സംഭവവികാസമാണ് കൊറിയൻ യുദ്ധവും, ആസ്സാമിലെ ഭ്രമികുലുക്കവും മൂലമുണ്ടായിരിക്കുന്നതു്.

ഏതായാലും ഈ അടിയന്തിര പരിതഃസ്ഥിതികളെ നേരിടുന്നതിനു് ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ള നടപടികളും എന്തെല്ലാമെന്നു പരിശോധിക്കാം. വില നിയന്ത്രണം, പൂഴ്ത്തിവയ്പിനെയും കള്ളക്കമ്പോളത്തെയും ശിക്ഷാർഹമാക്കിത്തീർക്കുക, ധാന്യശേഖരണം ഊർജ്ജിതപ്പെടുത്തുക മുതലായവയാണ് ഗവൺമെൻറ്

ചടുചടുന്നങ്ങിനെ കേറിംക്കേ,
മലരൊളിമെത്തയിൽ യൌവ്വനംവിങ്ങിയ
മദിരാക്ഷിമാർക്കതു നൽകേ,
ഒരു വെറും പ്ലാവിലക്കഞ്ഞിവെള്ളത്തിനായ്
ചിരുതയിന്നേവരെക്കേണു!
ഇതിനെന്തൊരർത്ഥമാണിതിനെന്തുനീതിയാ—
ണിരുപതുവത്സരംമുമ്പേ
അവളുടെ പൂർവ്വികന്മാരവർ കഷ്കർ
അരുപകൽ തടിപൊടിഞ്ഞുള്ളോർ
വിളയിച്ച വിത്തസമൃദ്ധിയിൽ മത്തരായ്
വിലസുകയാണൊരുക്രൂരർ!
അവിരന്നു ജന്മികൾ, നാടിന്റെ നന്മകൾ
അവരുടെ നാവിലെത്തുമ്പിൽ
അ[illegible]നേട്ടങ്ങളീവിധം ചിരുതകൾ

[illegible]പ്രതിഷ്ഠ—

അബലകളാശ്രയഹീനർ!
അവരുടെ നേട്ടങ്ങളിമ്മിട്ടിലക്രമം
അലയടിച്ചീടുകമാത്രം!
ഇതിനെന്തൊരുത്തരമിതിനെന്തു പോം വഴി?
യിനിയിതു കാണുവാൻവയ്യാം
സഹിയുകയില്ലയീ സർവ്വസംഹാരക—
സ്സമുദായനീതിയെ ഞങ്ങൾം!
അനുവദിച്ചീടുകയില്ലനുവദിച്ചീടുകി—
ല്ലധികാരവാഴ്ചയെ ഞങ്ങൾം!
സിരകളുള്ളാളുകൾം—രക്തമുള്ളാളുകൾം
നിരനിരന്നുണ്ടിതാ ഞങ്ങൾം!!
ചിരുതയെപ്പോലൊരു പെണ്ണിനെക്കാണുവാൻ
ഒരു കണ്ണുയക്കണേ! നിങ്ങൾം!

കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന നടപടികളും. കൊള്ളലാഭക്കാരെയും കള്ളക്കമ്പോളക്കാരെയും ശിക്ഷിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം കഴിഞ്ഞ പാർലമെൻറ നടത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യപ്രശ്നത്തെ ഹ്രസ്വകാലാടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികൾക്ക് എത്രമാത്രം വിജയം പ്രതീക്ഷിക്കാമെന്ന് അധികം ദൂരെ ആരായേണ്ടതില്ല. ഈ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന നടപടികളെല്ലാം ഏറെക്കുറെ ഇപ്പോൾതന്നെ നിയമസംഹിതയിൽ ഉൾപ്പെട്ടവയാണ്. പക്ഷേ അവ ഊർജ്ജിതമായി പ്രവർത്തിക്കുന്നില്ലെന്നേയുള്ളൂ. ഇന്നു ഭരണത്തിലിരിക്കുന്ന കക്ഷിക്കു നിലനിൽക്കണമെന്നുണ്ടെങ്കിൽ ഈ നിബന്ധനകൾ ഊർജ്ജിതപ്പെടുത്തുവാൻ അസാധ്യമായിവരും. എന്തെന്നാൽ ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗങ്ങളാണ് ഇന്നു ഗവൺമെൻറിൻറെ പിന്തുണ അടിത്തൂണാക്കുന്ന തെരഞ്ഞെടുപ്പിലും ഗവൺമെൻറിന് ഈ വിഭാഗത്തിൻറെ പിന്തുണ അത്യന്താപേക്ഷിതമാണ്. ഇൻഡ്യയിലെ വലിയ വ്യവസായ പ്രമുഖന്മാരും വാണിജ്യ നായകന്മാരുമാണ് കരിഞ്ചന്തയുടെയും കൊള്ളലാഭത്തിൻറെയും നടത്തുണ്ടാകുന്നതെന്ന പരമാർത്ഥം ആർക്കും അറിവുള്ളതാണല്ലോ. വ്യവസായ വാണിജ്യ പ്രമുഖന്മാരുടെ "പണിമുടക്കം" "നിസ്സഹകരണവും" ഗവൺമെൻറിനെതിരായി മറിക്കുമെന്നും, അതുകൊണ്ടുണ്ടാവുന്ന പ്രതിസന്ധിയിൽ സോഷ്യലിസ്റ്റ് നെഹ്റുവിൻറെ നേതൃത്വത്തിലുള്ള ഗവൺമെൻറ് എന്തുവേണമെങ്കിലും ചെയ്യുമെന്നും, കോൺഗ്രസ്സ് ഗവൺമെൻറിൻറെ ഇന്നുവരെയുള്ള ചരിത്രം തെളിയിക്കും.

ചുരുക്കത്തിൽ ഗവൺമെൻറിന് ഇന്നു ഒരേ ഒരു മാർഗ്ഗം മാത്രമെയുള്ളൂ; കൂടുതൽ ഇറക്കുമതി അല്ലെങ്കിൽ ഭയങ്കരമായ ക്ഷാമം. അടുത്ത തെരഞ്ഞെടുപ്പുവരാൻ പോവുകയാണ്. പട്ടിണി വിപ്ലവത്തിൻറെ മുന്നണിസേനയാണ്. സ്വന്തം തലയ്ക്കുതന്നെയോർത്തെങ്കിലും, കൊടും പട്ടിണിയിൽ നിന്നു ജനങ്ങളെ കരകയറ്റുവാൻ, ഇവിടത്തെ മുതലാളി ഗവൺമെൻറ നിർബന്ധിതമായിത്തീരും. തന്മൂലം ഒന്നുകിൽ കൂടുതൽ ആഹാരസാധനം ഇറക്കുമതി ചെയ്യുക, ഇല്ലെങ്കിൽ ഭിക്ഷാപാത്രവുമായി അമേരിക്കയെ സമീപിക്കുക ഇങ്ങനെ രണ്ടു മാർഗ്ഗങ്ങളും മാത്രമെ ഇൻഡ്യാഗവൺമെൻറിന് ശേഷിക്കുകയുള്ളൂ.

ആദ്യമായി കൂടുതൽ ഇറക്കുമതി ചെയ്യുന്നതിനെപ്പറ്റി ചിന്തിച്ചുനോക്കാം. നമ്മുടെ പവൻ മിച്ചത്തിൽ ഭീമഭാഗവും ആഹാരസാധനങ്ങളും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനുവേണ്ടി വിനിയോഗപ്പെടുത്തുകയായിരുന്നു എന്നുള്ളതു സുവിദിതമാണല്ലോ. പ്രതികൂലസ്ഥിതികളുടെ നിർബന്ധംമൂലം ഇനിയും ധാരാളം പണം ഭക്ഷ്യധാന്യങ്ങളും ഇറക്കുമതിചെയ്യുന്നതിനുവേണ്ടി വിനിയോഗിക്കേണ്ടിവരും. പക്ഷേ 800-ൽപരം കോടിരൂപാ പവൻ മിച്ചത്തിൽ ഇംഗ്ലണ്ടിൽ നിന്നു നമുക്കു ലഭിക്കുവാനുണ്ടെങ്കിലും, പവൻ മിച്ചം ഉടമ്പടി പുതുക്കി, ആണ്ടുതോറും കൂടുതൽ സംഖ്യ തിരിച്ചുതരുവാൻ മുടക്കിക്കൊണ്ടിരിക്കുന്ന ബ്രിട്ടീഷ് സിംഹം തയ്യാറാകുമെന്നു തോന്നുന്നില്ല. അങ്ങനെയായാൽ, ഇൻഡ്യയുടെ നിലവിലുള്ള ഇറക്കുമതി—ഏറ്റുമതിക്കുവേണ്ടിയുള്ള ഇറക്കുമതിയുടെ പരിധിയ്ക്കുള്ളിൽ ക്ഷ്യസാധനങ്ങളുടെ ഇറക്കുമതിയും ഉൾപ്പെടുത്തേണ്ടിവരും. തന്മൂലം നമ്മുടെസാമ്പത്തികഘടനയിലുണ്ടാകുന്ന പ്രത്യാഘാതം ഊഹിക്കാവുന്നതെയുള്ളൂ. മുതലാളിത്ത വ്യവസ്ഥിതിയിൽ ഒരു രാജ്യത്തിൻറെ സാമ്പത്തിക ഭദ്രത ലോകവിപണിയെ ആശ്രയിച്ചിരിക്കുകയാണല്ലോ. ലോകവിപണിയുമായി ഒരു രാജ്യത്തിനുള്ള ബന്ധം അവിടത്തെ ഏറ്റുമതി ഇറക്കുമതി നിലയെ ആശ്രയിച്ചിരിക്കും ഇൻഡ്യയുടെ ഏറ്റുമതി— ഇറക്കുമതിയെപ്പറ്റിയുള്ള ഒരു പൊതു കണക്കു മുണ്ടിക്കൊണ്ടിക്കാം. ഇൻഡ്യയുടെ വിദേശങ്ങളിലേക്കുള്ള ഏറ്റുമതി 1939—നേക്കാൾ മൂന്നിരട്ടി വർദ്ധിച്ചിട്ടുണ്ട്. അതേ സമയം ഇറക്കുമതി നാലിരട്ടിയാണ് വർദ്ധിച്ചിരിക്കുന്നത്. ചുരുക്കത്തിൽ നമ്മുടെ മുൻസമ്പാദ്യത്തിൽ നിന്നെടുത്താണ് ഇപ്പോൾ ഈ വിടവു നികത്തിക്കൊണ്ടിരിക്കുന്നത്. കൂടുതൽ ഭക്ഷ്യധാന്യങ്ങളും ഇറക്കുമതി ചെയ്യുകയെന്നു പറഞ്ഞാൽ ഈ വിടവു വർദ്ധിക്കും എന്നാണ് അർത്ഥം. അതിലും ഒരു കുഴപ്പമുണ്ട് നമ്മുടെ സമ്പാദ്യം സൂക്ഷിക്കുവാനായി ബ്രിട്ടൺ ഏർപ്പെടുത്തിയിരിക്കുകയാണ്. ബ്രിട്ടൺ തരുന്നുവെങ്കിൽ മാത്രമെ നമുക്കു ചിലവാക്കുവാൻ സാധിക്കുകയുള്ളൂ. ബ്രിട്ടൺപോലും കുഴഞ്ഞു കിടക്കുന്നതുകൊണ്ട് നമുക്കു കടം പിരിഞ്ഞുകിട്ടുവാൻ പ്രയാസമാണ്. അതുകൊണ്ട് ഒരേ ഒരു വഴിമാത്രമേയുള്ളൂ ഇപ്പോൾ ഇറക്കുമതിചെയ്യുന്ന പല സാധനങ്ങളും നിറുത്തിയിട്ട് അരി ഇറക്കുമതി ചെയ്യുക. ഇപ്പോൾതന്നെ കാപ്പൺ ജനറൽ ലൈസൻസ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും വഴി ഏറ്റവും അത്യാവശ്യമായ സാധനങ്ങളും മാത്രമെ ഇറക്കുമതി ചെയ്യുന്നുള്ളൂ. കൃഷിസാധനങ്ങളും, അത്യാവശ്യമായ മറ്റു സാധനങ്ങളും, യാന്ത്രികസാമഗ്രികളും മുതലായവയാണ് ഇറക്കുമതി ചെയ്യുന്നത്. ജലസേചന പദ്ധതികളും വഴി കൂടുതൽ ധാന്യം ഉല്പാദിപ്പിക്കുന്നതിനുള്ള പല പദ്ധതികളുമുണ്ടല്ലോ. ആ പദ്ധതികൾക്കു വേണ്ടിയുള്ള യാന്ത്രികസാമഗ്രികളാണ് കൂടുതലായി ഇറക്കുന്നത്. റെയിൽവെ സംബന്ധിച്ച സാധനങ്ങളും, ഇലക്ട്രിസിറ്റി സംബന്ധിച്ച സാധനങ്ങളും മുതലായവയാണ് ഇറക്കുമതി ചെയ്യുന്നത്. ഇവ നിറുത്തലാക്കിയാൽ നമ്മുടെ വ്യവസായീകരണം അസാധ്യമായിത്തീരും. ഇൻഡ്യ കാർഷിക രാജ്യമായി അവശേഷിക്കേണ്ടിവരും. ഭക്ഷ്യപ്രശ്നം ഒരിക്കലും പരിഹരിക്കുവാൻ സാധിക്കാതെവരും

അഭിനയ രക്ഷസന്മാർ

—എൻ. ശ്രീനാരായണപിള്ള—

ഡയറക്ടർ:—നിങ്ങളാണോ? മി. ഗ്രപ്പൻനായർ അല്ലേ?

ഗ്രപ്പൻനായർ:—അതേ ഞാൻ, ഞാൻ തന്നെയാണു്.

ഡയ:—ശരി. നിങ്ങളുടെ യോഗ്യതകളെ എന്തൊക്കെയാണു, കേൾക്കട്ടേ.

ഗ്രപ്പൻ:—ഞാൻ ഒരു ഉന്നതബിരുദധാരിയും പിന്നെ ചെറപ്പക്കാരനുമാണു്. കണ്ടാലും കൊള്ളാം. വേണമെങ്കിൽ സംഗീതത്തിലും ഒരു കൈ നോക്കാം.

"പുതിയ ഒരു മലയാള ചിത്രത്തിൽ അഭിനയിക്കുന്നതിനു് അഭ്യസ്തവിദ്യരും, ചെറപ്പക്കാരും കണ്ടാൽ കൊള്ളാവുന്നവരുമായ പുതിയ നടന്മാരെ ആവശ്യമുണ്ടു്. നടന്മാരാകാൻ ആഗ്രഹിക്കുന്നവർ അപേക്ഷിക്കുകയോ ഡയറക്ടരെ നേരിൽ സമീപിക്കുകയോ ചെയ്യുക."

ഈ പരസ്യം അനുസരിച്ചു് വന്ന പേന്നിട്ടുള്ള അപേക്ഷകന്മാരുടെ ലിസ്റ്റു് പരിശോധിച്ച ശേഷം ഓരോരുത്തരെയായി ഫീലിം ഡയറക്ടർ തന്റെ സമീപത്തേയ്ക്കു വിളിക്കുന്നു.— ഇനി തുടർന്നു വായിക്കുക:—

ഡയ:—നിങ്ങൾ ഇതിനു മുൻപു് അഭിനയിച്ചിട്ടുണ്ടോ?

ഗ്രപ്പൻ:—ഉണ്ടുണ്ടു്. പലതും. അഭിനയിച്ചിട്ടുണ്ടു്, അഭിനയിക്കുന്നുമുണ്ടു്, മേലാൽ അഭിനയിക്കുകയും ചെയ്യും.

ഡയ:—നിങ്ങൾ സാധാരണ അഭിനയിക്കാറുള്ള പാർട്ടു് ഏതാണു്?

ഗ്രപ്പൻ:—അങ്ങനെ പറയാവയ്യു്. കാരണംഏതു പാർട്ടും എടുക്കുന്നവനാണു ഞാൻ. എന്റെ ശരീരം തനി പവൻ നിറമായതുകൊണ്ടു് സ്ത്രീ പാർട്ടായാലും ശരി, അതുപോലെ യോഗ്യതയുള്ള മാറാ രാജാപാർട്ടായാലും ശരി രണ്ടും ഒന്നുപോലെ എന്നിൽ ഇണങ്ങിച്ചേരും. ഇതു രണ്ടുമല്ലാത്ത

ലരുടെയും ശവക്കഴിയായിട്ടുണ്ടെന്നും, തന്നെ സംബന്ധിച്ചിടത്തോളം അങ്ങനെ സംഭവിക്കുവാൻ പോകുന്നില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. വനമഹോത്സവം മുൻഷിയുടെ ഒരു കണ്ടുപിടിത്തമാണു്. പൂജയും ഹോമവും നിവേദ്യവും കൊണ്ടു് ദേവതകളെ പ്രസാദിപ്പിച്ചു മഴ പെയ്യിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. രാജപ്പട്ടാണയിലെ മരുഭൂമിയിൽ വെള്ളമുള്ള സ്ഥലം കണ്ടുപിടിക്കുവാൻ "പാനി മഹാരാജി"ന്റെ സേവനങ്ങളും ശ്രീ മുൻഷി സമ്പാദിച്ചു. ചുരുക്കത്തിൽ ഒരു പുരാണ പുരുഷന്റെ പുനരവതാരത്തിന്റെ ആർഭാടത്തോടും ബഹളത്തോടുംകൂടി രംഗപ്രവേശം ചെയ്ത മുൻഷി ചിറകൊടിഞ്ഞ പക്ഷിയെപ്പോലെ, നിലപതിച്ചു്, ഇക്കഴിഞ്ഞ കേന്ദ്രഅസംബ്ളിയിൽ തന്റെ പരാജയം സമ്മതിച്ചിരിക്കുന്നു.

ഭക്ഷ്യപ്രശ്നവും ഭൂമിപ്രശ്നവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പറ്റി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. പക്ഷേ ഭൂമിപ്രശ്നം പരിഹരിക്കുന്നതിനു ഇൻഡ്യാഗവൺമെന്റു കൈക്കൊണ്ടിട്ടുള്ള മാർഗ്ഗങ്ങളും തികച്ചും അനഭിലഷണീയങ്ങളാണു്. ഉദാഹരണത്തിനു് ആർഷഭാരതത്തിന്റെ വത്തീക്കാൻ സ്റ്റേറായ ഉത്തരപ്രദേശത്തേക്കു തന്നെ നോക്കാം. അവിടെ ഒരു സെമിന്താരി അപ്പാളീഷൻ ബിൽ പാസ്സാക്കുകയുണ്ടായല്ലൊ. ആ ബിൽ പാസ്സാക്കുന്നതിനു ഗവൺമെന്റിന്റെ ചിലവു് 3 ലക്ഷം രൂപയാണു്. 20, 16,000 സെമിന്ദാരന്മാക്കായി 137 കോടി രൂപ പ്രതിഫലം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടു്. 400 ലക്ഷം ഏക്കർ ഭൂമിയുടെ വിലയാണിതു്. ഈ 137 കോടിരൂപാ സാധാരണക്കാരനെ പിഴിഞ്ഞുണ്ടാക്കിയ രൂപയാണു്. വെറും നികുതി പിരിക്കുവാൻ നിയോഗിക്കപ്പെട്ടവരായ സെമിന്ദാരന്മാർക്കായി ഈ പണം വീതിച്ചുകൊടുക്കുന്നു. കർഷകർക്കു ഭൂമി ഇനാമായി നൽകി, ഈ 137 കോടിരൂപാ ജലസേചനപദ്ധതികൾക്കും ഉല്പാദന വർദ്ധനവിനും വേണ്ടി ചിലവാക്കിയിരുന്നു എങ്കിൽ ഉത്തരപ്രദേശം ഒരു സമ്പൽസമൃദ്ധമായിത്തീരുമായിരുന്നു. കാഷ്മീരിലെ ഷേക് അബ്ദുള്ള പ്രസ്താവിച്ചതു്, ജന്മിയ്ക്കു് നഷ്ടപരിഹാരം നൽകുവാൻ നീർബ്ബന്ധനായ കാഷ്മീർ കർഷകനും ഗവൺമെന്റിനും പണമില്ലെന്നാണു് നഷ്ടപരിഹാരം നൽകാതെയുള്ള അബ്ദുള്ളയുടെ ഭൂവുടമാ പരിഷ്കാരത്തെ പ്രതിബന്ധപ്പെടുത്തുവാൻ നിഷ്ഫലമായ പലയത്നങ്ങളും ഡെൽഹിയിലെ അധികാരി വർഗ്ഗം ചെയ്തുകയുണ്ടായി. നഷ്ടപരിഹാരത്തെപ്പറ്റിയുള്ള അബ്ദുള്ളയുടെ നിലയിൽ തന്മൂലം വ്യത്യാസമുണ്ടായി.

നഷ്ടപരിഹാരം നൽകുകയെന്നുള്ളതു് ഭരണഘടനയിലെ നിയമ സാധുത്വം സമ്പാദിക്കാവുന്ന ഒരു വ്യവസ്ഥയാണു്. അതായതു്, ജന്മിമാർക്കും, മുതലാളിമാർക്കും, ഭാവിച്ച നഷ്ടപരിഹാരം നൽകുകയെന്നതിനെ ഗവൺമെന്റും, ഭരണാധികാരികളും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, കാഷ്മീരിലെ പോലെയുള്ള യുക്തിപൂർവ്വകമായ ഭൂവുടമാ പരിഷ്കാരത്തെ തടയുകയും ചെയ്യുന്നു. കൃഷിഭൂമി കൃഷിചെയ്യുന്നവന്റെ സ്വന്തമാകാത്ത കാലത്തോളം ഉല്പാദനം വർദ്ധിക്കുവാൻ പോകുന്നില്ല. അതുപോലെ ഉല്പാദനം ന്യായമായി വിതരണം ചെയ്യപ്പെടാത്ത കാലത്തോളം ആഹാരപ്രശ്നവും സാമ്പത്തിക പ്രശ്നവും പരിഹൃതമാകുവാൻ പോകുന്നില്ല. ഉത്തരകൊറിയായുടേയും, കമ്മ്യൂണിസ്റ്റു ചൈനയുടേയും മാതൃകയിൽ, വിപ്ലവകരമായ ഭൂവുടമാ പരിഷ്കാരങ്ങളും നടപ്പിലാക്കാത്ത കാലത്തോളം ആഹാരക്ഷാമത്തിലും സാമ്പത്തിക കുഴപ്പത്തിലും നിന്നു് നമുക്കു മുക്തിനേടുവാൻ സാദ്ധ്യമല്ല. ചുരുക്കിപ്പറഞ്ഞാൽ വിപ്ലവാദർശങ്ങളിൽ വിശ്വസിക്കുന്ന ഒരു യഥാർത്ഥ സോഷ്യലിസ്റ്റു ഗവൺമെന്റു ഭരണമേറ്റെടുക്കാതെ, ഇൻഡ്യയിലെ ഭക്ഷ്യപ്രശ്നം പരിഹരിക്കുവാൻ സാദ്ധ്യമല്ല. അഥവാ ഇന്നു നിലവിലുള്ള മുതലാളി ഗവൺമെന്റിനു് ഭക്ഷ്യപ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയില്ല. ഈ ഗവൺമെന്റും, അതോടൊപ്പം ഇന്നത്തെ മുതലാളിത്ത വ്യവസ്ഥിതിയും മാറുകതന്നെവേണം. മാറ്റണം, അതാണു് സോഷ്യലിസത്തിൽ വിശ്വസിക്കുന്ന ഒരോ വ്യക്തിയുടേയും കടമ ഈ ഭക്ഷണപ്രശ്നം ഗൃഷണം ചെയ്യുമ്പോലും നിലവിലുള്ള ഗവൺമെന്റിനെ മാറ്റുന്നതിനും, ഒരു സോഷ്യലിസ്റ്റു ഗവൺമെന്റു സ്ഥാപിക്കുന്നതിനുമുള്ള സമരം സമാരംഭിക്കണമെന്നാണു്. കക്ഷിയും അഭിപ്രായവൃത്യാസവും മറന്നു് എല്ലാ വിഭാഗക്കാരും ഭക്ഷ്യപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ സഹകർിക്കുവാനുള്ള പ്രധാനമന്ത്രിയുടെ ആഹ്വാനം വിപ്ലവകാരികളെ വഴിതെറ്റിക്കുകയില്ല. എന്തെന്നാൽ ഈ ഭക്ഷണപ്രശ്നം ഒറ്റതിരിക്കപ്പെട്ട ഒരു പ്രശ്നമല്ല. നിലവിലുള്ള രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യയാഥാർത്ഥ്യങ്ങളുടെ ഔരസസന്തതിയാണു് ഈ ഭക്ഷ്യപ്രശ്നം. ഈ ഭക്ഷ്യപ്രശ്നം പരിഹരിക്കണമെങ്കിൽ നിലവിലുള്ള രാഷ്ട്രീയ സാമ്പത്തികസാമൂഹ്യ വ്യവസ്ഥിതി മാറണം. ആ വ്യവസ്ഥിതിയെ നിലനിറുത്തുന്ന മുതലാളി ഗവൺമെന്റിനെ മാറണം. ഈ ഗവൺമെന്റു നില നിന്നാൽ ഭക്ഷ്യപ്രശ്നം പരിഹരിക്കപ്പെടുവാൻ പോകുന്നില്ല. തന്മൂലം ഒന്നുകിൽ ഭയങ്കരമായ പട്ടിണിയും, ക്ഷാമവും, മരണവും, ഉരന്തരിതങ്ങളും— അല്ലെങ്കിൽ അമേരിക്കയുടെ അടിമകളായി കുതിക്കോഴികളെപ്പോലെ, പീരങ്കിയുടെ ഭക്ഷണസാധനങ്ങളായി, നാം അധ:പതിക്കേണ്ടിവരും.

——

പക്ഷം മറ്റേതു പാർട്ടും ഞാൻ എടുത്തുകൊള്ളുകയും ചെയ്യും. അതിലൊന്നും എനിക്കു യാതൊരു മടിയുമില്ല. നിങ്ങളുടെ പുതിയ മലയാളചിത്രത്തിൽ ഒന്നു് അഭിനയിച്ചാൽ എന്താ എന്നെ നിക്കൊരു തോന്നൽ. അതിൽ എനിക്കു താല്പര്യവുമില്ലാതില്ല. പക്ഷേ ഒരു കാര്യം എന്നെ സംബന്ധിച്ചിടത്തോളം നിർബ്ബന്ധമാണതാനും. കഥയെന്തെന്നും, പോരാ, എഴുതിയതാരെന്നും അറിഞ്ഞതിനു ശേഷം മാത്രമേ, പാർട്ടെടുക്കണമോ എന്നുപോലും ഞാൻ തീർച്ചപ്പെടുത്തുകയുള്ളൂ. നിശ്ചയം. അതെനിക്കു കൂടിയേ കഴിയൂ. ഞാൻ ഇന്നുവരെ ഒരു നാടകംപോലും എഴുതാത്തതിന്റെ രഹസ്യം തന്നെ അതാണ്.

ഡയ:....ശരി നിങ്ങൾക്കുപോകാം.

ഗ്രപ്പൻ:—ഒന്നുകൂടി എനിക്കു വലിയ നിർബ്ബന്ധമാണ്. "റീഹേഴ്സലി"നു് ഒന്നിനും വരികയുമാധുമല്ല. "സ്റ്റേഡിയോ"വിലും വരികയില്ലാ. അതുകൊണ്ടു് ഒന്നുകിൽ നിങ്ങൾ യൂണിവേർസിറ്റികോളേജിന്റെ പരിസരത്തിൽവെച്ചു് തന്നെ എന്റെ പാർട്ടു മുഴുവൻ ഫിലിം ചെയ്തുകൊള്ളണം. അതല്ലെങ്കിൽ ഞാൻ അഭിനയിക്കാനുള്ളതെല്ലാം വളരെ ഭംഗിയായും ഏറ്റവും തന്മയത്വത്തോടും അഭിനയിച്ചു് പാർസൽ ചെയ്തു് അയച്ചുതന്നു കൊള്ളാം. അതിനെ നിങ്ങൾ "സിംക്രൈനൈസ്" ചെയ്ത ശരിപ്പെടുത്തിക്കൊള്ളുക. അതുമതി. ഈ വ്യവസ്ഥകളിലല്ലെങ്കിൽ ഞാനില്ല.

ഡയ:—ആലോചിച്ചു് വിവരം അറിയിക്കാം

ഗ്രപ്പൻ:—പിന്നെ ഒന്നുകൂടി. ചിത്രത്തിൽ എന്നെക്കൂടി ഉൾപ്പെടുത്തുമെങ്കിൽ ഒന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. അതായതു് ഈ ചിത്രം ഒരു പക്ഷേ ഏതെങ്കിലും തരത്തിൽ ഒരു പരാജയമായിപ്പോയെന്നിരിക്കട്ടേ—അങ്ങനെ വരാതിരിക്കട്ടേ—എങ്കിൽ പോലും നിങ്ങൾ ഭയപ്പെടാനില്ല. ചിത്രത്തിനു മേന്മയുണ്ടെന്നു തെളിച്ചു കാണിക്കത്തക്കവണ്ണം സി.ബാളിക്കു് പ്രസ്താവനയെപ്പറ്റി ഒരു ദീർഘലേഖനം എഴുതി പ്രസിദ്ധം ചെയ്യാം. ഞാൻ ഒരു ലേഖനം എഴുതിയാൽ അതിന്റെ അപ്രമേയമായശക്തിയെപ്പറ്റി വായനക്കാർക്കു മാത്രമേ അറിഞ്ഞുകൂടൂ. പൊതുജനാഭിപ്രായം അതിനു കീഴിൽ അണിനിരക്കും. എനിക്കറിയാം

ഡയ:—ശരി, പോകണം.

ഗ്രപ്പൻ:—ഞാൻ—പൊയ്ക്കോള്ളാം. എന്നാൽ ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ പ്രത്യേകം ഗൗനിച്ചുകൊള്ളണമെന്നു മാത്രം. ഞാൻ.... പൊയ്ക്കോള്ളാം (പോകുന്നു.)

ഡയ:—അടുത്ത ആളെ വരട്ടേ.

(ആനന്ദക്കുട്ടൻ പ്രവേശിക്കുന്നു)

ഡയ:—വരണം. നിങ്ങൾ ആന—ക്കുട്ടൻ നായർ?

ആന:—അല്ല ഞാൻ, അതേ ഞാൻ മിസ്റ്റർ ആനന്ദക്കുട്ടൻ നായർ.

ഡയ:—ഓഹോ; ശരി. നിങ്ങളുടെ യോഗ്യതകളോ?

ആന:—ഒരു സിനിമായിൽ അഭിനയിക്കുന്നതിനുള്ള യോഗ്യതകളൊക്കെ എനിക്കു തികഞ്ഞിട്ടുണ്ട്. കൂടാതെ ഞാനൊരു ബിരുദധാരിയും. മാത്രമല്ല, ഭയങ്കരനായ ഒരു ഫലിത സമ്രാട്ടുമാണ്; ഇതു് എന്റെ മാത്രമല്ല എന്റെ വീട്ടുകാരുടേയും അഭിപ്രായമിതാണ്.

ഡയ:—നിങ്ങൾ വല്ല നാടകങ്ങളും അഭിനയിച്ചിട്ടുണ്ടോ?

ആന:—വല്ല നാടകങ്ങളുമെന്നോ? കഴിഞ്ഞയാണ്ടിലെ "നോട്ടീസുവേണം" നാടകം ഞാൻതന്നെ എഴുതി ഞാൻതന്നെ അഭിനയിച്ചതല്ലേ? അങ്ങനെ എത്രയെത്ര! സ്ത്രീ പാർട്ടാണ് എനിക്കിഷ്ടം പിന്നെ അവിടത്തെ ഇഷ്ടംപോലെ ഏതു തന്നാലും ഞാൻ എടുത്തുകൊള്ളാം. എതെങ്കിലും ഒന്നു വേണമെന്നു മാത്രം. അതുദ്ദേശിച്ചു മാത്രമാണ് ഇതു ബന്ധപ്പെട്ടു് ഇതുടം വന്നതു്.

ഡയ:—ശരി നിങ്ങൾക്കുപോകാം. വിവരം അറിയിക്കാം.

ആന:—സാർ. എന്നെ നിരാശപ്പെടുത്തരുതേ. നമസ്കാരം (പോകുന്നു.)

ഡയ:—അടുത്ത അപേക്ഷകൻ—മി. ടി. എൻ. ഗോപിനാഥൻ നായർ—എവിടെ? എന്താ വന്നിട്ടില്ലേ?

ഗോപി:—ഇണ്ടേഇണ്ടു്. അഭിനയത്തിൽകൂടി പ്രവേശിക്കാമെന്നു വിചാരിച്ചു നിൽക്കുകയാണേ. അഭിനയം വന്നുതുടങ്ങി. ഇനി പ്രവേശിച്ചാൽ മതി. ഞാൻ ഇതാവരുന്നു. (പ്രവേശിക്കുന്നു). "എന്താ സാറേ ഇന്നത്തെ പത്രോസുകത്തിന്റെ കാര്യം കഷ്ടാൽ കഷ്ടതരമല്ലാതെ എന്തു പറയാനാണ്.....എടീ മീനുവേ, നീ ഇന്നു് നമ്മുടെ പാച്ചുപിള്ള ചേട്ടനെ കണ്ടോ? ഹ-ഹ-ഹ-ങേ?-ഹ-ഹ-ഹ.....

ഡയ:—നിത്തു് നിത്തു്. ഇതൊന്നും എനിക്കു കാണണ്ടാ. നിങ്ങൾ ഇപ്പോൾ ഒന്നും അഭിനയിയ്ക്കണ്ട. ആദ്യം ഞാൻ ചോദിക്കുന്നതിനു് ഉത്തരം പറയുക.

ഗോപി:—ഇതാ ചേട്ടാ—അല്ല സാർ—ഇതാ തീർന്നുകഴിഞ്ഞു. ഇനി മീനു പ്രവേശിക്കേണ്ട ഭാഗമാണ്. അപ്പോഴാണ് എന്റെ അഭിനയം അതിന്റെ പരമകാഷ്ഠയിലെത്തുന്നതു്. ഇതാ ചേട്ടാ നോക്കണം. "എടീ മീനുവേ—മീനുവേ—നിന്നെയല്ലേ ഞാനീവിളിക്കുന്നതു്?" (തിരിഞ്ഞു്) ഡയറക്ടർ ചേട്ടൻ അല്ലസാർ, മീനു വന്നതായി ഒന്നു സങ്കല്പിച്ചുകൊള്ളണം..

ഡയ:—ഏയ്! നിങ്ങൾ ഇതൊന്നു നിത്തു. ഞാൻ ചിലതു ചോദിക്കട്ടേ.

ഗോപി:—അയ്യോ! സാർ, മീനു ഇതാ പ്രവേശിച്ചു നിൽക്കുകയാണ്. "എടീ, മീനു നിന്നെ ഞാൻ എപ്പോഴ വിളിയ്ക്കുയാണെടീ? നീ അറിയുന്നുണ്ടോടീ എന്റെ പ്രവർത്തനവൈഷമ്യങ്ങൾ? ഞാൻ ഒരു പത്രാധിപരായതു് എന്റെ കഷ്ടകാലത്തിനാണ്. എങ്കിലും എടീ, മീനു-പിന്നേ—

ഡയ:—നിങ്ങൾ ഒരു കാര്യം ചെയ്യണം. അടുത്ത മുറിയിൽ പോയിനിന്നു് അഭിനയിക്കണം. അതിനിടെ ഞാൻ ഒരാളിനെക്കൂടി വിളിക്കട്ടേ. (ഗോപി പോകുന്നു) അടുത്ത ആളെ മി. എൻ കൃഷ്ണപിള്ള! (കൃഷ്ണപിള്ള പ്രവേശിക്കുന്നു.) വേഗം പറഞ്ഞേയ്ക്കണം. എന്തെല്ലാമാണോ നിങ്ങളുടെ യോഗ്യതകൾ?

കൃഷ്ണപിള്ള—ഞാൻ മറ്റൊന്നുമല്ല. ഒരു നാടകീയ ഇബ്സനാണ്. എന്റെ നാടകപ്രസ്ഥാനംതന്നെ ഇബ്സനിസമാണ്.

ഡയ: അതൊന്നുമല്ല ഞാൻ ചോദിക്കുന്നതു്. നാടകലോകത്തിൽ നിങ്ങൾക്കുള്ള "എക്സ്പീരിയൻസാ"ണ് എനിക്കറിയേണ്ടതു്.

കൃഷ്ണ:—അതുതന്നെയാണ് ഞാനും പറഞ്ഞുവരുന്നതു്. നാടകത്തെപ്പറ്റി പറയാതെ നമ്മാരെപ്പറ്റി എങ്ങനെയാണു സംസാരിക്കുക. നാടകം, നടന്മാർ, നടനം എന്നിങ്ങനെയാണ് അതിന്റെ സാമാന്യഗതിതന്നെ. ആദ്യം നാടകംതന്നെ എടുക്കാം. നാടകം ലഘുവായിരിക്കണം. പ്ലോട്ട് വേണമെന്നില്ല. സംഭാഷണം ഉജ്ജ്വലമായിത്തന്നെ ഇരിക്കണം; എന്നാൽ നീളരുതു്. എങ്ങനെ ഇരിക്കണമെന്നുള്ളതിനു് എന്റെ ഒരു നാടകത്തിലെ ഭാഗം നോക്കുക:—

"ചോദ്യം - ആരാ?

ഉത്തരം....ആരോ.

ചോ:—എന്തു്?

ഉ:—ഏതു്.

ചോ:—ഞാൻ?

ഉ:—അല്ല.

ചോ:—ഓ?

ഉ:—ഉം.

ചോ:—ഠ?

ഉ:—"

ചോ: —

ഉ:—

ചോ:— .

ഉ:—

ഇങ്ങനെ പോണം. ഒടുവിൽ നടന്മാർ നാടകവേദിയിൽനിന്നു മടങ്ങരുതു്. എന്നാൽ സംഭാഷണം ചെയ്യുകയും വേണം. അങ്ങനെ തനിധ്വന്യാത്മകമായി പോകണം എങ്കിലേ നാടകവും അഭിനയവും നന്നാവൂ.

ഡയ:—എന്റെ പ്രിയപ്പെട്ട പങ്കാതി, ഞാൻ പലേ സ്ഥലങ്ങളിലും പോയിട്ടുണ്ട്, നടന്മാരെ കണ്ടിട്ടുണ്ട്. നാടകക്കാരെ കണ്ടിട്ടുണ്ട്. പക്ഷേ നിങ്ങളെപ്പോലെ ഇതു നിർഭയന്മാരായ ഒരുതരം ആളുകളെ എന്റെ ഇരുപതുവർഷത്തെ എക്സ്പീരിയൻസിൽ കണ്ടിട്ടില്ല. ഇങ്ങനെയൊരു ശല്യമുണ്ടോ? നാടകത്തെപ്പറ്റി ചോദിച്ചാൽ നടന്മാരെപ്പറ്റിയാണു സംസാരം. നടന്മാരെപ്പറ്റി ചോദിച്ചാൽ നാടകത്തെപ്പറ്റിയായി. മേലാൽ ഇങ്ങനെ [illegible]രേയും ദ്രോഹി

കഴിഞ്ഞയാഴ്ച

[ശ്രീനി]

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആസ്ട്രോ—അമേരിക്കൻ സാമ്രാജ്യവാദികളെ അഭിമുഖീകരിക്കുന്ന പരമാർത്ഥങ്ങളുടെ സംക്ഷിപ്തമായ ഒരു പട്ടികയാണ് താഴെ കൊടുക്കുന്നത്

"സുശക്തവും, അജയ്യവുമായ സൈനികസന്നാഹങ്ങളാണ് യൂറോപ്പിൽ പാശ്ചാത്യഡെമോക്രസികളെ അഭിമുഖീകരിക്കുന്നത്. കഴിഞ്ഞ മഹായുദ്ധത്തിന്റെ ആത്മീയവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളിൽ നിന്നും ഫ്രാൻസുവിമുക്തമായിത്തുടങ്ങിയിട്ടേയുള്ള. ഉർവ്വരമായ സൈനികച്ചിലവു ചുമന്നുകൊണ്ട് ബ്രിട്ടൺ മഹാപ്രക്ഷുബ്ധതയായി തുടർന്നു പോകുവാൻ പണിപ്പെടുകയാണ്. മദ്ധ്യപൂർവ്വദേശത്താകട്ടെ സ്വയസ്തോട്ടിൽ നിന്നും ബ്രിട്ടനെ തുരത്തുവാൻ പ്രക്ഷോഭണം നടക്കുന്നു.

ഇൻഡ്യൻ ഉപഭ്രഖണ്ഡത്തിൽ പാക്കിസ്ഥാനും, ഇൻഡ്യൻ യൂണിയനുമായി മുക്തിമാഗ്ഗമില്ലാത്ത ഒരു പിണക്കത്തിൽ പിണഞ്ഞു കിടക്കുന്നു. മലയായിലാകട്ടെ ബ്രിട്ടൺ കമ്മ്യൂണിസ്റ്റുകൊള്ളക്കാർക്കെതിരായി സമരം ചെയ്യുവലഞ്ഞു. ഇൻഡോ—ചൈനയിൽ നിന്നും ഫ്രാൻസിനെ തുരത്തുവാൻ കമ്മ്യൂണിസ്റ്റുകാരും ആയുധമെടുത്തു സമരം ചെയ്യുന്നു. ഹാങ്കാങ്ങിന്റെ നിലയും വളരെ പരുങ്ങലിലാണ്. ഫൊർമോസാ മഹായുദ്ധത്തിനുപോലും നിദാനമാക്കുന്ന ഒരു അപകടമേഖലയായിത്തീർന്നിരിക്കുന്നു. ടിബറ്റിലും പേർഷ്യയിലും അടിയന്തിരപരിതഃസ്ഥിതികൾ നിലവിലുണ്ട്""

നിരാശയുടെ നടുവിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സാമ്രാജ്യവാദിയുടെ ശോകസങ്കലമായ ചിത്രീകരണമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അഥവാ പ്രതികാരദേവതയുടെ ഘോരാട്ടഹാസം പ്രതീക്ഷിച്ചു ഭയചകിതനായി കഴിയുന്ന ഒരു ചൂഷകന്റെ ശബ്ദമാണ് ആ വിവരണത്തിൽ മുഴങ്ങിക്കേൾക്കാവുന്നത്. ഏഷ്യയിൽ നിന്നും "വെള്ളക്കാരന്റെ ഭാരം" വലിച്ചെറിയപ്പെടുന്നതു കണ്ട് കിടുകിടാ വിറയ്ക്കുന്ന ഒരു വെള്ളക്കാരന്റെ ശബ്ദമാണ് നമുക്ക് അതിൽ കേൾക്കുവാൻ സാധിക്കുന്നത്. കറുത്തവന്റെ കുടുംബത്തിൽ കയറി സ്വതന്ത്രം സാമ്രാജ്യം സൃഷ്ടിച്ച്, മുഷ്കോടെ വാണരുളുന്ന വെള്ളക്കാരന്റെ ഹൃദയരോദനം ആ പ്രസംഗത്തിൽ വ്യക്തമായി കേൾക്കാം. ഏഷ്യാക്കാരന്റെ രാജ്യത്തു ഏഷ്യാക്കാരനെ കയറാതെ അവനെ കഴുത്തിനു കത്തിപ്പിടിച്ച വെളിക്കു തള്ളുന്ന ഒരു രാജ്യമുണ്ട്; വെള്ളക്കാരൻ തനിക്കു വേണ്ടി പണിഞ്ഞു വച്ചിരിക്കുന്ന ഒരു മോഹനസൗധമുണ്ട്—ആസ്ട്രേലിയാ. ആ ആസ്ട്രേലിയായുടെ പ്രധാനമന്ത്രി മി: മെൻസീസാണ് മുകളിൽ കൊടുത്തിരിക്കുന്ന പ്രത്യവലോകനത്തിന്റെ കർത്താവു്. തലസ്ഥാനമായ ക്യാൻബെറായിൽവച്ചു അദ്ദേഹംചെയ്ത ഒരു പ്രസംഗത്തിലെ ചില ഭാഗങ്ങളാണ് ഉദ്ധരിച്ചിരിക്കുന്നതു്. അദ്ദേഹം ആസ്ട്രേലിയാക്കാരെ ആഹ്വാനം ചെയ്യുന്നു! കൈസറെയും ഹിറ്റ്ലറെയും പോലുള്ള ഒരു ശത്രുവിനെയല്ല നാമിന്നു് അഭിമുഖീകരിക്കുന്നതു്; ചെകുത്താന്റെ സൃഷ്ടികളായ ഭീകരശക്തികളെയാണ് നാം അഭിമുഖീകരിക്കേണ്ടി വന്നിരിക്കുന്നതു്, എന്നാണ്, ചുരുക്കത്തിൽ ഹിറ്റ്ലറും കൈസറും വെളുത്ത തൊലിക്കാരായിരുന്നു. ഇപ്പോൾ നമ്മുടെ ശത്രു കറുത്ത തൊലിക്കാരനാണ്, ഏഷ്യാക്കാരനാണ്, എന്നാണു മെൻസീസിന്റെ ആഹ്വാനത്തിന്റെ സാരം.

ആസ്ട്രേലിയായുടെ ഭീതി

ഏഷ്യാക്കാരനെ തങ്ങളുടെ ശത്രുവായി ആസ്ട്രേലിയാ ഇന്നും ഇന്നലെയുമല്ല കരുതി തുടങ്ങിയതു്. ജപ്പാനെ ഭീതിയോടുകൂടിയല്ലാതെ ആസ്ട്രേലിയാ വീക്ഷിച്ചിട്ടുണ്ടായിരുന്നിട്ടില്ല. ജപ്പാനിലെ സീമാതീതമായ ജനപ്പെരുപ്പത്തിനു് പരിഹാരം ആസ്ട്രേലിയായിലേയ്ക്കുള്ള കുടിയേറ്റമാണെന്നു് ജപ്പാന്റെ ഭരണകർത്താക്കൾ മുമ്പിനാലെതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ടു് തങ്ങളുടെ ഏറ്റവും വലിയ ശത്രുവായി ജപ്പാനെ ഇടക്കാലംവരെ ആസ്ട്രേലിയാ കരുതിവന്നിരുന്നു. ജപ്പാൻകാരെ സൈനികബലമില്ലാത്ത വെറും ഒരു അധിനിവേശിതരാജ്യമായി അവശേഷിപ്പിക്കുന്നതിൽ ആസ്ട്രേലിയായ്ക്കു താല്പര്യമുണ്ട്. ജപ്പാൻകാക്ക് ആയുധം നല്കുവാനുള്ള അമേരിക്കൻ ഗവണ്മെന്റിന്റെ ആലോചനകളെ ആസ്ട്രേലിയാ ഇതുപര്യന്തം

ക്കരുതു്. ടയവായി നിങ്ങൾ ഒന്നു പോകുമോ? (കൃഷ്ണപിള്ള മിണ്ടാതെ സ്ഥലം വിടുന്നു.)

ഡയ:—ഇനി അപേക്ഷകർ ആരുമില്ലെല്ലോ? [ഒരാൾ ഓടി കിതച്ചുകൊണ്ടു പ്രവേശിക്കുന്നു.] ഉം? നിങ്ങൾ?

അയാൾ....ഞാൻ മിസ്റ്റർ ശ്യാമളാലയം. ഇവിടെ സിനോ നടൻസിനെ എടുക്കുന്നുണ്ടെന്നു കേട്ട്, അങ്ങിനെ വന്നതാണ്.

ഡയ:—നിങ്ങളെ ഞാൻ ക്ഷണിച്ചിട്ടില്ലെല്ലോ.

ശ്യാമ:—After all അങ്ങനെ വേണമെന്നില്ല. But ഞാനൊരു നല്ല റേഡിയോനടനും അതിനേക്കാൾ നല്ലൊരു സംഗീതനടനുമാണ്. On this light എന്റെ സേവനം നിങ്ങൾക്ക് ആവശ്യമാണെങ്കിൽ—നടന്മാരൊക്കെ ആയിപ്പോയെങ്കിൽ, രംഗസംവിധാന ഡയറക്ഷനു് ഒരു ചാൻസു തന്നാൽ, I think that will Suffice my അഭിലാഷം. Just a song please listen—(പാടുന്നു.)

ഡയ:—[illegible] റെല്ലാരേയുംകാൾ ടയ

[illegible] പ്രതിഫ്

കയറുകയാണെന്നു തോന്നുന്നെല്ലോ. ടയവായി പാട്ടൊന്നു നിറുത്തണം.

ശ്യാമ:—Then I will Dance—(ഭരതനാട്യത്തിന്റെ ഒന്നു രണ്ടു ചുവടുകൾവെയ്ക്കുന്നു.)

ഡയ:—ടയവായി നിങ്ങൾ എല്ലാപേരും എന്നെ ഒന്നു വീട്ടയക്കണം.

ശ്യാമ:—Of course, you can go. ഞാൻ നിങ്ങളെ വന്നു കണ്ടുകൊള്ളാം. നമസ്തേ—Sorry good bye! (പോകുന്നു)

ഡയ:—(പൂണിനോട്) എന്താ അവിടെ ബഹളം കേൾക്കുന്നതു്?

[ഗ്രഹൻ, ഗോപി, ആനന്ദക്കുട്ടൻ, കൃഷ്ണപിള്ള, ശ്യാമു; എന്നിവർ ഒന്നിച്ചു പ്രവേശിക്കുന്നു.]

ഡയ:—നിങ്ങളൊക്കെ എന്തിനു നിൽക്കുന്നു? പോകുവിൻ.

ഗോപി:—ഇല്ല. അങ്ങയുടെ മരപടിക്കുടി അറിഞ്ഞിട്ടു് പോയാൽ മതിയെന്നു കരുതി ഞാൻ അവരെയൊക്കെ തടഞ്ഞുനിറുത്തിയിരിക്കുകയാണ്.ഞങ്ങളെ സംബന്ധിച്ചു് അങ്ങയുടെ തീരുമാനമെന്തെന്നറിഞ്ഞാൽ കൊള്ളാം.

ഡയ:—നിർബന്ധമാണെങ്കിൽ പറഞ്ഞേയ്ക്കാം. നിങ്ങളൊക്കെ സാമാന്യം ഭേദപ്പെട്ട ചെറുപ്പക്കാരെന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. ഏതായാലും ഈ നിലയ്ക്കു നിങ്ങൾ പെരുമാറുമെന്നു് ഞാൻ പ്രതീക്ഷിച്ചില്ല. എന്റെ നടന്മാരേ, നിങ്ങൾ ഇത്ര നിർദ്ദയന്മാരായിപ്പോയെല്ലോ! ഞാൻ എന്തു് അപരാധമാണ് നിങ്ങളോടു ചെയ്തതു്. എന്നെ ഇങ്ങനെ ഇട്ടു വെള്ളം കുടിപ്പിക്കാൻ? ഏതായാലും ഞാൻ ഇനി ഈ നാട്ടിലേയ്ക്കില്ല.

[ബാഗും മറ്റും എടുത്തുകൊണ്ടുപോകുന്നു]

ശ്യാമ:—(അനുധാവനം ചെയ്തുകൊണ്ടു്) Sir, Just a drop—(നില്ക്കുണമെന്ന അർത്ഥത്തിൽ.)

ഡയ:—ഇനി ഇങ്ങനെ ആക്ഷേപിക്കരുതെന്നാണോ? (പോകുന്നു)

[മറ്റുള്ളവർ പരസ്പരം നോക്കിനില്ക്കുന്നു.]

---

* ക്ഷമാപണസഹിതം

പ്രതിബന്ധപ്പെട്ടത്തിക്കൊണ്ടതന്നെയിരുന്നു. മക്കാർതർ ജപ്പാന്റെ നട്ടെല്ലൊടിച്ച മട്ടുകത്തിപ്പിച്ചപ്പോൾ ആസ്ത്രേലിയായ്ക്കു് ഏറക്കുറെ ആശ്വാസമായി.

അപ്രതീക്ഷിതമായ സംഭവവികാസങ്ങൾ

പക്ഷേ ജപ്പാൻ അമേരിക്കൻ സ്വേച്ഛാധിപത്യത്തിനു് അടിയറപണിഞ്ഞുവെങ്കിലും, ഏഷ്യാഭൂഖണ്ഡം വെള്ളക്കാരനു് ഭയാശങ്കകളൊഴിഞ്ഞ ഒരു മൃഗയാവിനോദസങ്കേതമായിത്തീർന്നില്ല. ഏഷ്യ ഉണരുന്നെഴുന്നേറ്റു. ആ ഉയർത്തെഴുന്നേൽപ്പു ചൈനയിലാണു് രൂപം കൈക്കൊണ്ടതു്. അമേരിക്കയുടെ പാവയായ ചിയാങ്ങ് ഗവൺമെൻറിനെ തവിടുപൊടിയാക്കിക്കൊണ്ടു് കമ്മ്യൂണിസ്റ്റുകൾ ചൈനയിൽ ഭരണം സ്ഥാപിച്ചു. ഉയർത്തെഴുന്നേറ്റ ഏഷ്യയുടെ വിപ്ലവകാഹളം മുഴക്കിക്കൊണ്ടു മാവോസേ തുംഗ് രംഗപ്രവേശം ചെയ്തു. ആസ്ത്രേലിയാ അമ്പരന്നു. വെള്ളക്കാരൻ ഭയന്നു. കറുത്തവന്റെ നടുവിലുള്ള സായിപ്പിന്റെ സാമ്രാജ്യം വീണ്ടും അപകടമേഖലയിൽ പെട്ടു.

ആസ്ത്രേലിയായുടെ അടിമത്തം

ആസ്ത്രേലിയായിലും ന്യൂസിലണ്ടിലും ലേബർ ഗവൺമെൻറുകൾ പരാജയപ്പെട്ടതിനു് ഒരുകാരണം ഇതാണു്. ഏഷ്യക്കാരെ ആസ്ത്രേലിയായിൽ നിന്നു് അകറ്റി നിറുത്തുകയും, അമേരിക്കയുമായി സഹകരിച്ചു് സൈനിക സുരക്ഷിതത്വം സമ്പാദിക്കുകയും ചെയ്യാൻ തയ്യാറുള്ള ഒരു യാഥാസ്ഥിതിക ഗവൺമെൻറ് ജനങ്ങൾക്കു് ആവശ്യമായിത്തീർന്നതുകൊണ്ടാണു് ചിഫ്‌ലിയുടെ തൊഴിലാളിഗവൺമെൻറിനെ പരാജയപ്പെടുത്തുവാൻ മെൻസീസിന്റെ യാഥാസ്ഥിതികകക്ഷിയ്ക്കു് സാധിച്ചതു്. മെൻസീസിന്റെ ഭരണം ആസ്ത്രേലിയായെ അമേരിക്കയുടെ തുച്ഛവേടികളിൽ കാഴ്ചവച്ചു കഴിഞ്ഞിരിക്കുന്നു. അഥവാ പസഫിക്ക് തങ്ങൾക്കു് സുരക്ഷിതമാക്കുവാനുള്ള അമേരിക്കയുടെ സൈനിക സംരംഭങ്ങളിൽ ആസ്ത്രേലിയാ ഒരു പങ്കാളിയായിത്തീർന്നിരിക്കുന്നു. കമ്മ്യൂണിസത്തിൽ നിന്നു് അഥവാ ഏഷ്യക്കാരന്റെ പാശ്ചാത്യവിരുദ്ധമനോഭാവത്തിൽ നിന്നു് അമേരിക്കയുടെ ശാന്തസമുദ്ര സാമ്രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടിയാണു് അമേരിക്ക കൊറിയയിൽ യുദ്ധമാരംഭിച്ചതു്. ആ കൊറിയൻ യുദ്ധത്തിൽ ആസ്ത്രേലിയാ ഹൃദയപൂർവ്വകമായി സഹകരിക്കുകയാണു്. എന്തെന്നാൽ ആസ്ത്രേലിയയ്ക്കറിയാം, കൊറിയായിൽ അമേരിക്കയുടെ പരാജയം ആസ്ത്രേലിയായിലെ വെള്ളസാമ്രാജ്യത്ത അപകടത്തിലാക്കുമെന്നു്. കഴിഞ്ഞ യുദ്ധകാലത്തുതന്നെ ആസ്ത്രേലിയാ അമേരിക്കയുടെ അധികാരമേഖലയിൽ പെട്ടു കഴിഞ്ഞിരുന്നു. കൊറിയൻ യുദ്ധത്തോടുകൂടി ആസ്ത്രേലിയാ അമേരിക്കയുടെ വെറും ഒരു കാളണിയായിത്തീരാതിരിക്കുകയില്ല. ബ്രിട്ടന്റെ നേതൃത്വത്തിൽ നിന്നും അമേരിക്കൻ ഡാളറിന്റെ പിടിയിലേക്കുള്ള ആസ്ത്രേലിയായുടെ ഈ വഴുതിയിറക്കം, ബ്രിട്ടൺ ഹൃദയവേദനയോടെയാണു് വീക്ഷിക്കുന്നതെങ്കിലും, ഏഷ്യാക്കാർക്കെതിരായി വെള്ളക്കാർ ശാന്തസമുദ്രത്തിൽ നടത്തുന്ന നിർണ്ണായകമായ ഈ സമരത്തിൽ കുടുംബകലഹങ്ങൾ പ്രതിബന്ധകാരികളാകുവാൻ പാടില്ലല്ലോ.

ചില പരമാർത്ഥങ്ങൾ

ഇൻഡ്യാ, ചൈനാ, ജപ്പാൻ തുടങ്ങിയ ഏഷ്യയിലെ രാജ്യങ്ങളിൽ ജനപ്പെരുപ്പം ആപല്ക്കരമായ ഒരു നിലയിലെത്തിയിട്ടുണ്ടു്. പട്ടിണിയും പകർച്ചവ്യാധിയും കോടിക്കണക്കിനു കറുത്ത തൊലിക്കാരെ തിന്നൊടുക്കുന്നുണ്ടെങ്കിലും, ഏഷ്യാക്കാരൻ ജനസംഖ്യയിൽ ഒന്നാം സ്ഥാനം നിലനിറുത്തിപ്പോരുന്നു. അന്തഃച്ഛിദ്രവും യുദ്ധവും ഈ ജനസംഖ്യാപ്രശ്നത്തിനു് പരിഹാരമുണ്ടാക്കുവാൻ കെൽപുള്ള നശീകരണശക്തികളല്ല. ഏഷ്യയിലെ രാജ്യങ്ങളിൽ പട്ടിണിയൊഴിക്കുന്നതിനും, ജീവിതത്തോതു വർദ്ധിപ്പിക്കുന്നതിനും ഒരുമാർഗ്ഗം മാത്രമെയുള്ളു. അധികമുള്ള ജനങ്ങളെ വിദേശങ്ങളിൽ കുടിയേറിപ്പാർക്കുവാൻ അനുവദിക്കുക. ഉഷ്ണമേഖലയിൽ ജനിച്ചുവളരുന്ന ഒക്ഷീണ പൂർവ്വേഷ്യാക്കാർക്കു് ശൈത്യപ്രദേശങ്ങളിൽ കുടിയേറിപ്പാർക്കുക സാദ്ധ്യമല്ല എന്ന വിധത്തിൽ നോക്കിയാലും ഏഷ്യയിലെ ജനങ്ങളെ കുടിയേറിപ്പാർക്കുവാൻ പറ്റിയ സ്ഥലം ആസ്ത്രേലിയായാണു്. പക്ഷെ ആസ്ത്രേലിയാ അടക്കിഭരിക്കുന്ന വെള്ളക്കാരൻ ചുണ്ടുപലകയും പിടിച്ചു നിലകൊള്ളുകയാണു്! "കറുത്ത തൊലിക്കാക്ക് പ്രവേശനമില്ല."


ഈ വിലക്കു് ഒരുവിധത്തിലും ന്യായീകരിക്കത്തക്കതല്ല. കോടിക്കണക്കിനു് ജനങ്ങളെ കുടിയേറിപ്പാർക്കുന്നതിനുള്ള സ്ഥലവും വിഭവങ്ങളും ആസ്ത്രേലിയായിലുണ്ടു്. അവിടത്തെ ആകെ വിസ്തീർണ്ണം 2,974,581 ചതുരശ്ര മൈലാണു്. കിഴക്കു പടിഞ്ഞാറു കൂടിയ നീളം ഏകദേശം 2400 മൈലും, തെക്കുവടക്കു് ഏറ്റവും കൂടിയ അളവു് ഏകദേശം 1950 മൈലും ആണു്. ചുരുക്കത്തിൽ ഇൻഡ്യയുടെ അഞ്ചിരട്ടി വലിപ്പമുള്ള ഒരു ഭൂഖണ്ഡം. അവിടത്തെ ജനസംഖ്യയോ 74,49,000 മാത്രം. അതായതു് ചതുരശ്രമൈലിനു് രണ്ടുപേർ മാത്രമാണു് അധിവസിക്കുന്നതു്. ആസ്ത്രേലിയായുടെ പകുതി വിസ്തീർണ്ണമുള്ള ഇൻഡ്യാഭൂഖണ്ഡത്തിൽ 40—ൽ പരം കോടിജനങ്ങൾ അധിവസിക്കുമ്പോൾ ആസ്ത്രേലിയായിൽ വെറും 75 ലക്ഷം മാത്രമാണു് അധിവസിക്കുന്നതു് ഇൻഡ്യയിലും, ചൈനയിലും, ഏഷ്യയിലെങ്ങും കൃഷിഭൂമിയും, കുടിലുകെട്ടുവാൻ സ്ഥലവും ഇല്ലാതെ ജനങ്ങൾ കഷ്ടപ്പെടുമ്പോൾ, ആസ്ത്രേലിയായിൽ ചതുരശ്രമൈലൊന്നിനു് 2 പേർ മാത്രമാണു് പാർക്കുന്നതു്. ഇതു അനുവദിക്കുവാൻ പാടുള്ളതാണോ?

ഏഷ്യാക്കാരന്റെ ഏഷ്യായിൽപ്പെട്ട ആസ്ത്രേലിയായിൽ ഇവ്വിധത്തിലുള്ള വിവേചനം ഒരുകാലത്തും അനുവദിക്കാവുന്നതല്ല. ഇന്നല്ലെങ്കിൽ നാളെ ആസ്ത്രേലിയാ ഏഷ്യയിലെ നിഷ്ക്രമലക്ഷണങ്ങളെ സ്വാഗതം ചെയ്യുകതന്നെ വേണം അനിവാര്യമായ ആ സംഭവവികാസത്തെപ്പറ്റിയുള്ള പേക്കിനാവു കണ്ടാണു് ആസ്ത്രേലിയൻ പ്രധാനമന്ത്രിയായ മെൻസീസ് ഈയിടെ ഭ്രഷ്ടഭീഷണം വച്ചതു്. ആംഗ്ലോ അമേരിക്കൻ സാമ്രാജ്യത്തിന്റെ പുണ്യക്ഷേത്രങ്ങളെല്ലാം സന്ദർശിച്ച ശേഷം അദ്ദേഹം ടോക്കിയോയിലെത്തി ജനറൽ മക്കാർതറുമായി വേണ്ട ആലോചനകളും നടത്തിയശേഷം ആസ്ത്രേലിയായിൽ തിരിച്ചെത്തിയിരിക്കുന്നു.

ആസ്ത്രേലിയായുടെ ഭാവി

ആസ്ത്രേലിയായുടെ ഭാവി എന്തായിരിക്കും? ഏഷ്യയിൽ ആംഗ്ലോ—അമേരിക്കർ നടത്തുന്ന ഇപ്പകിടകളി പരിപൂർണ്ണമായ പരാജയത്തിൽ കലാശിച്ചു്, വെള്ളക്കാരൻ ഏഷ്യയിൽ നിന്നു കെട്ടുകെട്ടുവാൻ നിർബന്ധിതനാകുന്ന കാലം വിദൂരത്തിലല്ല. അപ്പോൾ ആസ്ത്രേലിയായുടെ ഗതിയെന്തായിരിക്കും? വെള്ളക്കാർ അവിടംവിട്ടു പലായനം ചെയ്യുമോ? ഏഷ്യാക്കാരുടെ ഒരു വിമോചന സേന ആസ്ത്രേലിയാ കീഴടക്കി വെള്ളക്കാരെ കൊന്നൊടുക്കുമോ? ഭാവിയെപ്പറ്റിയുള്ള ദീർഘദർശനങ്ങൾ പച്ചപ്പോഴും—തെറ്റിപ്പോകാനിടയുണ്ടു്. എങ്കിലും ആസ്ത്രേലിയായുടെ ഭാവി അവിടത്തെ ജനങ്ങളുടെ മനോഭാവത്തിലുണ്ടാകുന്ന മാറ്റത്തെ ആശ്രയിച്ചു തന്നെയിരിക്കും. മനുഷ്യരെയെല്ലാം കറുത്തപോലെ കറുത്ത, വിവേചനമനോഭാവത്തെ നിഷ്കാസനം ചെയ്തു്, ഏഷ്യാക്കാരെ മുക്തഹസ്തം സ്വാഗതം ചെയ്യുവാൻ തയ്യാറുള്ള ഒരു ഗവൺമെൻറിനു മാത്രമേ ആസ്ത്രേലിയായുടെ ഭാവി സുരക്ഷിതമാക്കുവാൻ സാധിക്കുകയുള്ളു. ചുരുക്കിപ്പറഞ്ഞാൽ, സമതലത്തിലും സാഹോദര്യത്തിലും സമഭാവനയിലും വിശ്വസിക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനു മാത്രമേ ആസ്ത്രേലിയായിലെ വെള്ളക്കാരെ ഉണർന്നെഴുന്നേറ്റ ഏഷ്യാക്കാരന്റെ പാശ്ചാത്യവിരുദ്ധമനോഭാവത്തിന്റെ ബഡവാഗ്നിയിൽനിന്നു രക്ഷിക്കുവാൻ കഴുത്തുണ്ടാവുകയുള്ളു.

ഏതായാലും, യുദ്ധത്തിനായാലും, സമാധാനത്തിനായാലും ശാന്തസമുദ്രത്തിന്റെ ചിത്രത്തിൽ ആസ്ത്രേലിയായ്ക്കു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടായിരിക്കും. ആസ്ത്രേലിയ അനേകായിരം മൈൽ അകലെ കിടക്കുന്ന ഒരു ഭൂഖണ്ഡമാണെന്നു് വിചാരിച്ചു നാം അവഗണിക്കുവാൻ പാടില്ല. ഇൻഡ്യയുടെ മാത്രമല്ല, ഏഷ്യയുടെ ഭാവിപോലും ഒരു വിധത്തിൽ ആസ്ത്രേലിയായെ ആശ്രയിച്ചിരിക്കുന്നു.



പട്ടത്തിന്റെ ഉയർത്തെഴുന്നേൽപ്പ്

രാജമാന്യ രാജശ്രീ പട്ടം താണുപിള്ള അവർകളുടെ മഹനീയമായ നേതൃത്വത്തിൽ തിരുവിതാംകൂർ ഭരണം പഴമയ്ക്കും പ്രതാപത്തിനും ഇമ്മിയ്ക്കുപോലും നീക്കുപോക്കുകൂടാതെ, കിന്നരിത്തലപ്പാവും പട്ടുമെത്തയും വെൽവറ പാപ്പാസും, സുശീനാഗാർഡും, പട്ടാളത്തിന്റെ മാർച്ചുപാസ്റ്റും, പൊലീസു പരേഡും മറ്റും മറ്റുമായി, രാജാകേശവദാസനും വേലുത്തമ്പി ദളവയും നാണുപിള്ള ദിവാൻജിയും എന്നിങ്ങനെ മുറമുറയായി, 'പൊന്നുതമ്പുരാന്റെ ഉപ്പും ചോറുതിന്ന പൊന്നുടയതിന്റെ ''ഉഹൈമാന്യം'' കാത്തുസൂക്ഷിച്ച കൂറുകാട്ടി കൊടികുത്തി വാണിരുന്ന പട്ടത്തിനും കൂട്ടത്തിനും ഒത്തിണങ്ങി നടന്നുവരവെ, പിള്ളമാരുടെ വംശപാരമ്പര്യത്തിന്റെ കണികപോലും ഏശിയിട്ടില്ലാത്ത വടക്കൻ നായർ മേനോക്കിയച്ചൻ പറവൂർക്കാരൻ ടി. കെ. നാരായണപിള്ള മാപ്പിളപ്പടയും ചോവപ്പടയും കൂട്ടി ഗുരുമാർഗ്ഗത്തിൽ കൂടി തെക്കൻ നായരുടെ നടുനായകക്കല്ലായ രാജശ്രീ പട്ടം താണുപിള്ളയെ കുതികാൽവെട്ടി മറിച്ചുകൊണ്ട് ഇത്തിരുവനന്തപുരത്തു വാഴ്ച്ചയും ആരംഭിച്ചപ്പോൾ, നെയ്യാറിൻകര മണ്ണിൽകുരുത്ത നായർ കലാപതപസ്സുകൾ അരിശം പൊടിച്ച് വീരാളിപ്പട്ടുടുത്ത വാളും പരിചയുമായി പടകാളി മുറത്തു ചാടിവീണ ചണ്ഡികയുടെയും പാമുണ്ഡശ്വരിയുടേയും കള്ളിയങ്കാട്ട നീലിയുടെയും തിരുനാമങ്ങളിൽ ഉഗ്രശപഥങ്ങൾ കൊണ്ടു ആകാശവും ഭൂമിയും കിടുകിടാ വിറപ്പിച്ച അങ്കക്കലിതുള്ളുകയും' ഇടനെഞ്ഞൊട്ടി ആലിലപോലെ വിറയ്ക്കുകയും അലറുകയും, ചുരിക ചുഴറി പകയവരുടെ തലയ്ക്കു കരിഞ്ചെമ്പിൻതണ്ടുപോലെ അരിഞ്ഞു തള്ളുവാൻ തയ്യാറെടുക്കുകയും ചെയ്ത കാലത്തിന്റെ ഭീമശക്തിയിൽ ആ അങ്കക്കലി പുറമെ ആറിത്തണുത്തെങ്കിലും, ഉള്ളിൽ തങ്ങിയ പെങ്കനൽക്കട്ട [illegible] കുമിഞ്ഞുപുകഞ്ഞുകൊണ്ടുതന്നെ കിടന്നതേയുള്ളു. അങ്ങനെയിരിക്കവെയാണ് മൺമറഞ്ഞകാരണോന്മാരുടെ കൃപാതിരേകം കൊണ്ട് നെയ്യാറിൻകര മൂന്നാം നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പുണ്ടായതു്. അതിനിടയ്ക്കു വടക്കൻനായരായ ടി. കെ. നാരായണപിള്ള പിള്ളമാരുടെ കുടുംബക്കാരുമായി വേഴ്ചയുണ്ടാക്കാൻ പാടുപെട്ട പരിശ്രമിച്ചെങ്കിലും, മന്ത്രിക്കസേരകൊടുത്തു് നാണുപിള്ള ദിവാൻജിയമ്മാവന്റെ വീരകുലത്തിനു കളങ്കം ചേർക്കുവാൻ മുടിവിനാശക്കാരനായി വന്നുപിറന്ന കെ. ആർ. ഇലങ്കത്തിനെ പാട്ടിലാക്കാനും, ചിറയ്ക്കൽ അമ്മവീട്ടമായി മച്ചമ്പിത്തം അഭിനയിക്കാനും സാധിച്ചെങ്കിലും, ''മാത്താണ്ഡാലയ രാമനാമം കുളത്തുരും കഴക്കൂട്ടവും വെങ്ങാനൂരഥ ചെമ്പഴന്തി കടമൺ പള്ളിച്ചലെന്നിങ്ങനെ'' പോകുന്ന സാക്ഷാൽ അഷ്ടഗ്രഹങ്ങളുടെ പറച്ച മുറയ്ക്കു കാലൂന്നുവാൻപോലും സാധിച്ചില്ല.

രാത്രിയുദ്ധവും ഘടോൽകച വധവും

ഠസിഡൻസി ബംഗ്ലാവെന്ന മണിഗോപുരത്തിന്റെ ശൃംഗപരമ്പരകളിൽ രാജസപ്രൗഢിയോടെ കഴിഞ്ഞുവന്ന പട്ടംതാണുപിള്ളയെ ഈ ശിഖണ്ഡിവർഗ്ഗം ചതിവിൽ പത്മവ്യൂഹത്തിൽ പെടുത്തിയെങ്കിലും, ആ രാത്രിയുദ്ധത്തിൽ മുസലായുധന്മാരായ ചില ഘടോൽക്കചന്മാർ ചത്തുതുലഞ്ഞുവെന്നല്ലാതെ അഭിമന്യുപ്രഭാവനായ താണുപിള്ളയ്ക്കു അപായമൊന്നും സംഭവിച്ചില്ലെന്നു തന്നെയല്ല, പത്മവ്യൂഹമാക്കിച്ചെയ്ത ഠസിഡൻസി ബംഗ്ലാവിൽ ചിന്നെ മറെറാരു മന്ത്രിയ്ക്കു കാലൂന്നുവാൻപോലും ഇന്നുവരെ ധൈര്യം വന്നിട്ടുമില്ല. രാജശ്രീ പട്ടം താണുപിള്ളയുടെ പാദപാംസുക്കൾകൊണ്ടു പരിപൂതമാക്കിച്ചെയ്ത ആ മാളികയിൽ ഇനിയൊരുത്തൻ കാലൂന്നുകയോ! അതു നടക്കാത്ത കാര്യമാണ്.

പട്ടം താണുപിള്ള കീജേ!

അങ്ങിനെയിരിക്കുമ്പോഴാണ് നെയ്യാറിൻകര ഉപതെരഞ്ഞെടുപ്പു വന്നതു്. വടക്കൻനായരും തെക്കൻ നായരും കൂടി നടത്തിയ ആ ഏറാമൂട്ടലിൽ ടി കെ. നാരായണപിള്ള, സി. നാരായണപിള്ള, പാണ്ഡവത്തു ശങ്കരപ്പിള്ള, കമ്പളത്തു ശങ്കുപ്പിള്ള തുടങ്ങിയ വടക്കൻ പരിഷകൾ പുറം തിരിഞ്ഞോടേണ്ടിവന്നു. നായരുടെ മണ്ണിൽ നാടാനെവാഴിക്കാനുള്ള ഒരു പഞ്ചതന്ത്രവും ഇടയ്ക്കു പ്രയോഗിച്ചു നോക്കിയെങ്കിലും, ദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നാട്ടിൽ ദേശീകർ നേശമണിയ്ക്കു സ്ഥാനമില്ലെന്നു നെയ്യാറിൻകരയിലെ തെരഞ്ഞെടുപ്പു തെളിയിച്ചു. പക്ഷേ, ഈ ആയോധനത്തിൽ താണുപിള്ളയ്ക്കൊരു ജാള്യം സംഭവിച്ചു. ഐ. എസ്. പി. യുടെ പെങ്കൊടി അങ്കക്കലി തുള്ളുന്ന നായരുടെ വീരാളിപ്പട്ടാണെന്നു സങ്കല്പിക്കാം. രാജശ്രീ പട്ടം താണുപിള്ള സഖാവു് പട്ടമാകുകയെന്നുള്ളതിനേക്കാൾ മരണമാണ് കാമ്യം. ഈ ഏടാകൂടത്തിൽ ചാടിയതു അബദ്ധംതന്നെ. ഡെർബി കുതിരപ്പന്തയത്തിൽ ഓടിക്കുന്ന കഴുതയെപ്പോലെയാണ് ഈ തെരഞ്ഞെടുപ്പിൽ ഐ. എസ്. പി. യെ ഇറക്കിയിരിക്കുന്നതെന്നു് ദേശബന്ധു പറഞ്ഞതു് എത്ര പരമാർത്ഥമാണ്. ''പട്ടം താണുപിള്ള കീജേ!'' എന്ന ആർത്തുവിളിയ്ക്കുണ്ടിടത്തു് ഇങ്കിലാബ് സിന്താബാദ് വിളിക്കുകയോ!

കാറ്റു മാറിവീശുന്നു

നെയ്യാറിൻകര തെരഞ്ഞെടുപ്പിൽ തോറ്റതോടുകൂടി കാറ്റുമാറി വീശിത്തുടങ്ങി. ടി. കെ. മന്ത്രിസഭ രാജിവയ്ക്കണമെന്നു നാട്ടിൽ വിളിപൊങ്ങി. കാൺഗ്രസ്സിൽതന്നെ പിളർപ്പുണ്ടായി. തിരുവിതാംകൂർ ഡി. സി. സി. എന്നും കൊച്ചി ഡി. സി. സി. എന്നും ഉള്ളസംഘടനകൾ ഇല്ലാതായി. സി. കേശവനെയും ഇക്കണ്ടവാര്യരേയും അടുത്തുണ്ടുകൊടുത്തു പറഞ്ഞയച്ചു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഔതികാവശിഷ്ടങ്ങൾ ഉദ്ധരിച്ച കമ്പളത്തു ശങ്കുപ്പിള്ളയെ കേരള രാഷ്ട്രപതിയാക്കി. അങ്ങിനെ പ്രകാരാന്തരേണ നെയ്യാറിൻകരയുടെ വീര്യംതന്നെ കേരളം പിടിച്ചടക്കി. തമിഴ്നാട്ടു രാഷ്ട്രപതിയായി കാമരാജനാടാർ എന്ന ഹിന്ദു അഭിഷിക്തനായി. ഇന്ത്യൻ രാഷ്ട്രപതിയായി ഹിന്ദുമഹാസഭാക്കാരനായ സാക്ഷാൽ പുരുഷോത്തമദാസ് താണ്ഡൻ അവരോധിതനുമായി.

സ്വയമ്പായ കാൺഗ്രസ്സ്

അങ്ങനെ കാൺഗ്രസ്സു സ്വയമ്പായിത്തീർന്നപ്പോൾ മനം ശങ്കർമാർ കാൺഗ്രസ്സിൽ തിരിച്ചുവന്നു. പട്ടം താണുപിള്ളയും കൂട്ടരും ''കഴുതക്കൂട്ട''ത്തിൽ നിന്നും മടങ്ങിപ്പോന്നു. ടി. കെ. മന്ത്രിസഭയെന്ന ക്രിസ്ത്യൻ ഉപജാപകസംഘം രാജീവച്ചുകൊള്ളുവാൻ ദില്ലിയിൽനിന്നും അരു

പ്പുറപ്പെട്ടു. കാൺഗ്രസ്സുപ്പീസിന്റെ മകളിൽ ഓങ്കാരാങ്കിതമായ മഞ്ഞക്കൊടി പാറിക്കളിച്ചു.

മുറിച്ചുകളഞ്ഞ വാലുകഥ

അന്തരീക്ഷം ഇങ്ങിനെ സുപ്രസന്നമായിത്തീർന്നപ്പോൾ മഹാത്മാഗാന്ധികാളേജിന്റെ ഈശാനകോണിലെ ഗോവണിപ്പടിയ്ക്കു താഴെയുള്ള ഇരുട്ടറതുറക്കപ്പെട്ടു. വാതിൽതുറന്നപ്പോൾ ചേരപിടിത്തഴകിക്കിടക്കുന്നതുപോലെയുള്ള ഒരു വല്ലാത്ത ശ്രവണം പൊങ്ങുകയാൽ ആളുകൾ മൂക്കു് അമർത്തിപ്പൊത്തി. ശ്രീ മന്നത്തുപദ്മനാഭൻ അതൊന്നും കൂട്ടാക്കാതെ അകത്തു കടന്നു തപ്പിത്തുടങ്ങി. ലേബലൊട്ടിച്ച കുറെ വാലുകഥ അവിടെ ഒരു മൂലയിൽ കൂട്ടിയിട്ടിരിക്കുകയാണു്. അതിൽ ചിലതു അഴുകിത്തുടങ്ങിയിരുന്നു. മന്നത്തിന്റെ പുറകെ മലയാളരാജ്യം ഗംഗാധരൻ, മന്മഥൻ, മഹാത്മാഗാന്ധികാളേജു പ്രിൻസിപ്പൽ പി. നാരായണൻ എന്നിവരൊക്കെ അണിനിരന്നിട്ടുണ്ടു്. മന്നത്തിന്റെ വാലിനു യാതൊരു തേയ്മാനവും തകരാറും സംഭവിച്ചിട്ടില്ല. ഗംഗാധരന്റെയും മന്മഥന്റെയും വാലുകഥ കുറെയൊക്കെ എലികരണ്ടു നശിപ്പിച്ചിരിക്കുന്നു. കഷ്ടം! പ്രിൻസിപ്പാലിന്റെ വാലിൽ ശവംതീനിയുറുമ്പു പൊതിഞ്ഞുപോകയാൽ വെള്ളെലിനു് മാത്രമെ അവശേഷിച്ചിട്ടുള്ളു. കോട്ടയ്ക്കകത്തു പാത്രക്കളത്തിലെ വെള്ളംകൊണ്ടുവന്നു മന്ത്രോച്ചാരണസഹിതം വാലഭിഷേകം നടത്തി നേതാക്കന്മാരെല്ലാം പഴയപടിവാലുകഥ വച്ചുകെട്ടി പുണ്ണ്യരൂപത്തിൽ വീണ്ടും പ്രത്യക്ഷരായി. ഇതെല്ലാം കണ്ടപ്പോൾ പാവം നാരായണ(പിള്ള)സാർ വാവിട്ടു നിലവിളിച്ചു.

ആലോചനകഥ മുറുകുന്നു

പുതിയ ലീഡറെ തെരഞ്ഞെടുക്കാനും മന്ത്രിസഭ രൂപീകരിക്കാനും ഉള്ള ആലോചനയ്ക്കായി അന്നു രാത്രിതന്നെ മഹാത്മാഗാന്ധി കാളേജിൽവച്ചു ഒരു യോഗം ചേർന്നു. ഡർബാർ ഹാളിൽനിന്നും ഒരു സിംഹാസനംകൊണ്ടുവന്നു ഒരു വട്ടമേശയ്ക്കു സമീപം ഇട്ടിട്ടുണ്ടു്. ഈ ഒരാസനമല്ലാതെ വേറെ യാതൊന്നും ആ ഹാളിൽ ഉണ്ടായിരുന്നില്ല. മണി പത്തടിച്ചപ്പോൾ, രാജശ്രീ പട്ടം താണുപിള്ള ഘനഗംഭീരനായി ആ സിംഹാസനത്തിൽ ഉപവിഷ്ടനായി. മന്നവും കളത്തിൽ വേലായുധൻനായരും ഇരുപാർശ്വങ്ങളിലായി നിന്നു വെഞ്ചാമരം വീശി. കെ. പി. നീലകണ്ഠപ്പിള്ള ഹാളിലേക്കുള്ള പ്രവേശനദ്വാരത്തിൽ നിലയുറപ്പിച്ചുകൊണ്ടു് കാരോരുത്തരെ പരിശോധിച്ചു അകത്തു കടത്തിവിട്ടു. എല്ലാവരും വട്ടമേശയ്ക്കു ചുറ്റും കൂടിനിന്നു. അപ്പോഴാണു് മന്നം ഒരു കാര്യം ഓർമ്മിച്ചതു്. ശങ്കർ ഇനിയും വന്നുചേർന്നിട്ടില്ല. ചുറ്റും നോക്കിയപ്പോൾ ഹാളിന്റെ ഒരു മൂലയിൽ പറവൂർ പി. കെ. നാരായണപിള്ള ലിങ്കനഗരം പ്രതിഷ്ഠികഥ ഉറപ്പിച്ചുകൊണ്ടു തെക്കേ സമുദ്രതീരത്തു നിശ്ചേഷ്ടനായി കിടന്ന ജഡായുവിനെപ്പോലെ കുനിഞ്ഞുകൂനി നിൽക്കുന്നതുകണ്ടു. താണുപിള്ള സാറിന്റെ ചെവിയിൽ മന്നം എന്തോ മന്ത്രിക്കുകയും, ഒരു ചെരുപുഞ്ചിരിയോടെ മന്നം പോയി ടി. കെ. നാരായണപിള്ളയെ പിടിച്ചു തഴകിത്തലോടി താണുപിള്ളസാറിന്റെ മുമ്പിൽ ഹാജരാക്കുകയും ചെയ്തു.

ശങ്കറിന്റെ പുറപ്പാടു്

മണി പതിനൊന്നടിച്ചപ്പോൾ ശങ്കരം പരിവാരവും വന്നുചേർന്നു. "ഇതിലെ—ഇതിലെ" എന്നു നേതാവിനു വഴികാണിച്ചുകൊണ്ടു കണ്ണാറ ഗോപാലപ്പണിക്കർ മുമ്പിൽനടക്കുന്നു. പുറകെ തലയുയർത്തിപ്പിടിച്ചുകൊണ്ടു് നെറ്റിക്കെട്ടും ജീവതയും ധരിച്ച കൌമ്പനാനയെപ്പോലെ ശങ്കർ ഇടയും മെയ്യുംകുലുക്കിച്ചവട്ടിനടന്നു വരികയാണു്. അവർ ഹാളിൽപ്രവേശിച്ചപ്പോൾ ത്രിപുരഹനനടത്തിയ ഭഗവാന്റെ ഫാലനേത്രംപോലെ താണുപിള്ള സാറിന്റെ കണ്ണുകഥ കോപംകൊണ്ടു ചെങ്കിമറിഞ്ഞു. എങ്കിലും മന്നത്തിന്റെ സമയോചിത ബുദ്ധികൊണ്ടു് ആ കോപം ഉടനെതന്നെ അടങ്ങി.

ശങ്കറിന്റെ ഗർജ്ജനം

ശങ്കർ ഹാളിൽ കടന്നതോടുകൂടി ഒരു തിരനോട്ടം അരംഭിച്ചു. അവിടെ ഒരു കസേര മാത്രമെ ഉള്ളു എന്നും, അതിൽ പട്ടംതാണുപിള്ള ഇരിക്കുകയാണെന്നും സൂക്ഷ്മദൃക്കായ ശങ്കർ കണക്കു കൂട്ടിക്കഴിഞ്ഞു. "ഇവിടെ ഇരിക്കാൻ കസേര ഇല്ലേ" എന്നു ശങ്കർ അട്ടഹസിച്ചതു കേട്ടു കണ്ണാറ ഗോപാലപ്പണിക്കർ നാലുപാടും നോക്കി. ഒരു മൂലയിൽ കുറെക്കസേരകഥ അടുക്കിവച്ചിരിക്കുന്നതുകണ്ടു് ഉടനെ തന്നെ അതെല്ലാം ചുമന്നുകൊണ്ടുവന്നു താണുപിള്ളസാറിന്റെ വലത്തുവശത്തായി അടുക്കിവച്ചു. അതിന്റെ മുകളിൽ സ്വന്തം ഖദർഷാളും വിരിച്ചുകൊടുത്തു. അപ്പോൾ ആ ആസനം താണുപിള്ളസാറിന്റെ തോരാളും പൊക്കമുള്ളതായികണ്ടു. അതിന്മേൽ ശങ്കർ, രാവണസന്യാസിലെ ഹനുമാനെപ്പോലെ കാലിന്മേൽ കാലും കേറ്റിവെച്ചിരുന്നു. ഉടനെ ഒരു ഗർജ്ജനം പുറപ്പെട്ടു. "അതിനെപ്പറ്റി ആലോചിപ്പാനൊന്നുമില്ല. താണുപിള്ള സാർ തന്നെയാണു് ലീഡർ" എന്നു കെ. പി. വിളിച്ചു പറഞ്ഞു. അതു സാദ്ധ്യമല്ലെന്നു ശങ്കർ പ്രതിവചിച്ചു. ഒടുവിൽ മന്നത്തിന്റെ മദ്ധ്യസ്ഥതയിൽ ആ പ്രശ്നം ഒരു വിധം പരിഹരിക്കപ്പെട്ടു. താണുപിള്ളസാറും ശങ്കരും ലീഡർമാരാണെന്നും, എന്നാൽ മൂപ്പുമുറയ്ക്കു് ആദ്യം സാർ തന്നെ ഭരിക്കട്ടെ എന്നും തീരുമാനിക്കപ്പെട്ടു. അങ്ങനെ താണുപിള്ള ലീഡറും ശങ്കർ പ്രോ ലീഡറുമായി. വൈസ് ലീഡറായി കളത്തിൽ വേലായുധൻനായരെയും പ്രോ വൈസ് ലീഡറായി കണ്ണാറയേയും നിശ്ചയിച്ചു. മലപോലെ വന്ന ആ മഹാ പ്രശ്നം അങ്ങിനെ മലർപോലെ പരിഹൃതമായി. ചീഫ് വിപ്പായി കെ. പി നീലകണ്ഠപ്പിള്ളയുടെ പേർ പട്ടം നിർദ്ദേശിച്ചെങ്കിലും തനിക്കു അതു സ്വീകരിപ്പാൻ നിർവാഹമില്ലെന്നും, തന്നെ അറേറാർണി ജനറലാക്കിയാൽ മതിയെന്നും കെ. പി. പഴവങ്ങാടി മൈതാനത്തുനിന്നെന്നപോലെ കൂവി അറിയിച്ചു.

മന്ത്രിസഭാ രൂപീകരണം

പ്രധാനമന്ത്രി പദത്തിനുവേണ്ടി വലിയൊരു കലശൽതന്നെ നടന്നു. ഒടുവിൽ ഒരു ഒത്തുതീർപ്പുവ്യവസ്ഥയെന്നനിലയിൽ പട്ടത്തിനേയും ശങ്കരെയും ജായിൻറ് പ്രധാനമന്ത്രിമാരായി തെരഞ്ഞെടുത്തതോടെ ആ ലഹള ഒരുവിധം ശമിച്ചു. ഇതിനിടയ്ക്കു കൂടിയാലോചനകഥ തകർന്നുവെന്നും സ്തംഭിച്ചുവെന്നും, വാക്കൌട്ടുകഥ നടക്കാൻ തുടങ്ങിയെന്നും ഉള്ള ഘട്ടങ്ങഥംവരെ എത്തിയെന്നാണു് വാർത്ത. മന്ത്രിമാരായി കളത്തിൽ വേലായുധൻ നായർ, ഗംഗാധരൻനായർ, ഏ. അച്യുതൻ, കണ്ണാറ എന്നിവരെ തിരഞ്ഞെടുത്തു.

മന്നത്തിനെ എന്തു ചെയ്യണം


മന്നത്തു പദ്മനാഭപിള്ളയെ എന്തു ചെയ്യണമെന്നുള്ളതു ഒരു മഹാപ്രശ്നമായിത്തീർന്നു. നിയമസഭാസ്പീക്കറാക്കണമെന്നും, കെ. പി. സി. സി. പ്രസിഡണ്ടാക്കണമെന്നും, ഹൈക്കോടതി ജഡ്ജിയാക്കണമെന്നും, വിദ്യാഭ്യാസ ഡയറക്ടറാക്കണമെന്നും മറ്റുമുള്ള പല നിർദ്ദേശങ്ങളും വന്നെങ്കിലും, മന്നം അതൊക്കെ ഉപചാരപൂർവം ഉപേക്ഷിച്ചു. ഇപ്പോഴത്തെ ദേവസ്വം ബോർഡിനെ പിരിച്ചുവിട്ടു തന്നെ ദേവസ്വം ബോർഡും അതിന്റെ പ്രസിഡണ്ടും അംഗങ്ങളും എല്ലാമാക്കി ഒരു ഏകാംഗബോഡുണ്ടാക്കിയാൽ മതിയെന്നുള്ള അപേക്ഷ എല്ലാവരും സ്വീകരിച്ചു. പട്ടംതാണുപിള്ള കീജേ! ശങ്കർ കീജേ! എന്നു ആർത്തുവിളിച്ചുകൊണ്ടു് യോഗം പിരിഞ്ഞു.

പട്ടം ഉറക്കം ഉണർന്നു

ജയഘോഷങ്ങളും ആർത്തുവിളികളുംകേട്ടു പട്ടം താണുപിള്ള കണ്ണുതുറന്നു നോക്കിയപ്പോൾ റോഡിൽ ഒരു കശപിശ നടക്കുന്നതായും, പിള്ളേർ കൂക്കിവിളിക്കുന്നതായുമാണു് കണ്ടതു്. എന്തു്! ഞാൻ സ്വപ്നം കാണുകയായിരുന്നോ? ടി. കെ. നാരായണപിള്ളയും കൂട്ടരുമൊന്നും ഇപ്പോഴും ഇവിടം ഭരിക്കുന്നോ? അധിക പ്രസംഗികഥം! പോക്കിരികഥം!!

——

—കഴമുടി അ



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപർക്ക് എഴുതുക. കവറിനു മുകളിൽ "പാഠ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

എം. ഷാനവാസ്, യൂണിവേഴ്സിറ്റി കോളേജ്.

നിങ്ങൾ യാചകർക്ക് ധർമ്മം കൊടുക്കാറുണ്ടോ? ധർമ്മംകൊടുക്കലിനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്ത്?

ഇന്നത്തെ വ്യവസ്ഥിതി മാറുന്നതിനോ യാചകപ്രശ്നം പരിഹരിക്കുന്നതിനോ ആയി ഞാൻ ധർമ്മം കൊടുക്കാറില്ല. വേറെ മാനുഷികമായ ചിന്തകൾ ചിലപ്പോൾ ധർമ്മം കൊടുപ്പിക്കാറുണ്ടെന്നു മാത്രം. ആജ്ഞയിൽ നാലുകാശ്വരീതം പത്തുപേർക്ക് കൊടുത്തു ധർമ്മിഷ്ഠരായിച്ചമയുന്നവരെ എനിക്ക് പുച്ഛമാണ്.

നിങ്ങൾ ഏതെങ്കിലുമൊരു സ്ഥാപനത്തിനായി സംഭാവന നൽകിയിട്ടുണ്ടോ? ധർമ്മംകൊടുക്കലും ഈ സംഭാവന നൽകലുമായുള്ള വ്യത്യാസമെന്ത്?

സംഭാവന നൽകിയിട്ടുണ്ട്. 'ധർമ്മസ്ഥാപനങ്ങൾ' എന്നാണല്ലോ അത്തരം സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന പേര്. യാചന പ്രത്യക്ഷവും സംഭാവന പിരിവു പരോക്ഷവും ആയ യാചന തന്നെയാണ്.

ജോൺജേക്കബ്, തിരുവനന്തപുരം.

മധുരിമയുള്ള ദുഃഖം എന്നതിന്റെ നിർവചനമെന്താണ്?

വൈവാഹിക ജീവിതം.

രാമസുബ്രഹ്മണ്യൻ, വലിയശാല.

ട്രോട്സ്ക്കി എന്നു പറയുന്നതാരാണ്?

സ്റ്റാലിന്റെയും ലെനിന്റെയും സഹപ്രവർത്തകനും ബൊൽഷെവിക്കുകളുടെ പ്രഥമസംഘാടകനുമായിരുന്ന പ്രഗത്ഭനായ ഒരു വാഗ്മി. ലെനിന്റെ മരണശേഷം അദ്ദേഹവും സ്റ്റാലിനുമായുള്ള മത്സരം വർദ്ധിച്ചു. മെക്സിക്കോയിൽ ഒളിച്ചോടി താമസിക്കവേ അദ്ദേഹം വധിക്കപ്പെട്ടു.

കമ്യൂണിസ്റ്റുകാർ അവരെ എന്തുകൊണ്ടു വെറുക്കുന്നു?

കമ്യൂണിസ്റ്റുകൾ സ്റ്റാലിനിസ്റ്റുകളാണ്. സ്റ്റാലിൻ ട്രോട്സ്ക്കിയുടെ ജന്മാന്തര ശത്രുവാണ്. സ്റ്റാലിന്റെ "ദേശീയ സോ[illegible]" [illegible]"ട്രോട്സ്കിസാവ്ദേശീയസോഷ്യലിസ"വാദം കൊണ്ടെതിർത്തു. പക്ഷെ ട്രോട്സ്ക്കിയുടെ വാദഗതിയിൽ അസ്വീകാര്യവും മനസ്സിലാക്കാൻ വിഷമമായതുമായ പല നൂലാമാലകളുമുണ്ട്.

ഇൻഡ്യയിൽ ഒരു ട്രോട്സ്ക്കിയിസ്റ്റ് പാർട്ടിയുണ്ടോ?

ഉണ്ടായിരുന്നു, "ഫോർത്ത് ഇൻറർനാഷണലിസ്റ്റ്" കാരൻ അവർ ഈ അടുത്തകാലത്തു ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടിയിൽ ചേർന്നു.

വി. ലളിത, കുറവലങ്ങാട്.

ഓ. എൻ. വി. കുറുപ്പാണ് ഏറ്റവും പ്രഗത്ഭനായ യുവകവി എന്നു നിങ്ങൾ എഴുതിയതു നിങ്ങളുടെ വ്യക്തിപരമായ സ്നേഹവും രാഷ്ട്രീയ പക്ഷപാതിത്വവും കൊണ്ടല്ലേ?

നിങ്ങൾ വിശ്വസിക്കുമോ എന്തോ. ഞാൻ കുറുപ്പിനെ ഇതുവരെ കണ്ടിട്ടില്ല. ഞങ്ങളുടെ രാഷ്ട്രീയമായ ചിന്താഗതികളിലും സാരമായ വ്യത്യാസമുണ്ട്. അതു കുറുപ്പിനും എനിക്കും അറിയാം. ആരുടെ അടിയുറച്ച ചിന്താഗതിയും മാറുവാൻ ഞാൻ ശ്രമിക്കാറുമില്ല. ഒരു കവി എന്ന നിലയിൽ (പുരോഗമനപരമായ ആശയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന) കേരളത്തിന്റെ ഒരുമുഖ്യസന്തതിയാണ് കുറുപ്പ്. അതു സംകുചിതമായ കക്ഷി മനോഭാവങ്ങൾക്ക് അതീതമായി നിന്നുകൊണ്ടു ഞാൻ പറയുന്ന അഭിപ്രായമാണ്.

കമല, തൈയ്ക്കാട്.

ശബരിഗിരിനാഥോത്സവ ദിവസം പ്രസംഗമദ്ധ്യേ ഒരു മാന്യൻ അങ്ങയുടെ പിതാവിനെ അധിക്ഷേപിച്ചതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണ്?

എന്തു അഭിപ്രായംപറയാനാണ്? ആ മാന്യനു അങ്ങനെതോന്നി. അതു പറഞ്ഞു. അതിനു അദ്ദേഹത്തിനു അച്ഛനെപ്പോലെതന്നെ സ്വാതന്ത്ര്യമുണ്ട്. പറഞ്ഞതു ശരിയോ തെറ്റോ എന്നാണ് ചോദ്യമെങ്കിൽ അതിനുള്ള ഉത്തരം ഞാൻ ഇതിനകം പറഞ്ഞു കഴിഞ്ഞിട്ടുണ്ട്.

യശോധരൻ, പാനൂർ.

ഒരേ കാര്യത്തെപ്പറ്റി നിങ്ങൾക്ക് ഏറ്റവും

ക്രൂട്ടതൽ ചോദ്യം ലഭിച്ചിട്ടുള്ളതു ഏതു കാര്യത്തെപ്പറ്റിയാണു്?

ഞാൻ സംഭാഷണം എഴുതുന്ന സിനിമയുടെ പേരെന്താണെന്നു്. മനപൂർവ്വം ഒരു ചോദ്യത്തിനും ഞാൻ മറുപടി പറഞ്ഞില്ല.

പി. എം. മീനാക്ഷി, എറണാകുളം

രണ്ടാംലോക മഹായുദ്ധത്തിനുശേഷം ഫ്രാൻസിലെ മന്ത്രിസഭ പതിമൂന്നാമതു പ്രാവശ്യം തകർന്നു. ഇതിൽ താങ്കളുടെ അഭിപ്രായമെന്തു്?

അവിടെ ഭൂരിപക്ഷമുള്ള ഒരു പാർട്ടി കമ്യൂണിസ്റ്റുകളാണു്. അവരെ ഒഴിച്ചുനിറുത്തി മന്ത്രിസഭയുണ്ടാക്കാൻ മറവുള്ളവർ നടത്തുന്ന കളികളാണു് മന്ത്രിസഭാ നാടകം.

കെ. ഭാസ്കരൻ പിള്ള, തമ്പാനൂർ.

വളർന്നുവരുന്ന വ്യവസ്ഥിതിക്കു വാളെടുത്തിരിക്കുന്ന പുരോഗമന സാഹിത്യകാരന്മാർ ആയതു വെട്ടിപ്പിടിച്ചതിനു ശേഷമെങ്കിലും മറ്റു സാഹിത്യ പ്രവർത്തനങ്ങൾ ഇഷ്ടപ്പെട്ടുമോ എന്നറിഞ്ഞാൽ കൊള്ളാമായിരുന്നു?

അന്നു വിളിക്കാം. അതുവരെ ഉറങ്ങിക്കൊള്ളൂ.

പി. കെ. മാധവൻ നായർ, കുമാരപുരം.

നിങ്ങൾക്കു രാഷ്ട്രീയകാര്യങ്ങളിൽനിന്നും മാറാനായി ഒരു സക്കാർ ജോലിതരാമെന്നു അധികാരികൾ പറഞ്ഞാൽ എന്തു ചെയ്യും?

ഒരു മാന്യനെങ്കിലും വളച്ചുകെട്ടി എന്നോടങ്ങനെ പറഞ്ഞു. ഞാൻ എന്തുചെയ്യുമെന്നു അദ്ദേഹത്തിനറിയാം. ഇനിയാരും പറയുമെന്നു തോന്നുന്നില്ല.

എൻ. കൃഷ്ണപിള്ള, ചാല

രാജ്യത്തു് ഇതര മതസംഘടനകൾ നിലവിലിരിക്കുകയും അവ മുഖാന്തിരം സമുദായം മുതലെടുക്കുകയും ചെയ്യുമ്പോൾ സംഘടനയില്ലാത്ത മറ്റു സമുദായങ്ങൾ സംഘടിക്കുന്നതു് ന്യായീകരിക്കത്തക്കതല്ലേ?

അതേ. മുതലെടുപ്പാണു്, അപ്പക്ഷണമാണു്—ജനങ്ങളുടെ ക്ഷേമമല്ല—ലക്ഷ്യമെന്നുകൂടി പറഞ്ഞേക്കണം.

യു. കെ. നാരായണൻ, വാഴക്കുളം.

പ്രപഞ്ചത്തിന്റെ നിലനില്പിൽ സ്ത്രീവർഗ്ഗത്തിനോ പുരുഷവർഗ്ഗത്തിനോ അഗ്രഗണ്യസ്ഥാനം?

സ്ത്രീയുടെ അടിമയായി അന്തഃപുരത്തിൽ കഴിയാനാഗ്രഹിക്കുന്നവർ പറയും പുരുഷനാണെന്നു്. അടിമത്വത്തിൽ വിശ്വസിക്കാത്തവർ പറയും രണ്ടുപേർക്കും ഒരേ സ്ഥാനമാണെന്നു്.

ബി. മുഹമ്മദ് ബഷീർ, ആലപ്പുഴ.

അബ്ബാസിനു അഞ്ചുമുടിക്കായലിന്റെ മദ്ധ്യത്തിൽ നടന്ന ശോകസംഭവം പശ്ചാത്തലമാക്കി "കെടാവിളക്കു" നിർമ്മിക്കുവാൻ വേണ്ട കരുക്കൾ എങ്ങനെ ലഭിച്ചു?

അബ്ബാസ് അഞ്ചുമുടിക്കായലിൽകൂടി തോണിയാത്ര നടത്തിയിട്ടുണ്ടെന്നുള്ളതു് സത്യമാണു്.

വാസുദേവൻ പി. വി, മലയാറ്റൂർ.

മധുവില്ലാത്ത മലരിന്റെ മനോഹാരിതയോടു ഉപമിക്കാൻ പറ്റിയതെന്തു്?

പ്രേമിക്കാൻ ഹൃദയമില്ലാത്ത സുന്ദരി.

ഹാഷിം മുഹമ്മദ്, പുന്നപ്ര.

ഇതുവരെയും ആരും ചോദിക്കാത്ത ഒരു ചോദ്യം പറഞ്ഞുതരാമോ?

ഈ ചോദ്യം അങ്ങനെയൊന്നാണു്.

വ്യക്തിപരമായ കത്തുകൾ

അടുത്ത ഒരാഴ്ചക്കാലം പത്രാധിപർ സ്ഥലത്തുണ്ടായിരിക്കയില്ല. അദ്ദേഹത്തിനയക്കുന്ന വ്യക്തിപരമായ കത്തുകൾ താഴെക്കാണുന്ന വിലാസത്തിൽ അയക്കുവാൻ അപേക്ഷ.

K. BALAKRISHNAN,
Chithra Lekha Productions
193, Kasi Bhavan
Gandhi Nagar
BANGALORE 2

പി. ചെല്ലപ്പൻ, മിനുമ്മല

'ജനാധിപത്യ സോഷ്യലിസ'മെന്നു ചിലർ പ്രസംഗിക്കുന്നതിന്റെ അർത്ഥമെന്താണു്?

കൈ നനയാതെ പൊത്തൽ പിടിക്കാനുള്ള മാർഗ്ഗം.

എൻ. കെ. വാസുദേവൻ, ചെങ്ങന്നൂർ.

രാജ്യം ഭരിക്കുന്ന നേതാക്കന്മാർക്കു വർഗ്ഗീയത ഉണ്ടെങ്കിൽ രാജ്യത്തു വർഗ്ഗീയത ഉണ്ടാകുമോ?

ബോധവാന്മാരല്ലാത്തവരുടെയിടയിൽ ഉണ്ടാകും.

സി. കെ. വാസു ആചാരി, മുണ്ടക്കയം.

അടുത്ത ഭരണം സോഷ്യലിസ്റ്റുകൾക്കാണെങ്കിൽ പ്രധാനമന്ത്രി ആരായിരിക്കും?

ഇവിടെയോ കേന്ദ്രത്തിലോ? രണ്ടായാലും കുറേവടംവലി നടക്കും.

എം. എം. മീരാക്കുട്ടി മൂവാറ്റുപുഴ

ജീവിക്കുന്നതു് മരിക്കുവാനാണെന്നു ഞാനും അതല്ല മരിക്കുന്നതു് ജീവിക്കുവാനാണെന്നു എ

ന്റെ ഒരു സ്നേഹിതനും പറയുന്നു. ഇതിൽ താങ്കളുടെ അഭിപ്രായമെന്താണു്?

മരിക്കേണ്ട രണ്ടുപേർ ഇന്നും ജീവിച്ചിരിക്കുന്നു എന്നു്.

ശ്യാമളാലയം കൃഷ്ണൻനായർ, തിരുവനന്തപുരം

എന്റെ മകൾക്കു "നാജാ" എന്നു പേരിടാൻ ഉദ്ദേശിക്കുന്നു. താങ്കളുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം?

ഞാൻ തർജ്ജിമ ചെയ്യുകയില്ലെന്നു ഉറപ്പു പറയാം. പക്ഷെ പട്ടാളക്കാരുമായി പരിചയപ്പെടാതെ സൂക്ഷിച്ചുകൊള്ളുക.

നമ്മുടെ ചില പ്രാമാണികന്മാരുടെ കാഥികന്മാരെപ്പോലെ നാജായുടെ മൂലകർത്തൃത്വം മറച്ചുപിടിച്ചു ആ കഥ സ്വന്തംപേരിൽ നിങ്ങൾക്കു പ്രസിദ്ധീകരിക്കാമായിരുന്നില്ലേ? അതോ സാഹിത്യലോകത്തു ഒരു ഹരിശ്ചന്ദ്രനായിക്കഴിയാൻ നിങ്ങൾ തീരുമാനിച്ചിരിക്കയാണോ?

എന്റെ പേരിൽ വരുന്നതു ഞാൻ എഴുതുന്നതും എന്റെ തലയിൽ ശ്രവം കൊണ്ടതുമായിരിക്കണമെന്നു എനിക്കു നിർബന്ധമുണ്ടു്. അല്ലാതുള്ളതെഴുതിയാൽ കാര്യം തുറന്നുപറയും. നിങ്ങളെപ്പോലെ തന്നെ ആ ഛർദ്ദിൽ നക്കികളെ എനിക്കും പുച്ഛമാണു്.

പി. ജനാർദ്ദനൻ, ഭാഗവതർ, മയ്യനാടു്.

സംഗീതത്തിലും സാഹിത്യത്തിലും പ്രാധാന്യമേതിനു്?

രണ്ടും പോരുമ്പോഴാണു് ആസ്വാദ്യത.

കിളിമരത്തിൽ തന്നെ മല്ല പടർത്തുന്നതിനുള്ള കാരണം എന്തു്?

ആവോ! നമ്മോടു ചോദിക്കാതെയാണു് അവർ ആ പ്രേമബന്ധം തുടങ്ങിയതു്.

പാരമ്പര്യം അച്ഛനെയാണോ, അമ്മയെയാണോ ആശ്രയിച്ചിരിക്കുന്നതു്?

പിന്തുടർച്ചക്കാരനെ ആശ്രയിച്ചിരിക്കും.

മനുഷ്യരിൽ കുറെ ആളുകൾക്കു ചുരുണ്ടമുടി ഉണ്ടാകുന്നതെങ്ങിനെ?

മറ്റു ചിലർക്കു കഷണ്ടിയുണ്ടാകുന്നതുപോലെ ഇതിനും പ്രത്യേക കാരണമൊന്നുമില്ല.

കനകാംബരം, റോസ്സ് ഇവകളിൽ പല നിറത്തിലുള്ള പൂക്കൾ പൂഷ്പിക്കുന്നതെന്തു്?

മനുഷ്യരിൽ തന്നെ എന്റെയും നിങ്ങളുടെയും നിറം ഉണ്ടാകുന്നപോലെ തന്നെ.

കുരുമുളകും, കാന്താരിമുളകും, എരിക്കുട്ടതൽ ഏതിനു്? ഉണം കുട്ടതൽ ഏതിനു്?

കാൺഗ്രസ്സിലും ഹിന്ദുമണ്ഡലത്തിലും ഏതാണു കൂടുതൽ പിന്തിരിപ്പൻ എന്നു കണ്ടുപിടിക്കുന്നപോലെ വിഷമമാണു്. ഒറ്റക്കടിക്കാണെങ്കിൽ കാന്താരി മുളകിനാണു്.

പുഷ്പത്തിന്റെ മുഖം വസിക്കുന്ന തവളയുടെ താമരയല്ലിയുടെ മാഹാത്മ്യം അറിയാൻ സാധിക്കാത്തതെന്തു്?

താമര അല്ലിയിൽ മാനത്തുകണ്ണനില്ലാത്തതുകൊണ്ടു്.

എസ്. രവീന്ദ്രൻ, വെങ്ങോല

ഹിന്ദുക്കളുടെ ദേവന്മാരെ എന്താണു് കല്ലുകളിൽ ഉണ്ടാക്കിയിരിക്കുന്നതു്.

കല്ലുകൊണ്ടുള്ള മാസ്പ്രൊഡക്ഷൻ (കൂട്ടത്തോടെയുള്ള ഉല്പാദനം) എളുപ്പമായതുകൊണ്ടും ദേവന്മാരുടെ ആവശ്യം കൂടിവന്നതുകൊണ്ടും.

കെ. വി. വാസുദേവൻ, കൊളമ്പു്

കേരളത്തിൽ ഇതിനു മൻപു സോഷ്യലിസ്റ്റു് വ്യവസ്ഥാപിതരേണം ഉണ്ടായിട്ടുണ്ടോ?

ലോകത്തിന്റെ എല്ലാ ഭാഗത്തുമെന്നപോലെ ഇവിടെയും ഒരു കാലത്തു പ്രാകൃത സോഷ്യലിസം സമൂഹവ്യവസ്ഥയായിരുന്നു.

മഹാബലി മാനവസമുദായത്തിൽ നാളിതുവരെയുണ്ടായിട്ടുള്ള സോഷ്യലിസ്റ്റു നേതാക്കന്മാരിൽ അഗ്രിമസ്ഥാനം വഹിക്കുന്നു. താങ്കളുടെ അഭിപ്രായം എന്തു്?

ഒരു സങ്കല്പ സൃഷ്ടിയുടെപേരിൽ ജീവിച്ചിരുന്നവരെ കളിയാക്കാൻ ഞാൻ തയ്യാറില്ല.

കെ. എം. പരീതു, കൊട്ടാരക്കര

"കരതാരിൽ താരും" എന്നു തുടങ്ങുന്ന കവിത എഴുതിയതു നിങ്ങളാണോ?

അല്ല. എനിക്കു കവിതയെഴുത്തു വശവുമില്ല.

പി. എം. വേലായുധൻ, ആലപ്പുഴ

വിശേഷാൽപ്രതിയിൽ പൊറക്കാട്ട പ്രസിദ്ധീകരിച്ചിരിക്കുന്ന കഥ ഏതു പ്രദേശത്തു നടന്നതാണു്?

പൊറക്കാടിനോടു തന്നെ ചോദിക്കണം.

അഞ്ചുരൂപാ

ഈ ലക്കം മുതൽ സമ്മാനം ആരംഭിക്കുന്നു. ഇത്തവണ പ്രസിദ്ധീകരിച്ച ചോദ്യങ്ങളിൽ ഏറ്റവും നല്ല ചോദ്യത്തിനുള്ള അഞ്ചുരൂപാ മയ്യനാട്ടു ശ്രീ. പി. ജനാർദ്ദനൻ ഭാഗവതർക്കു നൽകുന്നു. സമ്മാനത്തുക മണിയാർഡറായി അയച്ചു കൊടുക്കുന്നതാണു്. അടുത്ത ബുധനാഴ്ചവരെ വരുന്ന ചോദ്യങ്ങളും അതിനടുത്തയാഴ്ചയിലെ വാരികയിൽ കാണുന്നതാണു്. അന്നു പ്രസിദ്ധീകരിക്കാതെ ബാക്കിവരുന്ന ചോദ്യങ്ങളും പിന്നീടു പരിഗണിക്കുന്നതല്ല. സമ്മാനാർഹമായ ചോദ്യത്തിന്റെ യോഗ്യതയെപ്പറ്റിയുള്ള ചർച്ചകളൊന്നും അനുവദിക്കുന്നതല്ല. പത്രാധിപരുടെ തീരുമാനം അവസാനമായിരിക്കും. ഒരാൾക്കു എത്ര ചോദ്യം വേണമെങ്കിലും ചോദിക്കാം. പക്ഷെ ചോദ്യം ദീർഘമാകരുതു്.

പത്രാധിപർ



പ്രസന്ന

മലയാളചിത്രങ്ങളിൽ
ഏറ്റവും ഭീമമായ പരാജയം

(ജ്യോതി)

ഈ അടുത്ത കാലത്തു പുറത്തുവന്ന മറ്റൊരു മലയാളചിത്രമാണ് പ്രസന്ന. മലയാള സിനിമകളിൽ പ്രധാനഭാഗങ്ങളഭിനയിക്കാൻ ഇതംപ്രഥമമായി ഈ ചിത്രത്തിൽ തമിഴ് നടന്മാർ പ്രത്യക്ഷപ്പെടുന്നുണ്ട്. ലളിതയും പത്മിനിയും ബാലയ്യയും കൊട്ടാരക്കര ശ്രീധരൻ നായരും പേരരാജും ഇതിൽ പ്രധാനഭാഗങ്ങളഭിനയിക്കുന്നു.

കഥ:—ഒരു തറവാട്. പുരാതനമെന്നു പറയാം. രണ്ടു സന്താനങ്ങളുണ്ടു കാരണവർക്ക്. പങ്കൻ തമ്പിയും പ്രസന്നയും. ഒരു എഞ്ചിനീയർ രാധാകൃഷ്ണമേനോനും മദനികയുമാണ് മറവപുറം ഇവർ ഇങ്ങോട്ടു മങ്ങോട്ടും അങ്ങോട്ടു മിങ്ങോട്ടും വിവാഹം കഴിക്കാൻ നിശ്ചയിക്കുന്നു. കഥയുണ്ടാക്കാനായി പ്രസന്നയുടെ ഒരു വാല്യക്കാരന്റെ സന്താനമായ അയ്യപ്പൻ രംഗപ്രവേശം ചെയ്യുന്നു. അയ്യപ്പനും പ്രസന്നയും പ്രണയബദ്ധരെന്നാണ് വയ്പ്. പക്ഷെ പ്രസന്നയ്ക്കു വിവാഹാലോചന വന്നപ്പോൾ വലിയ ബുദ്ധിമുട്ടൊന്നും കൂടാതെതന്നെ ചന്ദ്രികരമണനോടു പറഞ്ഞതുപോലെ പ്രസന്ന അയ്യപ്പനോടു പറഞ്ഞു നടപ്പില്ലെന്ന് അയ്യപ്പൻ തുടങ്ങിച്ചാകാൻ ഉറച്ചു. പ്രസന്ന അയാൾ കയറിൽ തൂങ്ങുന്നതു കണ്ടു "ദീനാനുകമ്പി"യായി. ആ സെക്കണ്ടിൽതന്നെ അയാളെ ഭർത്താവായി പ്രഖ്യാപിച്ചുകൊണ്ടു അടുത്താരു കുടിലിൽ താമസവുമായി. പ്രസന്നയുടെ സഹോദരൻ കയർത്തു അവർ സ്ഥലംവിട്ടു. തുഞ്ചിനാപ്പള്ളിയിൽവന്ന പ്രസന്ന ഒരു വീട്ടുവേലക്കാരിയായി പഴയ എഞ്ചിനീയരുടെ വീട്ടിൽ എത്തി. എഞ്ചിനീയർക്കു പ്രസന്നയിൽ ആവേശം കയറി. തട്ടം മുട്ടം തലപൊട്ടലും കഴിഞ്ഞു അവസാനം ഓരോരുത്തർ സ്വകയ്യംപോലെ ഓരോ പെൺപിള്ളേരുമായി മംഗളം പാടി പിരിഞ്ഞു. ഇതാണ് കഥ.

ഈ കഥയ്ക്കുള്ള കേരളീയത്വമില്ലായ്മ പോകട്ടെ. മനഃശാസ്ത്രപരമായി നോക്കിയാൽതന്നെ ഈ കഥയിൽ സ്വഭാവവൈരുദ്ധ്യമോ സ്വഭാവശുദ്ധിയോ ഉള്ള ഒറ്റ കഥാപാത്രവുമില്ല. എല്ലാവർക്കും വികലതകളുണ്ട്. നിർദ്ദയമായിട്ടുള്ള എല്ലാ വികലതകളും കൊണ്ടിവന്നതു ലൈംഗികാവേശം മൂത്തു വരുമ്പോഴാണെന്നുള്ളതാണ്. തുഞ്ചിനാപ്പള്ളി രംഗങ്ങളും ഒരുതരം നാടക രംഗങ്ങൾപോലെ ആയിപ്പോയി. വിശദമായ ഒരു ചർച്ച ഈ കഥ അർഹിക്കുന്നില്ല. അതുതോളും കഴപ്പും അതിനകത്തെ ഒരോ പാത്രസൃഷ്ടിയിലും രംഗസംവിധാനത്തിലുമുണ്ട്.

കഥയുടെ കാര്യം പോകട്ടെ. കഥാപാത്രങ്ങളിലേക്കു കടക്കാം. ഇതിൽ പ്രസന്നയുടെ ഭാഗം ലളിതയും അയ്യപ്പന്റെ ഭാഗം ബാലയ്യയുമാണ് അഭിനയിക്കുന്നതു്. ഒരു നർത്തകി എന്ന നിലയിൽ നിന്നു മാറി ഒരു നടിയായി പ്രത്യക്ഷപ്പെടുന്നു എന്നറിഞ്ഞപ്പോൾ ലളിതയെപ്പറ്റി കേറെ പ്രതീക്ഷകളുണ്ടായിരുന്നു. അവ മുഴുവൻ സംതൃപ്തമാകത്തക്ക രീതിയിൽ ലളിതയ്ക്കു അഭിനയിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പുതിയ നടിയാണെങ്കിൽ ലളിതയുടെ ഭാഗം തരക്കേടില്ല എന്നോ നന്നായിട്ടുണ്ട് എന്നു തന്നെയോ പറയാം. നാട്ടും പുറത്തെ കാരണവരുടെ മുറത്തു നിക്കറണിഞ്ഞ ടെന്നീസു കളിക്കുന്ന പെൺകുട്ടികളും ഇന്നാട്ടിൽ എത്രയുണ്ടോ ആവോ. പ്രഥമരംഗത്തു മുട്ടിനു മുകൾവശം വരെ പുറത്തു കാണിച്ച ലളിതയെ പ്രത്യക്ഷപ്പെടുത്താനുള്ള ഒരാവേശത്തിൽ കവിഞ്ഞു ആ രംഗത്തിനു എന്തെങ്കിലും 'അർത്ഥ'മുണ്ടെന്നു എനിക്കു തോന്നുന്നില്ല.

നായകൻ ബാലയ്യായാണ്. ഒരു സൗന്ദര്യമില്ലാത്ത മാംസപിണ്ഡം. അയാൾ മലയാളം പറയുകയല്ല, മലയാളഭാഷയുടെ പുറത്തു കയറി നിരങ്ങുകയാണ്. ഈ ആഭാസത്തരം കാണിച്ചതിനു കേരളകലാസൗധത്തിൽ കയറാറി ഈ ചിത്രനിർമ്മാതാക്കളെ മുക്കാലിൽകെട്ടി അടിക്കേണ്ടതാണ്. കണ്ടാൽ തോന്നും ഈ രാജ്യത്തു ആ ഭാഗം അഭിനയിക്കാൻ ആളുകിട്ടുകയില്ലെന്നു. ഇതുവൃത്തികെട്ട ഒരു നായകൻ, ഇതു വികൃതമായ സംഭാഷണരീതിയോടുകൂടി ഇന്നുവരെ ഒരു മലയാള ചിത്രത്തിലും പ്രത്യക്ഷപ്പെട്ടിട്ടില്ല. ഉടൻ തുടുതുടച്ചു ദൂരത്തെറിയേണ്ട ഈ കാട്ടുതടി ഇനിയും മലയാള ചിത്രങ്ങളുടെ കഴുക്കെ വലിച്ചിടുവാൻ ആരും സാഹസപ്പെടുകയില്ലെന്നു തന്നെ പ്രതീക്ഷിക്കാം.

പിന്നൊന്നു കൊട്ടാരക്കര ശ്രീധരൻ നായരാണ്. ഒരു കർട്ടൻകൂടി ഇട്ടുകൊടുത്താൽ മതി. ഇദ്ദേഹം അല്പം ചില ഇംഗ്ലീഷ് ചിത്രങ്ങളെങ്കിലും കാണുന്നതു നന്നായിരിക്കും. മുക്കുവിറപ്പിപ്പും പുണ്ണു ഉരുമ്മലും കണ്ണുരുട്ടും പിടിലിതിരുപ്പുമല്ല സ്വാഭാവികമായ അഭിനയപാടവമെന്നു ശ്രീധരൻനായർ അറിയേണ്ടതുണ്ട്. അകംബർ ശങ്കരപ്പിള്ളയുടെ യുഗത്തിലേക്കു ശ്രീധരൻനായർ നന്നായിരിക്കും. കഷ്ടകാലത്തിനു കാലം കുറേ മുന്നോട്ടു പൊയ്പൊയ്! ഇന്നത്തേക്കു ശ്രീധരൻനായർ പോരണമെങ്കിൽ ആ പിടലിയിൽ ഒരു കടിഞ്ഞാണിടണം.

പത്മിനി സംസാരിക്കുന്നതു കൊഞ്ഞ പറയുന്നപോലെയാണ്. നാക്കിനു എന്തോ തകരാറുപറ്റിയിട്ടുണ്ടെന്നു തോന്നുന്നു. ആ വേലക്കാരിയുടെ ഭാഗം അഭിനയിക്കുന്ന യുവതിമാത്രം തട്ടുമുട്ടു കൂടാതെ സംസാരിക്കുന്നുണ്ട്. അഭിനയവും തരക്കേടില്ലെന്നു പറയാം. തോമസ് എന്ന പുതിയ നടൻ അഭിനയിക്കാനുള്ള ആവേശം വേണ്ടുവോളം കാണിക്കുന്നുണ്ട്. പക്ഷെ നീളമില്ലാത്ത ആ ശരീരവും കഷണ്ടി ആക്രമിച്ച തുടങ്ങിയ തലയും പൈതൃകമില്ലാത്ത കണ്ണുകളും ഒരു ഗ്ലാമർ ബോയ് റോളിനു പറ്റുകയില്ല.

ലളിതയെയും പത്മിനിയെയുംകൊണ്ടു ഒരു ഒന്നാംതരം മലയാള ചിത്രം നിർമ്മിക്കുക വിഷമകരമല്ല. അവർക്കു ഇണങ്ങുന്ന ഒരു കഥ എഴുതിയുണ്ടാക്കുകയും വിഷമമല്ല. ഈ കഥയിൽ അഭിനയിക്കേണ്ടിവന്ന ആ പാവപ്പെട്ട പെൺകുട്ടികളെപ്പറ്റി സഹതാപമുണ്ട്.

ഇതിനു മുൻപു വന്നിട്ടുള്ള മലയാള ചിത്രങ്ങളെ അപേക്ഷിച്ചു ഇതിന്റെ ഫോട്ടോഗ്രാഫിയും ശബ്ദഗ്രഹണവും നന്നായിട്ടുണ്ട്. സംവിധാനത്തിൽ യാതൊരു മിടുക്കും കാണാനില്ല. തുങ്ങിച്ചാവുന്ന രംഗവും മറ്റും ഇതിലേറെ വികൃതമാക്കാനും സാദ്ധ്യമല്ല.

പുരുഷനും സ്ത്രീയുമായുള്ള ബന്ധത്തിന്റെ പ്രധാന കണ്ണി ലൈംഗികാസക്തിയാണെന്നതിൽ കവിഞ്ഞ സന്ദേശമൊന്നും ഈ ചിത്രത്തിനു നൽകുവാനില്ല. ആഭാസകരമായ ഒരു പരാജയമാണ് ഈ ചിത്രം. ഇതിനു മുൻചിറക്കിയ മലയാള ചിത്രങ്ങളുടെ പടിവാതൽ കാക്കാനുള്ള കലാബോധംപോലും ഈ ചിത്രത്തിനില്ല. ആ ഭാസത്തരങ്ങളും ഫാത്തിമാ മാതാവും ഒന്നിച്ചു തുന്നിച്ചേർത്തു തുടപുറത്തു കാണുന്ന കാലുറകളണിയിച്ച ലളിതയുമായി മനുഷ്യന്റെ അന്ധവും, വികലവുമായ വാസനകളെ ഒരേസമയം പോഷണം ചെയ്യാനുള്ള സെല്ലിലായിരിക്കൽകൂടിയുള്ള ഒരു കുതമുതലാക്കൽ വ്യവസായം മാത്രമാണ് "പ്രസന്ന."

—കുമുദി [illegible]



ദന്തശോധനത്തിനും
ദന്തരോഗനിവാരണത്തിനും
ഏറ്റവും പറ്റിയതു.

വാസുദേവവിലാസം
ആയുർവ്വേദഫാർമസി
കോട്ടയ്ക്കകം തിരുവനന്തപുരം

ഒരു കഷണം റൊട്ടി

ഭയങ്കരമായ ക്ഷാമം. കള്ളിമുള്ളും മുള്ളാത്തിപോലും ഉണങ്ങി വരണ്ടുപോയി. ഗ്രാമത്തിലുള്ള പച്ചിലയെല്ലാം പട്ടിണിക്കോലങ്ങൾ തിന്നുതീർത്തു. ഒരോരുത്തരായി ആ ബുഭുക്ഷുക്കൾ പട്ടണത്തിലേക്കു നീങ്ങി. ബാബുവും അവരെപ്പോലെ നഗരത്തിലേക്കു നടന്നു. അവനും ഒരു വണ്ടിയിൽ വലിഞ്ഞുകേറി. വഴിയിൽ അവൻ കണ്ടു, ആളുകൾ ചത്തുവീഴുന്നതു്. ആണും, പെണ്ണും, കിഴവികളും യുവതികളും, മുലകുടിക്കുന്ന കുട്ടിയും, കണ്ണുകാണാത്ത കിഴവനും. ആയിരക്കണക്കിനു പട്ടിണിക്കോലങ്ങൾ റോഡരികിൽ നിരന്നു കിടന്നിരുന്ന എണ്ണത്തെയോ ബാബു രക്ഷപ്പെട്ട. അവനതന്നെ അത്ഭുതം തോന്നി. അതെങ്ങനെ സംഭവിച്ചു? അവൻ എന്തുകൊണ്ടു മരിച്ചില്ല? അവൻ തനിച്ചായിരുന്നതുകൊണ്ടായിരിക്കാം. അവനു് ആരുടേയും കാര്യമനേഷിക്കേണ്ട. അച്ഛനില്ല, അമ്മയില്ല, ഭാര്യയില്ല, കുഞ്ഞില്ല, ബന്ധുക്കളാരുമില്ല. അവനു് ആശ്രയം കാത്തുനില്ക്കേണ്ട. എവിടെ വേണമെങ്കിലും പോകാം. അതിരാവിലെ, ആരും ഉണരുന്നതിനു മുമ്പുതന്നെ, അവൻ തെരുവിൽ ഹാജരാകും—യാചിക്കുവാൻ. എച്ചിൽവീപ്പയിൽ ആദ്യമായി ഗവേഷണം നടത്തുന്നതു് അവനായിരിക്കും. അപ്പക്കഷണങ്ങളും കഴകന്റെ കണ്ണുകൊണ്ടു് അവൻ തിരയും. കഞ്ഞിപ്പുരയുടെ കതകു തുറക്കുംമുമ്പേ അവൻ അവിടെ ഹാജരുണ്ടു്. തെണ്ടികളും വരിയായി നിരന്നു നിൽക്കും. ഒന്നാംസ്ഥാനം ബാബുവിനുതന്നെയായിരിക്കും. ചട്ടിയും നീട്ടി കൊതിയൂറി അവൻ നിൽക്കും. പൊള്ളുന്ന കഞ്ഞിവെള്ളം ആദ്യം കിട്ടുന്നതും അവനുതന്നെ.

ഉർഭരയായ ആ പട്ടിണിപ്പാവങ്ങളിൽ, അവനെ അറിയാവുന്നവരെല്ലാം പറയും, ഒരു നാഴിക അകലെ നിന്നാലും അവനു് ചോറിന്റെ മണം തിരിച്ചറിയാമെന്നു്. പട്ടണത്തിൽ എവിടെയെങ്കിലും ദീനാനുകമ്പയുള്ള ഒരു മാന്യൻ ഒരു കഞ്ഞി സദ്യ നടത്തിയാൽ, അവിടെയുണ്ടു് ബാബു. തീരുമാനിച്ചതാണു്. എവിടെയുമുണ്ടു് ബാബു. ഒരു അടുക്കളയിൽ നിന്നു ഒരു മുറി ദോശ വെളിക്കൊട്ടറിഞ്ഞാൽ, ബാബുവിനെ അവിടെയും കാണാം. ദോശ നിലത്തു വീഴും മുമ്പേ അവന്റെ വായിലാകും. അവന്റെ പഞ്ചേന്ദ്രിയങ്ങളും ചെവിയോർത്തു കാത്തുനിൽക്കും—എവിടെ പോറു്, പോറു്? നാലുമൈലകലെയായാലും, അടുപ്പിൽ എന്തെങ്കിലും പാകമാകുന്നതിന്റെ മണം അവനറിയാം; അവന്റെ [illegible]ന്നു് വേട്ടപ്പട്ടിയുടേതുപോലെ തുടിക്കുന്നതായിരിക്കും. നല്ല കനമുള്ള കട്ടിയുള്ള ഒരു മണിച്ചോറു റോഡിന്റെ നടുക്കുകിടന്നാൽപോലും ബാബുവിനുകാണാം. ഉറക്കംപിടിച്ചുകഴിഞ്ഞാൽ അവൻ സ്വപ്നംകാണുകയായി. മധുരിക്കുന്ന പാൽ പതച്ചുപൊങ്ങുന്ന പാല്പൂടൽ; മാനംമുട്ടുന്ന പൊക്കത്തിൽ, കുന്നുകുന്നായി പൂട്ടുള്ള ജിലേബി, കൊതിയൂറിയൂറി അവൻ നുണച്ചിറക്കും. ഉണർന്നിരിക്കുമ്പോഴെല്ലാം അവനു ഒരേ ഒരു ചിന്തയേയുള്ളു. അടുത്ത ശാപ്പാടു്, അതിനുള്ളവഴി, അതുമാത്രമാണു് അവന്റെ ആലോചന. ഒരു അപ്പക്കഷണത്തിനുള്ള മഹായുദ്ധം, അതു സമ്പാദിക്കുന്ന മാത്രയിൽ—ഒരു സർവസൈന്യാധിപൻ ഇതിലും ഗഹനമായി ചിന്തിക്കുകയില്ല, യുദ്ധംജയിക്കുന്ന മാത്രത്തെപ്പറ്റി. ഒരു കാമുകൻ, ഹൃദയംകവർന്ന കിശോരിയെ കിനാവുകാണുന്ന പ്രേമഗായകൻ അവളെപ്പറ്റിയുള്ള സുന്ദരസ്വപ്നങ്ങളിൽ ഇത്രമാത്രം മുഴുകിപ്പോകാറില്ല, ബാബുവിനെപ്പോലെ, ഒരു ഉരുളച്ചോറിനെപ്പറ്റിയുള്ള അവന്റെ സ്വപ്നാടനംപോലെ. മറ്റെല്ലാനൈസർഗ്ഗികവാസനകളും അവനിൽ മരിച്ചുപോയി. വിശപ്പു അവയെയെല്ലാം വകവരുത്തി; മറ്റെല്ലാ ആഗ്രഹങ്ങളും കൊലചെയ്തു. റോഡിൽകൂടി സൌന്ദര്യം ഉടലെടുത്ത ഒരു പെൺമണി കടന്നുപോയെന്നിരിക്കട്ടെ. അവൻ അവളെപ്പറ്റി ചിന്തിക്കുകയില്ല. പക്ഷേ അവളുടെ കപോലങ്ങളെപ്പറ്റി ആലോചിക്കും. തുടുതുടുപ്പുള്ള ആ ചുവന്ന പെള്ള നല്ല ചൂടുള്ള റൊട്ടിപോലെയിരിക്കുന്നു. ഹാ! നല്ല മാതളപ്പഴത്തിന്റെനിറം. അവിടം ഒരു ഉരുള പോറായിരുന്നെങ്കിൽ, ചൂടുള്ള, ആവിയെടുക്കുന്ന പോറു്. അല്ലെങ്കിൽ ഒരു മാമ്പഴം, ഒരു കഷണം അലുവാ—എങ്കിൽ ഹാ! അവൻ ചവച്ചു ചവച്ചു കൊതിയൂറി അങ്ങു ഇറക്കുമായിരുന്നു!

ഗവണ്മെന്റിന്റെ പ്രഖ്യാപനമുണ്ടായി, ഇനി ക്ഷാമമില്ല. ക്ഷാമം തീർന്നുപോയി എന്നു്. ഗ്രാമങ്ങളിൽനിന്നു തുരത്തിക്കൂടിയ തെണ്ടികളെയെല്ലാം പട്ടണത്തിൽനിന്നു തുരത്തിവിട്ടു. എങ്ങനെയൊ ബാബുമാത്രം രക്ഷപ്പെട്ട. അവൻ പോലീസിന്റെ കണ്ണിൽ മണ്ണിട്ടു. വർഷങ്ങൾ പലതുകഴിഞ്ഞു. അപ്പോഴും അവൻ പട്ടണത്തിലുണ്ടു്.

ഒരു ഒഴുകുമേഘംപോലെ, പട്ടിണിയുടെ കരാളത അന്തരീക്ഷത്തിൽ പിന്നെയും പരന്നു. കർഷകന്റെ മൺകൂരകളെ കടന്നു് അവ നഗരത്തിലെ ദരിദ്രഗേഹങ്ങൾക്കു് മുകളിൽ നിരന്നു. ഇടത്തരക്കാരന്റെ അന്തരീക്ഷം കാർമേഘാവൃതമായി. കഞ്ഞിപ്പുരകളും അടഞ്ഞു. ആരും മുക്കിയ കൈ തുറക്കുകയില്ല. ഭിക്ഷ കൊടുക്കുവാൻ ആളില്ല. കൂപ്പുകുറിയിലേക്കു ആരും എച്ചിലുപോലും വലിച്ചെറിയുന്നില്ല. ബാബുവിന്റെ കാര്യം പരുങ്ങലിലായി.

അവൻ എല്ലാ വിദ്യയും പ്രയോഗിച്ചിട്ടുണ്ടു്; ലജ്ജയില്ലാതെ യാചിച്ചിട്ടുണ്ടു്; ഓടകളും അരിച്ചിട്ടുണ്ടു്; കൂപ്പത്തൊട്ടികളും കഴുകി വെടിപ്പാക്കിയിട്ടുണ്ടു്; പക്ഷേ മോഷ്ടിച്ചിട്ടില്ല. അവനു് ചോറു കിട്ടീട്ടില്ല. എന്തുകൊണ്ടൊ അവൻ അറച്ചു; മോഷ്ടിക്കുവാൻ; കുറഞ്ഞപക്ഷം ചോറിനുവേണ്ടിപോലും. ദൈവത്തെ ഭയന്നിട്ടായിരിക്കുമോ? അതോ പോലീസിനെ പേടിച്ചിട്ടോ? അല്ല. എന്തോ അവനെ പിന്തിരിപ്പിക്കും. ചോറു കാണുമ്പോൾ അവനു് എന്തെന്നില്ലാത്ത മോഹം തോന്നും; മോഷ്ടിക്കുവാൻകൂടി തയാറാകും. പക്ഷേ എങ്ങനെയൊ അവനു് അതിനുള്ള ധൈര്യം തോന്നുകയില്ല.

എല്ലാവരിലും ഒരു അതിരില്ലെ? മനുഷ്യന്റെ ഏറ്റവും ശക്തമായ സന്മാർഗ്ഗിക ബോധത്തിനും ഒരു അതിരുണ്ടു്. മൂന്നു ദിവസം അവൻ പട്ടിണികിടന്നു. ബാബുവിന്റെ മനസ്സാക്ഷി എരിഞ്ഞുപോയി. വയറു കുടി നക്കട്ടില്ലെന്നോടു് ചോന്നു നിവർന്നു നിൽക്കുവാൻപോലും അവനു ശക്തിയില്ല. നടക്കുന്നതോ പോകട്ടെ. കണ്ണുകൾ കഴിഞ്ഞതാണെ. അശക്തമായി പോളകൾ അടഞ്ഞു അവൻ ഉറങ്ങിയില്ല. അവൻ തളർന്നു വീണുപോയതാണു്. മരണത്തിന്റെ മാടിവിളിക്കൽ അവന്റെ കാതുകളിൽ മുഴങ്ങി. എവിടെപ്പോയി അന്വേഷിക്കാനാണു്? ചുണ്ടനക്കുവാൻപോലും അവനു വയ്യ. പിന്നെ പോറു പോളിക്കുന്നതെങ്ങനെ? ബുദ്ധി മൂഢമായിപ്പോയി. അവനു ആലോചിക്കുവാൻകൂടി വയ്യ. അവൻ ജീവച്ഛവമായി നെടുംപാടു കിടന്നു. ലോകം മുഴുവൻ വിവിധ നിറത്തിലുള്ള പതാകകളും പച്ചയും, നീലയും, മഞ്ഞയും ചുവപ്പും മഴവില്ലിന്റെ എല്ലാ നിറങ്ങളും. വീടുകൾക്കു മുകളിൽ കൊടിക്കൂറകളും പാറിക്കളിക്കുകയാണു്; മട്ടുപ്പാവുകളിൽ മിന്നിതിളങ്ങുന്നു. സന്തോഷം നിറഞ്ഞു, പുഞ്ചിരിക്കുന്ന, സ്തുതിമധുരമായി പാടുന്ന മുഖങ്ങളും. മോടിയായി അണിഞ്ഞൊരുങ്ങിയ പെൺമണികളും. പാറംപാറമായി അവർ നടന്നു മ

—കാണാം അടുത്തലക്കത്തിൽ—

കെ. അഹമ്മദ് അബ്ബാസ്

കെ. കെ. വാദ്ധ്യാരുടെ കത്ത്

ഇന്നകിട്ടിയ 23—ാം ലക്കം കേരളമുദിയിൽ, "ശ്രീ നാരായണ സന്ദേശത്തിന്റെ തെറ്റായ വ്യാഖ്യാനം" എന്ന തലക്കെട്ടിലുള്ള എന്റെ ലേഖനത്തിനു് പത്രാധിപരുടെ ഒരു കുറിപ്പുകാണുന്നു. അതിൽ ചില ഭാഗങ്ങളെക്കുറിച്ചു രണ്ടുവാക്കു്. "അദ്ദേഹത്തെ മതത്തിന്റെ തലനാരു കീറാൻ മാത്രം പഠിച്ച ഒരു വേദാന്തിയായി തരംതാഴ്ത്തരുതെന്നു് വായനക്കാരോടും അത്തരക്കാരോടും എനിക്കു് അഭ്യർത്ഥനയുണ്ടു്." സ്വാമിയെ അത്തരം ഒരു വേദാന്തിയായി ഞാൻ തരംതാഴ്ത്തി എന്ന ആരോപണം അടിസ്ഥാനരഹിതമാണു്. എന്റെ ലേഖനത്തിൽ സ്വാമിയുടെ വേദാന്തത്തെപ്പറ്റി ഒരക്ഷരമില്ല. സ്വാമിസന്ദേശത്തെ പരാമർശിച്ചു് പ്രസംഗിക്കേണ്ടിവരുമ്പോഴും ഇതു വേദാന്തക്കാര്യമൊന്നും ഞാൻ പറയാറുമില്ല. കാരണം. മതവും വേദാന്തവും ഞാൻ പഠിക്കാത്ത വിഷയമാണു്. സ്വാമിയെ സംബന്ധിച്ചു മഹത്ത്വവിപ്ലവകാരിയായി ഞാൻ കണ്ണന്നില്ല എന്ന ധ്വനിയും അയക്കുന്നുമാണു്. സ്വാമിയെപ്പറ്റി ഞാൻ പറയാറുള്ളതു് ആ ഭാവം മാത്രമാണു്. പക്ഷെ സ്വാമിയുടെ "ഒരു ജാതി, ഒരുമതം" എന്ന സന്ദേശത്തിനു് സ്വാമിതന്നെ നൽകീട്ടുള്ള വ്യാഖ്യാനം ഏതു് എന്നു വിവരിക്കുന്നേടത്തു് അക്കാര്യമല്ലാതെ വിപ്ലവക്കാര്യമൊന്നും പറയേണ്ടതില്ല. "അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരറ്റം മാത്രം തപ്പിയെടുത്തു" എന്നതിലും ഒരു സൂചനയുണ്ടു്. ഒരറ്റം തപ്പിയെടുത്തതല്ല, ആ ഒരറ്റം മാത്രം പ്രതിപാദന വിഷയമായി വന്നുചേർന്നതാണു്, "മുഴുവൻകണ്ടഭാവം" നിശ്ചയമായും എന്റേതല്ല. "താക്കീതുകൊടുക്കുക കത്തുകവകാശത്തിനും ഇരുട്ടുക" എന്നതിലെ കത്തുകവകാശക്കാര്യം അതിരുകടന്ന ആരോപണമായിപ്പോയി എന്റെ ലേഖനത്തിന്റെ ആദ്യഭാഗത്തുതന്നെ, ഈ സന്ദേശത്തിന്റെ വ്യാഖ്യാനക്കാര്യത്തിൽപ്പോലും മറുള്ളവർക്കാണു് "ഹോംസെയിൽ" അവകാശമെന്നു് തുറന്നു പറഞ്ഞുകൊണ്ടാണു് എന്റെ പുറപ്പാടു്. "മറ്റുള്ളവർ സോഷ്യലിസം പ്രസംഗിക്കാനോ.....

എന്നു തുടങ്ങുന്ന ഒടുവിലത്തെ വാക്യത്തിൽ സോഷ്യലിസത്തിന്റെ

ണ്ണ്? അവൻ വളരെനേരം ആലോചിച്ചു ലാക്കപ്പിൽ കിടന്നു, നിശ്ചയിച്ചു മണിക്കൂർനേരം അവൻ ചിന്തിച്ചു: ഈ പുതിയ വാക്കിന്റെ അർത്ഥമെന്തായിരിക്കും?

എന്തോ കീഴുങ്ങുന്ന ഒരു ശബ്ദവും ഒരു വിളക്കിന്റെ വട്ടത്തിൽ ദേശപോലെയുള്ള മങ്ങിയ പ്രകാശവും. ഇരുമ്പിലുള്ള ഒരു തലംനിരങ്ങുന്നശബ്ദം. ആരോ കൂരയ്ക്കുന്നതുപോലെ പറഞ്ഞ "ഉം തിന്നോ"

ബാബു തിരിച്ചുനോക്കി. അവൻ പൊട്ടിച്ചിരിച്ചുപോയി.

"ഇയ്യ് എന്താടാ നീ ഇതു രസിക്കുന്നതു്" പോലീസുകാരൻ അമ്പരമ്പാടെ മുരണ്ടു. "നീയെന്തിനെടാ ചിരിക്കുന്നതു്."

"എന്താടാ രസിക്കുന്നതു്? എന്താടാ ചിരിക്കുന്നതു്?" ബാബുവിനു ചിരിയടക്കുവാൻ കഴിഞ്ഞില്ല. നിവൃത്തിയില്ലാതെ അവൻ ഉറക്കെ ചിരിച്ചു തറയിൽനോക്കും, ചിരിക്കുപിന്നെയും നോക്കും പിന്നെയും ചിരിക്കും. അന്തമില്ലാത്ത ചിരി.

"മുഴുഭ്രാന്തനാ ഭ്രാന്തൻ" പോലീസുകാരനു മനസ്സിലായി. അയാളും പോയി.

പക്ഷെ ബാബു പിന്നെയും ചിരിതുടർന്നു. പോലീസ്സ്റ്റേഷനിലെ കൽമതിലുകൾക്കു കല്ലുംവണ്ണം അവൻ ചിരിച്ചു അവനു ചിരിയടക്കുവാൻ സാധിച്ചില്ല ആ ഇരുമ്പുതാലത്തിൽ, ഭീമാകാരമായ ഒരു ദേശപോലെ അവനു തോന്നി ആ ദേശയുടെ ഭാരത്തിൻകീഴിലമർന്നു് അവന്റെ ഓർമ്മകെട്ടു.

നാലാംദിവസം അവൻ തീരുമാനിച്ചു. മോഷ്ടിക്കുവാൻ. എന്തുകണ്ടാലും മോഷ്ടിക്കുവാൻ. അവൻ ഉറച്ചു എന്തെങ്കിലും തിന്നണം, എന്തു വന്നാലും ശരി പക്ഷെ എങ്ങനെ? എവിടെ; അവൻ എഴുന്നേൽക്കുവാൻശ്രമിച്ചു കാലുകൾ വിറച്ചുള്ളുന്നു. ഒരുവിധത്തിൽ അവൻ രണ്ടു കാലിൽനിന്നു.

നഗരത്തിൽ ഭയങ്കരമായ ആരവം കേൾക്കുന്നു. ഉത്സവപ്രതീതി ഉത്തോലനം ചെയ്യുന്നു. അതാ അവിടെ അവൻറെമുമ്പിൽ—ഒരു കാഴ്ചയുണ്ടു് ഒരു കാഴ്ചയുണ്ടു്!

റയുന്നു. ബാബുവിനു കാര്യം മനസ്സിലായില്ല—ഇതെല്ലാം എന്താണു്? അറിയണമെന്നു അവനു വലിയ താല്പര്യവുമില്ല. ഏതോ വിശേഷദിവസമാണെന്നു് അവൻ മനസ്സിലായി. വിശേഷദിവസങ്ങളിൽ, രുചിയുള്ള ശാപ്പാടു കിട്ടുമെന്നുള്ളതിൽ സംശയമില്ല.

അവനു ബോധമില്ല. അവൻ എവിടെപ്പോകയാണെന്നു്; കാലുകൾ അവനെ എവിടേയ്ക്കു് വലിച്ചിഴയ്ക്കുകയാണെന്നു്; പക്ഷെ ഒരു കാര്യം അവനു വ്യക്തമായി, അവന്റെ മുഖം അവനോടു മന്ത്രിച്ചു, അടുത്തു എവിടേയോ ചോറുണ്ടെന്നു്. തുരുമ്പിച്ചിഴഞ്ഞ കൺപോളകൾ ഒരു വിധത്തിൽ തുറന്നു അവൻ നോക്കി. ഹാ! അവന്റെ സ്വപ്നങ്ങളെല്ലാം സഫലീകൃതമായിരിക്കുന്നു ഒരു ശാപ്പാട്ടുരാമന്റെ സ്വർഗ്ഗം അവൻ കൺമുമ്പിൽ കണ്ടു; തുറന്നുകിടക്കുന്ന ആ വാതായനത്തിനുള്ളിൽ! കേക്കുകൾ, പലഹാരങ്ങൾ, കോഴിയുടെ പൊരിച്ച കാലുകൾ, മുരിച്ച മത്സ്യം, ഒന്നാംതരം സൂപ്പു, തളികകൾനിറയെ തക്കാളിയും, പഴങ്ങളും, കായ്കനികളും. ഗ്രാൻഡ് ഹോട്ടലിന്റെ അടുക്കളയാണതു്. പക്ഷെ ബാബു അതൊന്നും അറിഞ്ഞില്ല അവൻ ആലോചിച്ചതേയില്ല. അവൻ മടിച്ചുനിന്നില്ല ഒരു മിന്നിട്ടുപോലും. അവൻ കൈനീട്ടി; പൊരിച്ച മീനിന്റെ നേരെ. അതേ ഒരുക്ഷണം റൊട്ടി. മേശപ്പുറത്തു കിടക്കുന്നു; അരികിൽ ഒരു വലിയ പിച്ചാത്തിയും. "റൊട്ടി" അവന്റെ ഹൃദയം നിറഞ്ഞു. "റൊട്ടി" "റൊട്ടി" അവൻ മന്ത്രിക്കുകയായി അവൻ റൊട്ടിയിൽ കൈവച്ചു രുചിയേറിയ മറ്റൊല്ലാം അവൻ മറന്നു പരിചിതമായ ആ മണം മാവിന്റെയും നെയ്യുടേയും മണം. അവന്റെ മുഖം വിടർന്നു അവൻ വിചാരിച്ചു. "ഹാ റൊട്ടി റൊട്ടി ഇത്ര രുചിയുള്ള മറ്റെന്തെങ്കിലുമുണ്ടോ ലോകത്തിൽ!" അവൻ വായിളർന്ന അതു കടിക്കുവാൻ പക്ഷെ—വായ് തുറന്നിരുന്നപോയി. അവിടെയൊരു ബഹളം ആളുകൾ ഓടിയെത്തുന്നു. അടുക്കളക്കാരും പരിചാരകന്മാരും. ബാബുവിനെ അവർ പിടികൂടി. റൊട്ടിക്ഷണം പിടിച്ചു പറിച്ചു. മുതുകിലും തലയ്ക്കും പടപടാ അടിച്ചു, പിടിച്ചു, തൊഴിച്ചു അവനെ വലിച്ചിഴച്ചു വെളിയിലിട്ടു. പോലീസിനെ ഏൽപ്പിക്കുകയും ചെയ്തു.

പോലീസുകാർ അവനെ പിടിച്ചുകൊണ്ടുപോയി. അവൻ കേട്ടു, ഒരു അടുക്കളക്കാരൻ പറയുന്നു "തന്തയില്ലാത്ത കഴുവേറി! അവൻ വിചാരിച്ചു, അവനും സ്വാതന്ത്ര്യദിനം അടിച്ചുകളയുമെന്നു്" കേട്ടു നിന്നവരെല്ലാം ചിരിച്ചു. പക്ഷെ അവനു മനസ്സിലായില്ല. അയാൾ പറഞ്ഞതിൽ എന്താണു തമാശ, ചിരിക്കുവാൻ വേണ്ടി. "ഡിന്നർ" എന്ന വാക്കിന്റെ അർത്ഥം അവനറിയാം. ആഹാരത്തിന്റെ പേരു ഏതു ഭാഷയിലായാലും അവനു അറിയാൻ കഴിയും പക്ഷെ ഈ "സ്വാതന്ത്ര്യം" എന്നാലെന്താ

★ കാത്തിരിപ്പ് ★



വെള്ളത്തിന്റെ വരവുതുടങ്ങിട്ടേയുള്ള. മുട്ടിനുമേൽ വെള്ളമായെങ്കിലും കുപ്പുമുഴവൻ പറിച്ചുതീർന്നിട്ടില്ല. മുഴുപ്പൽപം ശ്രമമുണ്ടെങ്കിലും പടിഞ്ഞാറ്റ്വീണ്ടും ഇരുണ്ടുകയറുകയാണ്. തഴച്ചുവർത്തുവന്ന ആ ഒറ്റിക്കപ്പുമുഴവൻ കിഴങ്ങുവയ്ക്കുന്നതിനുമുമ്പ് വലിച്ചുപറിക്കേണ്ടിവന്നതിൽ വരുഗീസിന്റെഹൃദയം നൊന്തു പക്ഷേ വേഗം പറിച്ചെടുക്കയല്ലാതെ ഗത്യന്തരമില്ല. വരുഗീസും തന്റെ ജ്യേഷ്ഠനുംകൂടി സ്വന്തമായി വാരംമാടിനട്ട വളമിട്ടുവളർത്തിയതാണ് ആ കുപ്പുമുഴവൻ. പലപ്പോഴും അവർ വെറുംവയറോടെയാണ് അതിനു പണിഎടുത്തിട്ടുള്ളത്. അതിന്റെ കാരോ മുപ്പടിനും അവരുടെ ശുശ്രൂഷ ഏറ്റിട്ടുള്ളതിനാൽ അതു് തഴച്ചുവളർന്നു. ആരോഗ്യപൂർണ്ണമായ ഇടതിങ്ങിയുള്ള, അതിന്റെ വളർച്ച അവർക്ക് എത്രെന്നില്ലാത്ത ആശ്വാസവും സംതൃപ്തിയും നൽകിയതാണ്. ഓരോസമയവും അവർ അതിനിടയിൽകൂടിപ്പോകുമ്പോൾ കുപ്പത്തെത്തകാം, തണ്ടുകളുടെ കൈകാം നീട്ടി അവരെ ആമോദത്തോടെ ആശ്ലേഷിക്കാറുണ്ടായിരുന്നു പകൃതി വളർച്ചപോലും എത്താത്ത അതു് ഇന്നു് ഏഴെട്ടുപണിക്കാർക്കിന്നു് പറിച്ചെടുക്കയാണ്. ഓരോ മുപ്പട്ട പറിക്കുമ്പോഴും അവർ അതിൽ നോക്കിപ്പോകാറുണ്ട്.

"ഭാഗ്യമില്ലടാ വരുഗീസേ! ഇതു മൂത്തുകിട്ടിയാരുന്നെങ്കി മൂന്നു പോടിനു് രണ്ടുലോലൻ കുപ്പു തുപ്പിക്കുമായില്ല. വെള്ളപ്പൊക്കം കയറാനിടയില്ലാത്ത മാറിസ്ഥലങ്ങളും കുപ്പുകൃഷിക്കു കൊള്ളാവുന്നതായി തന്റെ ജന്മിക്കണ്ടെന്നു് അവനറിയാം. അവിടെയെല്ലാം അയാൾ ദിവസങ്ങളായി കൊടുത്തു് "തനതു" കൃഷിചെയ്യിക്കുകയാണ്. ഈ താഴ്ചപ്രദേശങ്ങളും പങ്കുകൃഷിക്കായി അയാൾ വിട്ടതന്നതു് ഒന്നും അറിയാഞ്ഞിട്ടല്ലെന്നു് വരുഗീസിനു മനസ്സിലായി.

"യോഗോം യോഗക്കൊറവും ഒന്നും അല്ലപ്പേട്ടാ ഇതു്—ഇതിനൊക്കെ വഴി വേറെയൊണ്ടു്" വരുഗീസ് ക്ഷോഭിച്ചപോലെയായി.

"മതിയാ, നിന്റെപ്രസംഗം ഒന്നും ഇപ്പ വേണ്ട. വേഗം ഇരുട്ടുംമുമ്പു കുപ്പു മിറത്തുകേറ്റാം" തന്റെ മൂത്തജ്യേഷ്ഠൻ ഇടക്കുകയറിപറഞ്ഞു.

കുപ്പുപറിച്ചു പാടങ്ങളിലെ വെള്ളം മുഴുവൻ പോരപോരെ ചുവന്നിരുന്നു. കടിച്ചൊയപ്പെട്ട കുപ്പത്തണ്ടുകൾ അലച്ചുകൊണ്ടിരുന്ന ആ വെള്ളത്തിൽക്കിടന്നു ഇപ്പോഴും പിടയ്ക്കുന്നു. വീണ്ടും കാറ്റും മുഴയും ആരംഭിച്ചു. അവർ ഒത്തുശ്രമിച്ചതിന്റെ ഫലമായി കുപ്പ ഒട്ടുമുക്കാലും ഇരുട്ടും മുമ്പുതന്നെ അവരുടെ കൂരയുടെ മുറ്റത്തായി, മൂന്നാലു പേക്ക് തിട്ടത്തിൽ പോരാണ്ടുണ്ടായിരുന്നു. അവർ ജോലി മുഴവൻ തീരുന്നതിനു മുമ്പുതന്നെ യാത്രപറഞ്ഞുപോയി.

ജോലി തീർന്നപ്പോഴേക്കും അവർ തണുപ്പുകൊണ്ടു വിറയ്ക്കുന്നുണ്ടായിരുന്നു.

"കുറച്ചു പക്കരക്കുപ്പി പൂടാക്കീട്ടുണ്ടു മക്കളേ. കൊറച്ചു കുപ്പോം കഴിച്ചു്. നിങ്ങളും ആ തുണിയെല്ലാം പിഴിഞ്ഞു് നന്നായിതോർത്തിൽ" സ്നേഹസമ്പൂർത്തിയായ അവരുടെ തള്ളയാണ് അതു പറഞ്ഞതു്. മുഷിഞ്ഞ വസ്ത്രങ്ങളാണ് അവർ ധരിച്ചിരുന്നതെങ്കിലും സ്നേഹവും ദയയും കലർന്ന അവരുടെ പ്രകൃതത്തിൽ ആക്കം ഒരു മതിപ്പുതോന്നും.

അവർ നാലുപേരും നനഞ്ഞ ഉടുതുണിയുമായിരുന്ന ആ കുടിലകത്തു് വെറും തറയിൽ വട്ടമിട്ടിരുന്നു. വർഗീസും തന്റെ ഏക സഹോദരൻ പൗലോസും, അവരുടെ രണ്ടു ആത്മമിത്രങ്ങളായ അന്ത്രുക്കൊച്ചും നാരായണനും. എല്ലാവരും യുവാക്കന്മാരാണ്. മുറുകുപ്പുയിൽ നീ

എസ്. സി. കമ്മത്ത്

വീതം കിട്ടാനാക്ഷേപമില്ലായിരുന്നടാ! ഉം പറച്ചിട്ടെത്രപലം. യോഗംഇല്ലാണ്ടുപോയി!"

അമ്മതന്നെ പിതൃതുല്യം സ്നേഹിക്കുന്ന ഒരു വയോധികനായ കുടുംബക്കാരനാണ് പറഞ്ഞതു്. പക്ഷേ വരുഗീസിനു് ആ സമാധാനം നൽകീട്ടുള്ള വ്യത്യാസം ഇന്നതെന്നു മൂണ്ടിക്കാണിക്കാനുള്ള ശ്രമമായിരുന്നു എന്റേതു്. അതിൽ ഏതെങ്കിലും തെറ്റു പറഞ്ഞിട്ടില്ലെന്നാണ് ഇതെഴുതുമ്പോഴും വിശ്വസിക്കുന്നതു്. ആ വ്യാഖ്യാനത്തിൽ സ്വാമിയുടെ സാമൂഹ്യവീക്ഷണങ്ങൾക്കു പറയേണ്ട കാര്യമുണ്ടായിരുന്നില്ല. ഒതുങ്ങിയ മട്ടിലുള്ള ആ പ്രതിപാദനത്തിൽ സർവ്വജ്ഞഭാവവും കുത്തകാവകാശവും മറ്റും ആരോപിച്ചതു് തീരെ ശരിയായില്ല.-

വിധേയൽ.

കെ. കെ. വാര്യർ

[സാമാന്യമര്യാദ കരുതി ഈ കത്തു പ്രസിദ്ധീകരിക്കുന്നു. ഇതു സംബന്ധിച്ചു യാതൊരുവാദപ്രതിവാദവും തുടരുന്നതല്ല—പത്രാധിപർ]

കുത്തകാവകാശം പത്രാധിപർ സ്വയം ചുരിപ്പിക്കുന്നു. നന്നു്! ആരിൽക്കൂടിയെങ്കിലും സോഷ്യലിസം വരട്ടെ. "പുരോഗതിയിലേക്കുള്ള ഒരേ പാതമാർക്സിസം മാത്രമാണെന്നു്" വിശ്വസിക്കുന്ന എന്നെപ്പോലുള്ള അനേകലക്ഷം പേരു്, സോഷ്യലിസത്തിനുവേണ്ടി കുത്തകയെടുത്തു വരുന്ന ആരെയും ബഹുമാനിക്കാനേ ശ്രമിക്കൂ. ആ കുത്തക നാക്കിൽ മാത്രം ആകാതിരിക്കട്ടെ എന്നു് ആശംസിക്കയും ചെയ്യും.

ശ്രീ നാരായണ സന്ദേശത്തിന്റെ അധികൃത വ്യാഖ്യാനം, എന്നപേരഞ്ഞാൽ ശ്രീ നാരായണൻതന്നെ

രാവി പാഠിക്കളിച്ചു. കപ്പക്കം സാമാന്യം മൂ
ടണ്ടായിരുന്നു. കോപ്പുകളിലേക്ക ചുവന്ന ചക്ക
രമായ പകൻകൊണ്ടിരിക്കെ അവരുടെ ത
ള്ളപറഞ്ഞു.

"അടുപ്പിലുവരെ ചോരുന്നുണ്ട മക്കളേ നാലു
നാഴികൊണ്ടാ ഇത കാപ്പി മൂടായതു്. ചോ
രാത്തസ്ഥലം വേണ്ട അടുപ്പ ഒന്നു മാറിക്കിട്ടാ
മെന്നു വച്ചാലു്. ഇത മഴക്കാലം എങ്ങനെ കഴിച്ചു
കൂട്ടുവോ എന്തോ!"

അക്കൊല്ലം ആ ക്രൂര മേഞ്ഞിട്ടില്ല. പകൻവ
ച്ച കാപ്പിയിലും വെള്ളം ഇറങ്ങിവീണു. എല്ലാ
യിടവും ചോരുന്നുണ്ടു്. കാറ്റും മഴയും വീണ്ടും
ശക്തിപ്പെട്ടു. തട്ടിക ഇളക്കിക്കൊണ്ടു കാറ്റ
പുരയ്ക്കകത്തേക്കും കയറിവീശി. കത്തിക്കൊണ്ടി
രുന്ന വിളക്കിന്റെ തിരി അതിൽ പ്രതിഷേധി
ച്ചു് പ്രക്ഷോഭണംകൂട്ടി. അവർ അരിമണി
നിന്നു് കാപ്പി മൂടാതെ കഴിച്ചു. ഉള്ള വൈ
ക്കോൽ പതുക്കെപ്പതുക്കെ ഒതുക്കിമാറ്റി പല
യിടത്തും അവർ ചോരാതാക്കി. പക്ഷേ ശക്തി
യായ ഒരു കാറ്റുപിടിച്ചാൽ ആ ക്രൂരത്തന്ന
പാന്നപോകുമെന്ന അവർക്കറിയാം. നഷ്ടപ്പെ
ട്ട മനോവീര്യം വീണ്ടെടുക്കുവാൻ അവർ ഒരു
സമരഗാനം പാടി. അതു് അന്തരീക്ഷത്തിന്റെ
ഭീകരതയെ കുറയ്ക്കുവാനും സഹായിച്ചു. കാ
റും ക്രമേണ ശാന്തമായി. പെട്ടെന്നു് എന്തോ
ഓർത്തുപോലെ വറുഗീസു് ആ വീടിന്റെ
ഒരു മൂലയിൽ വച്ചിരുന്ന തന്റെ വീഞ്ഞുപ്പെ
ട്ടി പോയ്ത്തുറന്നു. അതിലെ പുസ്തകങ്ങളും എ
ല്ലാം നനഞ്ഞു പീഞ്ഞിരിക്കുന്നു. പൊടിയും ചെ
ളിയും കഴുകി അതെല്ലാം മലിനമായിരിക്കുന്നു. വറുഗീസിന്റെ മുഖം വിവർണ്ണമായി. സങ്കട
വും അരിശവും ആ കണ്ണുകളിൽ ഒന്നിച്ചു കാ
ണമായിരുന്നു

തന്നെപ്പോറ്റിയും, തന്നെപ്പോലെ കഷ്ടപ്പെട്ട പ
ണി എടുത്തിട്ടും ജീവിക്കുവാൻ യാതൊരു മാർ
ഗ്ഗവും കാണാതെ കഷ്ടപ്പെടുന്ന ലക്ഷക്കണ
ക്കായ തൊഴിലാളികളെ പറ്റിയും, അവരുടെ
വമ്പിച്ച കഴിവുകളെ പറ്റിയും, മഹത്തായ ഭാ
വിയെ പറ്റിയും ചരിത്രപരമായിത്തന്നെ പ്രതി
പാദിക്കുന്ന അമൂല്യഗ്രന്ഥങ്ങളായിരുന്നു അവ.
ലോകത്തിലെ മുഴുവൻ സമ്പത്തും ഉൽപാദിപ്പി
ക്കുന്നതു തൊഴിലാളിയാണെന്നും, അവരെ ചൂ
ഷണം ചെയ്തും പരസ്പരം വഞ്ചിച്ചും കൊള്ള
ചെയ്തും ആണ് ആ സമ്പത്തു മുഴുവൻ ഒരു ചെ
റുന്യൂനപക്ഷം കൈയ്യടക്കിയിരിക്കുന്നതെന്നും
അവരാണ് തങ്ങളെ ഭരിക്കുന്നതെന്നുമുള്ള ആ
കേവലസത്യംപോലും വേണ്ടത്ര ഗൗരവത്തോടെ
കൂടി അവർ ഗ്രഹിച്ചതു് അതിൽ നിന്നാണ്. ബോധപൂർവം സംഘടിക്കുവാനും തങ്ങളുടെ ന്യാ
യമായ അവകാശങ്ങളും സ്ഥാപിച്ചു കിട്ടുവാനും
വേണ്ടി സമരം ചെയ്യുവാനും അതു് അവരെ ഉൽ
ബോധിപ്പിച്ചു. സകൗശലത്തോടെ നശിപ്പിക്കുക
യും രാജ്യത്തെ മുഴുവൻ ഉൽപാദനോപകരണ
ങ്ങളും രാജ്യത്തിന്റെ പൊതുസ്വത്താക്കുകയും,
ഉൽപാദനത്തിലും വിതരണത്തിലും പൂർണ്ണമായ
ഹിതവും, ശാസ്ത്രീയവുമായ മാർഗ്ഗങ്ങളും അവലം
ബിക്കുകയും ചെയ്യേണ്ട അത്യുദ്ദേശ്യകൃതയെ അ
തു് മുൻകൂട്ടിക്കാണിച്ചു. മുതലാളിത്തത്തിന്റേതും
ജന്മിത്വത്തിന്റേതുമായ അഴിമതികളും ക്രമക്കേ
ടുകളും, അതിന്റെ ഗുണിയതയും; പ്രാകൃതമായ
സാമൂഹ്യബന്ധങ്ങളും, പൂർണ്ണ സമ്പ്രദായങ്ങ
ളും തുറന്നു കാണിക്കുകയും രാഷ്ട്രീയമായും അ
ന്തർരാഷ്ട്രീയമായും മുതലാളിത്വസാമ്രാജ്യത്വശ
ക്തികൾ സ്വീകരിക്കുന്ന നയപരിപാടികളും
പോലും അവർക്കതു് മനസ്സിലാക്കിക്കൊടുത്തു. സ്വർഗ്ഗോപ
രി അവർക്ക ആശയും ആവേശവും നൽകിയ മ
ഹൽ ഗ്രന്ഥങ്ങളായിരുന്നു അവ.

അതു് നനഞ്ഞു അഴുകിവെള്ളമൊലിച്ചു് കു
തിർന്നിരിക്കുന്ന ആ കാഴ്ച്ച അതു് വറുഗീസി
നെ സംബന്ധിക്കുക തന്നെയല്ല ഇനിയും
എത്ര എത്ര തൊഴിലാളികൾ വായിക്കേണ്ടതാ
ണു് ആ പുസ്തകങ്ങൾ. യൂണിയന്റെ വാർഷി
കത്തിനു് ഇനി അല്പദിവസങ്ങളേയുള്ള റിക്കാർ
ഡുകളും നനഞ്ഞിരിക്കുന്നു. അക്ഷന്തവ്യമായത്ര
ഷ്കാന്തിക്കുവിനു് അവർ യൂണിയനോടു് സ
മാധാനം പറയേണ്ടതായി വരികയും ചെയ്യും.

നിസ്സഹായതയും പരിഭ്രമവും അവർ വീതി
ച്ചെടുത്തു. തോർത്തുകൊണ്ടു് അവർ അതിലെ
വെള്ളം ഒപ്പിയെടുക്കുകയും, കാറ്റുകൊള്ളത്തക്ക
വിധം അവ എല്ലാം നനയാത്തിടംനോക്കി ഒരു
പലകയിൽ നിരത്തിവയ്ക്കുകയും ചെയ്തു.

"എടാ വറുഗീസ്സേ, ആ ത്രേസ്യാമ്മക്ക ത
ന്നോടു വലുസ്നേഹവും പ്രസ്ഥാനത്തോടു അനു
ഭാവവും ഒക്കെയാണല്ലോ. ഇതെല്ലാം പുതിയതു
വാങ്ങാൻ അവളോടു കുറെ രൂപ മേടിക്കു" അ
ന്ത്രൂക്കൊച്ചു് രസത്തിൽ തട്ടി.

"വേണ്ട, വേണ്ട, യൂണിയൻപുസ്തകം വാ
ങ്ങാൻ അവരുടെയൊന്നും പണംവേണ്ട. അവളു
വേണമെങ്കിൽ ആദ്യത്തെപ്പോലെ ഇഷ്ടമൊള്ളതു
സംഭാവനചെയ്യട്ടെ. നമുക്കു വേണമെങ്കിൽ സ്വീക
രിക്കാം. അല്ലങ്കിതള്ളാം." പൗലോസ് പ്രതിഷേ
ധം രേഖപ്പെടുത്തി.

ത്രേസ്യാമ്മ അവരുടെ ജന്മിയുടെ മകളാണ്. രണ്ടുകൊല്ലം വറുഗീസും അവരും ഒന്നിച്ചു പഠി
ച്ചിട്ടുണ്ട്. ഫീസിനു് പണമില്ലാത്തതിനാൽ
വറുഗീസ് പഠിത്തംനിറുത്തി. അവരെത്തമ്മിൽ
സ്നേഹിപ്പിച്ചതു് എന്താണെന്നു് അവർ പലപ്പോ
ഴും ഓർക്കാറുണ്ടു്. എപ്പോഴും പ്രസന്നതകളിയാടു
ന്ന അവന്റെ മുഖഭാവമോ, അനുസരണയി
ല്ലാത്ത മനോരിയിൽ കയറിവീഴുന്ന മുടിയോ,
അഴകും ആരോഗ്യവുംതികഞ്ഞ അവന്റെ ആ
കാരസൗഷ്ഠവമോ; അതല്ലാ അവനിലുള്ള അട
ങ്ങാത്ത ജ്ഞാനതൃഷ്ണയോ എന്താണ് അവളെ അ
വനിലേക്കു് ആകർഷിച്ചതെന്നു് അവൾ ഓർ
ക്കാറുണ്ടു്. അവളുടെ ശാരീരികമായ സൗന്ദര്യ
ത്തേക്കാളും തന്റെ ഹൃദയത്തോടു സംസാരി
ക്കുന്ന അവളുടെ കണ്ണുകളാണു് അവനെ അവ
ളോടാകർഷിച്ചതെന്നു് വറുഗീസ് ഓർക്കാറുണ്ടു്.
വളരെ സൗകര്യമായികിട്ടിയ ഒരു ദിവസം വറു
ഗീസ് അവളോടു തുറന്നുപറഞ്ഞു, അവർക്കു
തമ്മിൽ വമ്പിച്ച അന്തരമാണുള്ളതെന്നു് തു
ണംപെയ്യാനാവാത്ത പ്രതിബന്ധങ്ങൾവന്നുനേ
രിട്ടേക്കാമെന്നു്, അവളുടെ അപ്പനുംപ്പേടിയുള്ള
മുഴുവൻ ജന്മിത്വത്തെയും, മുതലാളിത്തത്തെയും
തകർക്കുക തങ്ങളുടെ ലക്ഷ്യമാണെന്നു്. പക്ഷേ
അവൾ ആവേശപൂർവ്വം പറഞ്ഞ മറുപടി ഇതാ
ണു് "തീർച്ചയായും നിങ്ങളുടെ നിലപാടു എ
നിക്കു് വളരെവ്യക്തമായി മനസ്സിലാകുന്നുണ്ടു്.
നിങ്ങളുടെ സമരത്തിൽ ഞാനും നിങ്ങളുടെകൂ
ടെയുണ്ടാവുമെന്നു് ഉറപ്പുപറയുന്നു നമ്മൾത്ത
മ്മിൽ അടുപ്പിച്ചതു്, വ്യക്തിപരമായ സ്നേഹം
മാത്രമല്ല, നീതിക്കും ശാശ്വതമായ സമാധാ
നത്തിനുംവേണ്ടിയുള്ള നിങ്ങളുടെ മഹത്തായ പോ
രാട്ടവുംകൂടിയാണു്" എന്നു് അന്നുമുതൽ അവർ
സഹപ്രവർത്തകരായതാണു്. പക്ഷേ ആ ബന്ധ
ങ്ങളും രഹസ്യമായി സൂക്ഷിക്കേണ്ടതുണ്ടായിരുന്നു.

ദൂരത്തുനിന്നും ജന്മി ആവഴിയെ വരുന്നതുകൊ
ണ്ടു് അവർ സംഭാഷണം പൊടുന്നനവേ നിറുത്തി,
പുറത്തുവന്നു് കട്ടികചാരി.

"കപ്പയെല്ലാം പറിച്ചോടാ പൗലോസേ" അ
യ്യാവു ചോദിച്ചു. "അതു നന്നായിവന്നായിരുന്നു.
യോഗം ഇല്ലാണ്ടുപോയിട്ടാ-പിന്നെ എന്തുചെ
യ്യും-ആകെ ഇരുപതു തുലാൻ കാണുവോടാഇതു്?"
അയ്യാവു അന്വേഷിച്ചു.

"വന്നേക്കും. നാളെ പന്തക്കുകൊണ്ടുപോ
യാൽ—" പൗലോസ് അർദ്ധോക്തിയിൽ വിര
മിച്ചു.

"ശരിയാടാ അതു്. ആകെ വെള്ളം കയറിക്കി
ടക്കുകയാ. ഇനിയും വരവു നിലച്ചിട്ടില്ല. ഇവി
ടത്തന്നെ ഒന്നിച്ചു് ആക്കിക്കിലും കൊടുത്തു് കാ
ര്യമേടിക്കാം. പത്തണ വിലകിട്ടിയായിരിക്കും അ
ല്ലേ?" അയ്യാവു അന്വേഷിച്ചു.

പറയുവാൻ പോകുന്നതിന്റെ ഗൗരവം കാ
ര്യത്തെക്ക സൗമ്യതയും സ്നേഹവും കലർന്ന സ്വ
രത്തിൽ നാരായണൻ ഒന്നു ഉരുവിടുന്നോക്കി

"ഒരു കണക്കിനു ഇതു കപ്പ പോട്ടൻ അവക്ക
വിട്ടുകൊടുക്കേണ്ടതാ. അതിന്റെ ഓഹരികിട്ടീട്ടു
വേണോ പോട്ടനു്, ഇതിനുവേണ്ടി പട്ടിണി
നിന്നുപോലും അവർ പണി എടുത്തതു എന്നി
ക്കറിയാം. അതുകൊണ്ടു പറയുവാ. പാവങ്ങളാ
ക്ക പണക്കാരല്ലേ രക്ഷ!"

"രക്ഷയും ശിക്ഷയുമൊക്കെ കർത്താവിങ്കൽ
നിന്നാ വേണ്ടതു്, സ്നേഹിതാ. വെള്ളപ്പൊക്കം
ഞാൻ പിടിച്ചുനിറുത്തുവോ. ഇതു യാണ്ടാണെങ്കിൽ
ഇനി ഒന്നുംകൂടി കരം കൊടുക്കേണ്ടതായിട്ടാ ഇ
രിക്കുന്നേ. നിങ്ങൾക്ക തോന്നുന്നുണ്ടു് പണ
ക്കാർക്ക ഒക്കെ സുഖമാണെന്നു്. പണക്കാക്ക
ഒരു സുഖോം ഇല്ലാ. ആട്ടെ—എന്തെങ്കിലും സ
ല്ലുമായെങ്കിലും ചെയ്യാൻ നോക്കാം." അയ്യാവു
സ്വയം മറുപടി പറഞ്ഞു.

ഇതോടനുബന്ധിച്ചു് കരം കൊടുക്കുന്ന പ്രശ്ന

അയാൾ ഉന്നയിക്കുന്നു! പുതുതായി ഇക്കൊല്ലം അയാൾ വസൂലാക്കിച്ചതു അവർക്കറിയാം. മുഴുവൻ നെല്ലു കരിഞ്ചന്തയിൽ വിറ്റ പണം.

"ആകെ ഇതിനു് [illegible] ഉപയോഗമറ്റോ കിട്ടും. പേട്ടനു് സൻമനസ്സൊണ്ടെങ്കിൽ പേട്ടന്റെ ഓഹരി പേട്ടൻ വിട്ടുതരണം. അതല്ലെങ്കിൽ കരാറനുസരിച്ചുള്ള പങ്കതി തന്നെ പേട്ടൻ എടുത്തോ. നിങ്ങൾക്കുവേണ്ടി ഞങ്ങൾ എന്തുതന്നെ ത്യജിച്ചിട്ടില്ല" വറുഗീസു് ആവേശപൂർവ്വം തുടർന്നു. "ജീവിതത്തിലെ സകല സുഖങ്ങളും ഞങ്ങൾ നിങ്ങൾക്കായിത്തന്നു. ഞങ്ങളുടെ അപ്പൻ സ്വന്തം കൈ കൊണ്ടു നട്ടതാണി മലയിലും പുരയിടങ്ങളിലും കാണുന്ന ഒരു തെങ്ങും പ്ലാവും, മുളകൂടിയും എല്ലാം. അപ്പൻ ഇത്രവേഗം മരിച്ചുപോകാൻ തന്നെ കാരണം നിങ്ങൾക്കുവേണ്ടി കുഴിയാത്തവേല എല്ലാം എടുത്തിട്ടാ. പേട്ടനു് ഔതറിയാൻ പാടില്ലെങ്കിൽ ഞങ്ങൾക്കതറിയാം. പേട്ടന്റെ ഓഹരി വീടാൻ ഒരുക്കമില്ലെങ്കിൽ കണക്കിനുള്ളതു തന്നെ തൂക്കിയെടുത്തോളണം. പക്ഷേ ഇതിനൊക്കെ കണക്കു പറയുന്നകാലം വരുന്നുണ്ടു പേട്ടാ—വല്യതാമസം ഒന്നും ഇല്ല"

ഇത്രയും കേട്ടപ്പോഴേക്കും അയാൾ കോപം കൊണ്ടലറി "ആയിട്ടാ—ഇനി വലിയ താമസം ഒന്നും ഇല്ല. എവിടംവരെയായി എന്നറിയാൻ ഞാൻ മിണ്ടാതെ നിന്നതാ. ഇനി വല്യതാമസം ഇല്ല—നന്ദിയില്ലാത്ത നീചന്മാർ! നിങ്ങക്കാണോടാ ഋണം ചെയ്യേണ്ടേ? കെട്ട പോർക്കുകൾ" അയാൾ നടന്നു കഴിഞ്ഞിരുന്നു.

"അവന്റെ കരം!" എല്ലാവരും പൊട്ടിച്ചിരിച്ചു. തിരിഞ്ഞുനടന്ന ജന്മിയുടെ പുറത്തു് ആഞ്ഞു് ഒരടിപോലെ അതു് പെന്നു ഏറുകാണും.

* * * * *

തൊഴിലാളികൾ ആവേശപൂർവ്വം കാത്തിരുന്ന ആ സുദിനം വന്നെത്തി. യൂണിയൻ വാർഷികദിനം. വർഗ്ഗബോധംവന്ന തൊഴിലാളികൾ; യുഗയുഗാന്തരങ്ങളായി തങ്ങൾ അനുഭവിച്ചുവന്നിരുന്ന ദാരിദ്ര്യവും കഷ്ടപ്പാടും എന്നെന്നേക്കുമായി അവസാനിപ്പിക്കുമെന്നു, സംഘടിതമായി ഉറച്ചുനിന്നു് പ്രതിജ്ഞചെയ്യുന്ന ഓരോ തൊഴിലാളിയിലും അന്നു ഒരു പ്രത്യേക പ്രസരിപ്പുകാണാം. കാണത്തിനും പെരുനാളിനും അവർ കണ്ടിട്ടില്ലാത്ത നവോന്മേഷം. അതു് മധുരപലഹാരങ്ങൾകൊണ്ടു വയർ നിറഞ്ഞിട്ടല്ല—അവരുടെ സംഘടിതമായ ശക്തിയിലും ഭാവിയിലും അവർക്കുള്ള അടിയാച്ച വിശ്വാസം; ക്ഷീണവും അഴിമതിയും, പട്ടിണിയും കഷ്ടപ്പാടുമില്ലാത്ത ഒരു നവലോകം തങ്ങൾ കെട്ടിപ്പടുക്കും. എന്ന ദൃഢനിശ്ചയം—അതാണവരിൽ കാണുന്ന ചൈതന്യത്തിന്റെ കാതൽ. അന്നാണു് അവരുടെ യൂണിയൻ രാജ്യത്താസകലം പ്രവർത്തിക്കുന്ന തൊഴിലാളികളുടെ മുന്നണിയുമായി സംഘടിപ്പിക്കുന്നതു്.

സമ്മേളനത്തിനു നിശ്ചയിച്ചിരിക്കുന്ന വിശാലമായ പുൽത്തകിടി പോലീസ് വളഞ്ഞിരുന്നു പതിനാന്നുമണിയോടുകൂടി തൊഴിലാളികൾ സമ്മേളന സ്ഥലത്തേക്കു് പ്രവഹിക്കുവാൻ തുടങ്ങി. കമ്മിറ്റി യോഗത്തിനുശേഷം കൃത്യം ഒരുമണിയോടുകൂടി നേതാക്കന്മാരും വന്നെത്തി. മൈതാനത്തിലേക്കു് ആരെയും കടത്തിവിടാത്തതിനാൽ ചിറയിട്ടു നിറുത്തിയിരുന്ന വമ്പിച്ച ജലപ്രവാഹംപോലെ അവർ അതിനപ്പുറം തിങ്ങിക്കൂടിയിരുന്നു, നേതാക്കന്മാരുടെ ആഗമനത്തോടുകൂടി അന്തരീക്ഷം മുദ്രാവാക്യങ്ങൾകൊണ്ടു് മുഖരിതമായി. എന്തുപ്രതിബന്ധം നേരിട്ടാലും തങ്ങൾ ആവേശപൂർവ്വം കാത്തിരുന്ന പൊതുസമ്മേളനം കൂടുകതന്നെ വേണമെന്നു് തൊഴിലാളികൾ ഒന്നടങ്കം വിളിച്ചു പറഞ്ഞു. പോലീസ് നിരയെ ഭേദിച്ചുകൊണ്ടു് തൊഴിലാളികൾ മുന്നേറുകയായി. തുടർന്നുണ്ടായ ഏറുമുട്ടലിൽ അനേകം പേർക്കു് പരുക്കേറ്റു അന്തിനേരം മുന്നണിയിലുണ്ടായിരുന്ന വറുഗീസും അടിയേറ്റു നിലംപതിച്ചു. വർഗ്ഗബോധമുള്ള തൊഴിലാഴികൾ അന്നു് ഏറ്റവും ആവേശപൂർവ്വം പ്രതിജ്ഞചെയ്തു—പണക്കാരന്റെ വലത്തുകൈയ്യായ ഇന്നത്തെ ഭരണംമാറ്റി തൽസ്ഥാനത്തു് തൊഴിലാളിവർഗ്ഗത്തിന്നാധിപത്യമുള്ള ഒരു ഭരണകൂടം സ്ഥാപിക്കുമെന്നു്; ജന്മിത്വവും മുതലാളിത്തവും എന്നെന്നേക്കുമായി നശിപ്പിച്ചു്, വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുമെന്നു്; തൊഴിലാളി മർദ്ദനവും അനീതിയും എന്നെന്നേക്കുമായി അവസാനിപ്പിക്കുമെന്നു്

വളരെനേരം നീണ്ടുനിന്ന ഏറുമുട്ടലിനുശേഷം പോലീസു് പിൻവാങ്ങി. പക്ഷേ നേതാക്കന്മാരിൽ പലരേയും അവർ പിടിച്ചുകഴിഞ്ഞിരുന്നു. നേതാക്കന്മാരെ വിട്ടുകിട്ടണമെന്നു് തൊഴിലാളികൾ ഒന്നടങ്കം ആവശ്യപ്പെട്ടു. പക്ഷേ അവരെ വാനിൽ കയറ്റിക്കഴിഞ്ഞിരുന്നു.

വാൻവിട്ടു. പൊടുന്നനവേ ഒരു ചുരുട്ടിയ കടലാസ് വാനിലേക്കു് ആരോ വലിച്ചെറിയുകയുണ്ടായി. അതു് വറുഗീസിന്റെ കാൽക്കലാണു് വന്നുവീണതു്. കുനിഞ്ഞെടുക്കുന്നതിനു മുമ്പു് അതു് പോലീസ് പിടിച്ചുവാങ്ങി.

അതു വായിച്ചശേഷം അയാൾ പൊട്ടിച്ചിരിച്ചു. അടുത്തുനിന്നിരുന്ന തന്റെ കൂട്ടുകാരനോടു പറഞ്ഞു.

"അവരു കാത്തിരിക്കുമെന്നു്!"

കാത്തിരിക്കും? ആരും തിരിച്ചുവന്നില്ലെങ്കിലോ? കയ്യുംകെട്ടി കാത്തിരിക്കുക— അതു് പ്രസ്ഥാനത്തോടുചെയ്യുന്ന അനീതിയല്ലേ? "ഒരിക്കലുമരുതു്" എന്നു വറുഗീസ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. വീണ്ടും മുഖത്തൊരടി. ശബ്ദത്തെ പുറകോട്ടുപിടിച്ചുകൊണ്ടു വാൻ പാഞ്ഞുകഴിഞ്ഞിരുന്നു. വേച്ചുപോയ വറുഗീസിനെ സ്നേഹിതന്മാർ പിടിച്ചുനിർത്തി.

പോലീസുകാരൻ വീണ്ടും പൊട്ടിച്ചിരിച്ചുകൊണ്ടു് തുടർന്നു. "ആളെ മനസ്സിലായോ—കുഞ്ഞേ! ഔസേപ്പുചേട്ടന്റെ മകളാ. ത്രേസ്യാമ്മ. നിങ്ങൾ അറിയില്ലായിരിക്കും. എന്നും സ്കൂളിൽ പോകുമല്ലോ. കണ്ടിട്ടില്ലേ? ഇന്നു് അടികൊണ്ടു അവളും വീണിട്ടുണ്ടു്. ഞാനാ കൊടുത്തതു് വീക്കു്. അവളും പുലിപോലെ ചാടിക്കയറിയിരിക്കുന്നു. കറയടിക്കു അവിടെ വീണു....അല്ലാ—അവിടംകൊണ്ടൊക്കെ എന്തില്ലാഞ്ഞിട്ടാ അവളൊക്കെ ഇതിനെറങ്ങുന്നേ!"

മറ്റേയാൾ അതു് പിടിച്ചു വാങ്ങിവായിച്ചു.

"എന്റെ ആത്മനാഥനും കൂടിയായ നേതാവേ, ഞാൻ അങ്ങയെ കാത്തിരിക്കും. ഉറപ്പുതന്നെ—വീര അഭിവാദ്യങ്ങൾ"

അവർ രണ്ടുപേരും വീണ്ടും പൊട്ടിച്ചിരിച്ചു. "എഴുത്താക്കാ! രണ്ടാമതേയാൾ പോലിച്ചു. വറുഗീസു് മുഖം തടവി.

—

കൊടുങ്കാറ്റു് സൃഷ്ടിക്കുന്നു!

സാഹിത്യ കലാലോകത്തിലെ മാറാലപിടിച്ച മാമൂലുകളോടു് തുറന്നയുദ്ധം പ്രഖ്യാപിച്ചുകൊണ്ടു കെട്ടിലും മട്ടിലും തികഞ്ഞ വ്യക്തിത്വത്തോടുകൂടി

സൗണ്ടു്

മാസിക

ആദ്യലക്കം പുറത്തിറങ്ങി

വില 4 ണ.

ഏജൻസിയില്ലാത്തിടത്തു് ഏജൻറുമാരെ ആവശ്യമുണ്ടു്.

മാനേജർ

സൌണ്ടു്

ആർട്ടിസ് & പബ്ലിസിറ്റി, തൃശ്ശൂർ

Arts & Publicity

കുറച്ചുപ്രതികൾമാത്രം

"ഒന്നാംതരം ഒരു രാഷ്ട്രീയ ഗദ്യനാടകം. അഭിനയയോഗ്യം. നിങ്ങളെ ചിരിപ്പിക്കും; ചിന്തിപ്പിക്കും; 'ഇങ്കിലാബ്' വിളിപ്പിക്കും" അതാണു് പി. റ്റി. നായർ ബി. എസ്സ്സിയുടെ

തീപ്പൊരികൾ

വില 1—4—0

N. B. വി. പി. ചാർജ് സൗജന്യം.

Apply:- പി. റ്റി. നായർ B. Sc.

S. D. കോളേജ്, ആലപ്പുഴ.



പത്മാദേവി

നിലീനസുരാവൻ

12-ാം അദ്ധ്യായം
(തുടർച്ച)

[കഥ—ഗംഗാധരനും കൂട്ടുകാരും വിനോദയാത്രയ്ക്കായി സിലോണിലെത്തി. ഇതിനിടയിൽ ഗംഗാധരൻ പത്മാദേവിയുമായി ഉണ്ടായ പരിചയം ക്രമേണ അനുരാഗമായി പരിണമിച്ചു. കുടിലമതിയായ ധർമ്മസംക്രന്ദനു് ഇതു സഹിച്ചില്ല. അയാൾ തന്നെ പരിണയിക്കണമെന്നു പത്മാദേവിയോടു ശഠിച്ചു. അതിൽ വൈമുഖ്യം പ്രദർശിപ്പിച്ച പത്മാദേവിയുടെനേരെ അയാൾ പ്രതികാരമുദ്രയായി തീർന്നിരിക്കയാണു്. ഈ വസ്തുത അവൾ സുകുമാരനായി സംസാരിച്ചുകൊണ്ടിരിക്കുന്നതിനെക്കണ്ട ഗംഗാധരൻ, സുകുമാരനിൽ സംശയാലുവായിത്തീരുന്നെങ്കിലും തുടർന്നുള്ള സംഭാഷണഫലമായി ആ സംശയം നീങ്ങുന്നു. ഇതിനിടയിൽ പത്മാദേവി കലശേഖരനും, പത്മനാഭനും, ഗോവിന്ദനുമൊന്നിച്ചു പൂന്തോട്ടം കടന്നുവരുന്നതു് അവർകണ്ടു—ഇനി തുടർന്നു വായിക്കുക.]

ഗോവിന്ദൻ ക്ഷീണാപാണ്ഡുകപോലനായി, ഒരു കസാലയിൽ വീണു എന്നു് തന്നെ പറയാം അയാളുടെ നെറ്റിയിലും കവിളിലും, മുറിവുണ്ടായിരുന്നു. മുറിവുവല്ലാത്ത വേദന ഉളവാക്കിയിരുന്നു. അതു വച്ചുകെട്ടിയിരുന്നെങ്കിലും അപ്പോഴും അതിൽനിന്നു രക്തം ഒലിച്ചു്, അയാളുടെ മുഖത്തെ വികൃതമാക്കുന്നതിരുന്നില്ല.

ഒരു മാതാവിന്റെ വാത്സല്യം മൃദുധാരയോടെ, സുന്ദരിയായ ആ യുവതി അയാളെ പരിചരിക്കാൻ ബദ്ധപരികരയായി:— "അല്പനേരം മി. ഗോവിന്ദൻ വേദന സഹിച്ചേ മതിയാകൂ. കുടിക്കുവാൻ ഒരു കപ്പു കാപ്പി നിമിഷത്തിൽ ഞാൻ കൊണ്ടുവരാം. പിന്നീടു് ഞാൻതന്നെ ഈ മുറിവു വച്ചുകെട്ടിത്തരാം. ഇതു അപായം സംഭവിച്ചതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു."

ഗോവി:—"പത്മാദേവിയുടെ ദയയും സ്നേഹവും നിറഞ്ഞ ഈ വാക്കുകളും കൊണ്ടതന്നെ ഈ വേദന പാതിയും ശമിച്ചു കഴിഞ്ഞു. ബുദ്ധിമുട്ടണമെന്നില്ല; കുറേ പച്ചവെള്ളവും, പുതിയ ഒരു കൈലേസുംമാത്രം എനിക്കു കിട്ടിയാൽമതി."

പക്ഷേ, അതൊന്നും ശ്രദ്ധിക്കാതെ അവൾ അടുക്കളയിലേക്കോടി. നിമിഷത്തിൽ നല്ല ചൂടുള്ള കാപ്പി ഒരു കപ്പിൽ അവൾ കൊണ്ടുവന്നു. അനന്തരം അവൾ തന്നെ ആ മുറിവു്, ഒരു വേദനയും ഗോവിന്ദനു് ഉണ്ടാകാത്തവിധം അഴിച്ചു്, കഴുകി, മരുന്നുവച്ചു കെട്ടി. സമർത്ഥകളായ ആതുരപതി നഴ്സുകളേയും അക്കാര്യത്തിൽ പത്മാദേവി അതിശയിക്കുന്നുണ്ടെന്നു്, ചുറ്റും നിന്ന ആ യുവാക്കൾ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു.

"എന്റെ മകൾ 'പ്രഥമശുശ്രൂഷ' സ്കൂളിൽവച്ചു നല്ലപോലെ പഠിച്ചിട്ടുണ്ടു്" എന്നു് പുഞ്ചിരിയെപ്പറ്റി അഭിമാനം തോന്നിയ പിതാവു് മന്ദഹസിച്ചുകൊണ്ടു പറഞ്ഞു.

പത്മാ:—"അതേ, നിർബന്ധിതയായും ഞങ്ങൾ പഠിക്കേണ്ട ഒരു വിഷയമായിരുന്നു അതു്. എനിക്കതു് വളരെ രസമായിരുന്നു. മിസ്റ്റർ ഗോവിന്ദൻ, വീട്ടിലേക്കു മടങ്ങിപ്പോകുവരെ പൂർണ്ണമായെന്നു് വിശ്രമിക്കൂ. വീട്ടിൽ പെന്നു് സുഖമായെന്നു കിടന്നുറങ്ങണം. ഞാൻ ഭയന്നപോലെ സാരമില്ല ഈ മുറിവു്. ദീർഘകാലം ഇതിന്റെ പാടു് ശേഷിക്കാനും പോകുന്നില്ല."

വേദനയും ക്ഷതവും നിശ്ശേഷം ഭേദമായ ഉത്സാഹം ഗോവിന്ദൻ അപ്പോൾ പ്രദർശിപ്പിക്കുന്നവരായിരുന്നു. സുന്ദരിയായ ഒരു യുവതിയുടെ പരിചരണമനുഭവത്തിന്റെ ഫലമെന്നേയുള്ളൂ. ഗോവിന്ദൻ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു:—"അങ്ങനെയോ? എങ്കിൽ, ലങ്കാപീപിൾവച്ചു് സുന്ദരിയായ ഒരു യുവതിമൂലം ഒരു ചോദ്യമുദ്രയുണ്ടായെന്നും, അതിൽവച്ചുണ്ടായ മരുവാണു് എന്റെ ഫാലശോഭയെ അലങ്കരിക്കുന്നതെന്നും, നാട്ടിൽ മടങ്ങിയെത്തിയശേഷം ഞാൻ പറഞ്ഞു നടക്കുന്നുണ്ടു്. എന്റെ മുഖശോഭയുടേയും, കീർത്തിധവളിമയുടെയും മാറ്റുവർദ്ധിപ്പിച്ചു്, യുവതികളെക്കൊണ്ടു് നെടുവീർപ്പിടീപ്പിക്കുന്നതു എന്റെ 'കല'യായിരിക്കും ഇതു്."

എല്ലാവരും ചിരിച്ചു.

സുകു:—"അല്ല, ശേഖരൻ ഭാഗ്യവാൻ തന്നെ. ഇത്ര വീരയോദ്ധാവിന്റെ ഹൃദയം ഹരിച്ച മഹാസുന്ദരിയൊ, പ്രതിയോഗിയൊ ആകാനുള്ള മഹാഭാഗ്യമല്ലേ ആ പുമാനു് ദൈവയോഗംകൊണ്ടു് സിദ്ധിച്ചിരിക്കുന്നതു്?"

പെട്ടെന്നു് ശേഖരന്റെ കയ്യും കുത്തിച്ചുപോലെ, കലശേഖരൻ പറഞ്ഞു:—"പത്മേ, മകളേ, നമ്മുടെ ശേഖരനു് ഇന്നു് എന്തു പറ്റിയെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇന്നു് അവൻ ഒരു കാട്ടുജന്തുവിന്റെ ക്രൂരതയും ഭ്രാന്തും കാട്ടുകയുണ്ടായി. എനിക്കു വലിയ ഭേദം തോന്നി. മകളേ, നിന്നെ നേരെയും അവൻ ഇനി തിരിയുകയില്ലേ എന്നു് എനിക്കു് ആശങ്കയുണ്ടു്".

അതിശ്ലക്ഷ്ണമായ ഒരു ഉൽക്കണ്ഠിതസ്വരത്തിൽ പത്മ പറഞ്ഞു:—"ഇല്ലച്ഛാ! നമ്മെ അപായപ്പെടുത്താൻ ഒരു കാലത്തും അവൻ മുതിരുകയില്ല. അവനു നമ്മോടും അച്ഛനോടുമുള്ള സ്നേഹം അത്ര പരിശുദ്ധവും അഗാധവുമാണു്. നമുക്കു വേണ്ടി അവന്റെ വിശ്വാസപ്രകാരം നമ്മുടെ പ്രാണരക്ഷയ്ക്കു അവൻ എന്തും ചെയ്യുകയുമെന്നേയുള്ളൂ"

കലശേഖരൻ വിശ്വാസംവരാത്ത വിധത്തിൽ തലകുലുക്കിക്കൊണ്ടു പറഞ്ഞു;—"ശരിയായിരിക്കാം പക്ഷേ, ബുദ്ധിഭ്രമം പിടിച്ചവൻ ചക്കാനില്ലാത്ത കപ്പൽപോലാണു്. നമ്മെ ദ്രോഹിക്കണമെന്നു് അവൻ ഉദ്ദേശിക്കയില്ലായിരിക്കാം. എന്തെങ്കിലും കടുംകൈയ് ചെയ്തിട്ടു് അവൻ ഇരുന്നാൽ

—കാണുക അ[illegible]—

ന്നു പശ്ചാത്തപിക്കുന്നതു കണ്ടിട്ടില്ലെ? സാധുകുട്ടി! അവന്റെ പശ്ചാത്താപത്തിനു് എത്രുവലയുണ്ടു്? അവനെ നിന്ദിക്കുകൂടി ഇനി സൂക്ഷിക്കേണ്ടിയിരിക്കുന്നു.”

സുകു:—“ഇപ്പോഴാണു് ഒരു കാര്യം ഞാൻ ഓർമ്മിക്കുന്നതു്. ശേഖരനു് എന്തുകൊണ്ടോ, ഗംഗാധരന്റെ നേരെ വലിയ വിദ്വേഷമാണു്. അതിനു വേറു എന്തെന്നറിവില്ലെങ്കിലും, സംഗതി സത്യമാണു്. ഒരു പക്ഷേ, അതായിരിക്കാം അവനെ ഇപ്പോഴും അലട്ടുന്നതു്.”

ഗംഗാ:—“എനിക്കും അങ്ങനെ തോന്നാതിരുന്നിട്ടില്ല. ഞാൻ ഇവിടെ നിന്നും പൊയ്ക്കൊള്ളണമെന്നു് അവൻ എന്നോടു് ആവശ്യപ്പെട്ട അതിരു് കഠോരമൊന്നും പറയാൻ അവനില്ലായിരുന്നു. എന്റെ സാന്നിദ്ധ്യം അവനു് അതിനു ശേഷം അസഹനീയമാണു്.”

പത്മാ:—“അങ്ങനെയെങ്കിൽ ഞങ്ങൾ അവനു് കുലശ്രേയായ ബുദ്ധിവൈകല്യം ഇപ്പോഴും ഉണ്ടായിരിക്കണം. ഗംഗാധരനോടു് ആക്കാണു് വിദ്വേഷം തോന്നുക!”

പത്മാദേവിയുടെ ഈ ബുദ്ധിയെപ്പറ്റി സുകുമാരൻ ആശ്ചര്യപ്പെട്ടു. അവളുടെ അവസാനവാചകത്തിന്റെ അർത്ഥം അവൾ തന്നെ പൂർണ്ണമായി ഗ്രഹിക്കുന്നുണ്ടോ എന്നു് അയാൾ സംശയിച്ചു. അയാൾ അർത്ഥവത്തായി ഗംഗാധരന്റെ മുഖത്തൊന്നു നോക്കി മന്ദഹസിച്ചു. ഗംഗാധരനും മന്ദഹസിച്ചു.

ആ സമയം, സൗന്ദര്യം നിറഞ്ഞ ഒരു മുഖത്തിന്റെയും, ഇളകുന്ന രണ്ടു നീലോല്പലനയനങ്ങളുടേയും ഉടമസ്ഥയായ ഒരു പെൺകൊടി, മന്ദഹസിച്ചുകൊണ്ടു് വാതുക്കൽ പ്രത്യക്ഷപ്പെട്ടു. അതു രാധയായിരുന്നു.

“ഇതാ വന്നു കഴിഞ്ഞു” എന്നു് പത്മ പറഞ്ഞു. തിരിഞ്ഞു്, “നമുക്കിനി ഊണു കഴിക്കാൻ പോകാം അമ്മേ!” എന്നു്, അമ്മയോടും അതിഥികളോടുമായി പറഞ്ഞു.

എല്ലാവരും സോത്സാഹം എണീറ്റു.

രാധയുടെ പാചകകലാകുശലതയെ എല്ലാവരും, വിശേഷിച്ചു് ക്ഷണപ്രിയം വേണ്ടുവോളമുണ്ടായിരുന്ന പത്മനാഭനും, അതിനെത്തുടർന്നു് ഗോവിന്ദനും വാനോളംവാഴ്ത്തി. രാധയ്ക്കു ചിരിക്കാനല്ലാതെ മറ്റൊന്നിനും നേരം കിട്ടിയില്ല അവൾക്കു കേവലം ഒരു ഭൃത്യയുടെ സ്ഥാനമല്ല ആ വീട്ടിൽ ഉണ്ടായിരുന്നതെന്നു് വിശദമായി അറിയുന്നു. പത്മയുടെ ഒരു ഇളയ സഹോദരി എന്നേ അന്യർ ധരിക്കുമായിരുന്നുള്ളൂ. എല്ലാവരും നേരം പോക്കുകളും കഥകളുംകൊണ്ടു് ആ രംഗം സജീവമാക്കി.

പെട്ടെന്നു്, “ഇവിടെയാരുമില്ലെ?” എന്നു് ഉച്ചത്തിൽ ആരോ വെളിയിൽ നിന്നു ഗദ്ഗദത്തിൽ വിളിച്ചു ചോദിക്കുന്നതു് എല്ലാവരും വ്യക്തമായി കേട്ടു. അതൊരു സ്ത്രീ സ്വരമായിരുന്നു.

അപ്രതീക്ഷിതമായ ആ വിളികേട്ടു് എല്ലാവരും [illegible] ആശ്ചര്യപൂർവ്വം പരസ്പരം നോക്കി. വീണ്ടും “ഇവിടെ ആരുമില്ലെ?” എന്നു് പഴയപോലെ ആവർത്തിച്ചു കേട്ടു.

ഉദാസീനമായി ഒന്നു തിരിഞ്ഞുനോക്കി ആരെയും മനസ്സിലായ്പോലെ, കുലശേഖരൻ, “ആരാണതു്?” എന്നു് ചോദിച്ചു. ആ വൃദ്ധന്റെ പുരികങ്ങൾ വളയുന്നതുകണ്ടു്, എല്ലാവരും വല്ലാതെയായി.

“ഞാൻതന്നെ” എന്നു് പരുഷമായി പറഞ്ഞുകൊണ്ടു്, നിണ്ടുശോഷിച്ച ഒരു സ്ത്രീരൂപം വാതുക്കൽ പ്രത്യക്ഷപ്പെട്ടു. കോതി മിനുസംവരുത്തിയ്യാൽ പാറിപ്പറന്ന തലമുടിക്കെട്ടോടും ക്രൂരമായ കരിംകണ്ണുകളോടുംകൂടി സിംഹസ്ത്രീകളുടെ വേഷവിധാനത്തിൽ നിന്നിരുന്ന ആ കൃഷ്ണശില എല്ലാവരേയും കൂടിച്ചൊന്നുനോക്കി. പരിഭ്രാന്തയായ രാധ കൈയിലിരുന്ന വിളമ്പുപാത്രവുമായി, പത്മാദേവിയുടെ പിമ്പിൽ അഭയംപ്രാപിച്ചു്, ആ സ്ത്രീരൂപത്തെ അടിമുടി നോക്കി നിശ്ചലം നിലയായി.

ഊണു മതിയാക്കി വൃദ്ധൻ എണീറ്റു. “വരൂ ശല്യമുണ്ടാക്കാതെ അപ്പുറത്തേക്കു് എന്തായാവശ്യം പ്രമാണിച്ചു് നിങ്ങൾ ഇപ്പോൾ ഇവിടെ കയറിവന്നു? ആരാവശ്യപ്പെട്ട ഈ ദുർമ്മെല്ലാം ചവിട്ടിത്തള്ളി ഇങ്ങോട്ടു വരാൻ?”

ആ സ്ത്രീ ഭ്രാന്തിയായിരുന്നു. രാധയുടെ ഭയസംഭ്രമങ്ങളും, ഗംഗാധരന്റെയും സ്നേഹിതന്മാരുടെയും ആശ്ചര്യം നിറഞ്ഞ നോട്ടങ്ങളും കണ്ടുണ്ടായ അസുഖത്തോടെ, തമിഴും സിംഹളവും കലർന്ന ഭാഷയിൽ അവൾ പറഞ്ഞു:—“ആരും ആവശ്യപ്പെടാതെ, എന്റെ ആവശ്യം പ്രമാണിച്ചു് തന്നെ ഞാൻ വന്നു. ആരെയും രസിപ്പിക്കാനല്ല. നിങ്ങളും നിങ്ങളുടെ പുത്രിയും പുതിയ ബന്ധുക്കളുമായി ഉല്ലസിച്ചു കഴിയുന്ന ഈ സന്ദർഭത്തിൽതന്നെ വന്നു കയറിയതു് പിശകായിപ്പോയി. ശരിതന്നെ. ഈ ശാപം പിടിച്ച വീട്ടിൽ നിങ്ങൾ കാട്ടിയ ദുഷ്കൃതകർമ്മങ്ങൾക്കു ശേഷം ഞാൻ കാലെടുത്തു കുത്തേണ്ടതല്ലായിരുന്നു. എങ്കിലും നീതിയും ധർമ്മവും അന്നമാത്രമെങ്കിലും നിങ്ങൾക്കുണ്ടോ എന്നു് ഒന്നുകൂടി പരീക്ഷിക്കാൻ ഞാൻ വരികയാണു്. എന്റെ മരിച്ച മകളുടെ കുട്ടിയെ എനിക്കു് മടക്കി തരൂ. എനിയ്ക്കു് ഒരു തുണയുമില്ലാത്ത ഈ വയസ്സുകാലത്തു് അവളെങ്കിലും എനിക്കു് ഒരു താങ്ങായിരിക്കട്ടെ. ആ കുട്ടിയെപ്പോലും നിങ്ങൾ വഷളാക്കിയിരിക്കുന്നു. അവൾക്കു് എന്നെ കാണുന്നതുതന്നെ ചതുർത്ഥിയാണു്. നിങ്ങൾ മന്ത്രവും മരുന്നുംകൊണ്ടു് നിങ്ങളുടെ വിടുപണിക്കു് അവളെ മയക്കി ഇട്ടിരിക്കുന്നു. അവളെ എന്നോടൊന്നിച്ചു് പറഞ്ഞയയ്ക്കൂ. നിങ്ങളെ ദൈവം അനുഗ്രഹിക്കും ഈ വീട്ടിനു് തന്നെ ഇടിത്തീവീഴാതിരിക്കും. കഴിഞ്ഞ കാലങ്ങളിൽ മരിക്കലെങ്കിലും ഒന്നു് ഓർമ്മിച്ചു് അല്പം കരുണ കാണിക്കൂ”.

അവസാന വാക്കുകൾ തീരുന്നതിനുമുമ്പുതന്നെ കുലശേഖരൻ ക്ഷോഭിച്ചുതുടങ്ങിയിരുന്നു. അവസാനവാക്കുകൾ തീർന്നപ്പോഴേക്കും അദ്ദേഹം ഉഗ്രകോപിഷ്ഠനായിത്തീർന്നു. മുഖം തിരിച്ചു് മറ്റൊരുവശത്തേക്കു നോക്കിക്കൊണ്ടു് മറുമറുപടിക്കായി കാത്തുനിന്നു. കോപംകൊണ്ടു കണ്ണിനൊന്നുഗ്രമായിത്തീർന്ന മുഖഭാവത്തോടെ കുലശേഖരൻ ചോദിച്ചു:—“എന്തു്? ഭ്രാന്തിയോ? എനിക്കു് മനസ്സിലാകുന്നില്ല. കഥയില്ലാത്ത സ്ത്രീ. ഞാൻ വീണ്ടും വീണ്ടും പറഞ്ഞിട്ടില്ലെ നിങ്ങളുടെ പൊറുതികേടും ആർത്തിയുമല്ലാതെ അവിടെ സ്വതന്ത്രയായ്ക്കു്. അവിടെ ഇഷ്ടമാണെങ്കിൽ ഏതു് നിമിഷവും അവിടെക്കു് നിങ്ങളോടൊന്നിച്ചു് പോകാം. ഇഷ്ടമല്ലെങ്കിൽ അവിടെക്കു് എത്രകാലം വേണമെങ്കിലും എന്നോടൊന്നിച്ചു് ഇവിടെ കഴിഞ്ഞുകൂടാം. ആ കുന്നിമണിയിൽ, ആ മുടിഞ്ഞകുടിലിൽ അവിടെ കഴിച്ച ജീവിതവും, ഇപ്പോഴത്തെ അവളുടെ ജീവിതവും എനിയ്ക്കു് അറിയാം.

വൃദ്ധൻ തീർന്നു, “രാധേ” എന്നു് വിളിച്ചു് “കുട്ടീ! നിന്റെ മുത്തശ്ശി നിന്നെ വിളിക്കുന്നു. ഈ ലോകത്തു് ആ സ്ത്രീമാത്രമെ നിനക്കു് സ്വന്തമായുള്ളൂ. നിനക്കിഷ്ടമുണ്ടെങ്കിൽ അവരുമൊന്നിച്ചു് പൊയ്ക്കൊള്ളൂ. ഞാനൊ, എന്റെ മകളൊ നിന്നെ തടയുന്നില്ല.”

രാധയുടെമുഖം കരുവം പോലെ പുവന്നു. അവളുടെ കരിമിഴികളിൽനിന്നു് മിന്നൽപിണർ പറക്കുംപോലെ തോന്നി. ഒരു ക്ഷോഭവുംകൂടാതെ അവളുടെ ഭാവഭാവലങ്ങളും നോക്കിനിന്ന ശ്രീജയുടെ നേർക്കു് തിരിഞ്ഞു് അവൾ പറഞ്ഞു:—“ഞാൻ വരുന്നില്ല. എന്റെ അമ്മയോടും, അനുജനോടും നിങ്ങൾ എന്തുപറയുമെന്നു് ഞാൻ മറന്നിട്ടില്ല. എനിക്കും നിങ്ങൾക്കും തമ്മിൽ ഈ ജന്മത്തിൽ ഒരു ബന്ധവും ഉണ്ടായിരിക്കയില്ല. നിങ്ങൾ എന്തിനു് ഇവിടെ കയറിവന്നു? എന്റെ അമ്മയെ പേടിപ്പിച്ച നിങ്ങൾ കൊന്നു. എന്നെയും നിങ്ങൾ പട്ടിണിയിട്ടും ഒരുമയെയും ഇല്ലാതെ തല്ലിയും കൊല്ലാൻനോക്കി. എന്നെയും എന്റെ അമ്മയെപ്പോലെ കൊന്നില്ലാത്ത നിങ്ങൾ അടങ്ങുകയില്ല. നിങ്ങളോടൊന്നിച്ചു് ജീവിക്കുകയേക്കാളും മരിക്കുകയാണു് ഭേദം. ഞാൻ വരുന്നില്ല. എന്റെ ഇഷ്ടംപോലെ പ്രവർത്തിക്കാൻ തക്കപ്രായം എനിക്കായി. പോകുക. ഇക്കാര്യം പ്രമാണിച്ചു് മേലാൽ വരണമെന്നുമില്ല.”

ശ്രീജയ്ക്കു് ഒരു ചലനവും ഉണ്ടായില്ല. അവൾ തലയുയർത്തി കുലശേഖരനോടു് പോരിച്ചു:—

കുമരകം കയർ

സഹകരണവില്പന ഡിപ്പോകൾ

1. കുമരകം 2. കോട്ടയം 3. കട്ടമംഗലം 4. ചങ്ങനാശ്ശേരി 5. കൊല്ലം. 6. പരവൂർ 7. ആറാക്കൽ 8. ചിറയിൻകീഴ് 9. ചാക്ക (തിരുവനന്തപുരം.)

ലൈസൻസ് ഇൻസ്പെക്ടർ, കുമരകം.

കുമുദിലീല.



ഓണം കഴിഞ്ഞത്രല്ലോ. നിങ്ങളെയെല്ലാം കണ്ടിട്ട് കുറച്ചനാളായി എന്നു വിചാരിച്ചു ചേച്ചി സങ്കടപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. വളരെ നാളുകഴിഞ്ഞ ശേഷമാണു ഇന്നു നിങ്ങൾക്കു മറുപടി എഴുതാൻ ചേച്ചിക്കു സാധിച്ചതു്. അതു ചേച്ചിയുടെ കുറ്റമല്ലെന്നു നിങ്ങൾക്കെല്ലാം അറിയാമല്ലോ.

അടുത്ത ആഴ്ച കുപ്പൺ പ്രസിദ്ധീകരിക്കാമെന്നു 'പണ്ടു' ചേച്ചി പറഞ്ഞിട്ടുണ്ടായിരുന്നു എന്നു ഇപ്പോഴാണു് ഓർമ്മ വന്നതു്. സാരമില്ല, ഈ ആഴ്ച പ്രസിദ്ധീകരിക്കുന്നുണ്ടു്. വളരെ അധികംപേർ കുപ്പൺ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരിക്കും എന്നു ചേച്ചിയ്ക്കറിയാം. ചേച്ചി എന്തു ചെയ്യട്ടെ? കുപ്പൺ പൂരിപ്പിച്ചയയ്ക്കുമ്പോൾ അംഗത്വകാർഡ് അയച്ചുതരാൻ സ്റ്റാമ്പോ കവറോ അയച്ചുതരാൻ സാധിക്കാത്തവരെ അംഗങ്ങളാക്കാൻ ചേച്ചിക്കു സാദ്ധ്യമല്ല കുപ്പൺ പൂരിപ്പിച്ചയക്കുമ്പോൾ പേരും, മേൽവിലാസവും വ്യക്തമായി എഴുതിയിരിക്കണമെന്നാണു്. കവറിലും മേൽവിലാസം എഴുതാൻ മറക്കരുതു്. അല്പാക്ഷരമുള്ള കുപ്പൺ തള്ളിക്കളയേണ്ടിവരും. ഇതു പ്രത്യേകം ശ്രദ്ധിക്കണേ. കുപ്പണോ, അല്ലെങ്കിൽ അതിന്റെ ശരിപകർപ്പോ വെള്ളക്കടലാസിൽ എഴുതി അയച്ചാൽ മതി. സ്റ്റാമ്പോ, കവറോ, അയയ്ക്കാതെ കുപ്പൺ അയച്ചതുണ്ടിട്ടുള്ളവർ, ചേച്ചി എന്തിനാണു് വേണ്ടെന്നുവെച്ചതെന്നു ഒന്നു അറിയിക്കുമോ?

ഒരാഴ്ചയിൽ കുറച്ചുപേർക്കു മാത്രമേ മറുപടി എഴുതാൻ സാധിക്കുന്നുള്ളു. അതുകൊണ്ടു് ചേച്ചിക്കു പരാതികേട്ടു സഹിക്കാൻ വയ്യാതായി തീർന്നിരിക്കുകയാണു്. ചേച്ചിയ്ക്കും അതിൽ വിഷമമില്ലാതില്ല. ഇതിനു ഒരു പരിഹാരം കണ്ടുപിടിച്ചതുകൊണ്ടു ഒരു ഉപദേശക കമ്മിറ്റിയോടു ആവശ്യപ്പെട്ടിട്ടുണ്ടു്. അവരുടെ അഭിപ്രായം അടുത്തയാഴ്ച തീർച്ചയായും അറിയിക്കാം. ഈ ആഴ്ചത്തന്നെ മറുപടി കിട്ടാത്തവർ ഈ ചേച്ചിയോടു് ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

മത്സരത്തിൽ വിജയികളായവർ - സമ്മാനത്തുക എന്തുചെയ്തെന്നു ചേച്ചിയെ അറിയിക്കുമോ? ചില ഫോട്ടോകൾ പ്രസിദ്ധപ്പെടുത്താൻ സാധിക്കാതെ വന്നിട്ടുണ്ടു്. അവ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കാം. ഈ പുതുവത്സരത്തിൽ എല്ലാ മിടുക്കികളും മിടുക്കന്മാരും ഉത്സാഹിച്ചു പഠിച്ചു ഒന്നാമതായി ജയിക്കാൻ ശ്രമിക്കണേ. എങ്കിൽ ചേച്ചിയുടെ സമ്മാനം തീർച്ചയായും ലഭിക്കുന്നതായിരിക്കും. ശേഷം അടുത്ത ആഴ്ച. വന്ദനം!

സ്നേഹം
ഉഷ ചേച്ചി

ചേച്ചിയുടെ മറുപടി

പി. ശ്രീധരൻനായർ, പെരുമ്പാവൂർ. "ഒരു മറുപടിക്കു വേണ്ടി ഇതുയധികം ചാകാനുണ്ടോ?" ചേച്ചിയും അതു തന്നെ ചോദിക്കാൻ ഭാവിക്കുകയായിരുന്നു. ചേച്ചിയും ഒരു "വിദ്യാർത്ഥി"നി"യായിരുന്നു. ചോദ്യം ചോദിക്കുന്നതിനു കുപ്പൺ ആവശ്യമുണ്ടെന്നാരു പറഞ്ഞു? രവീന്ദ്രന്റെ മേൽവിലാസം ഇതാണു്. സി. കെ. രവീന്ദ്രൻ, പൊന്മകശ്ശേരിവീട്ടിൽ, ബസ്സ്സ്റ്റാൻറിനു സമീപം, പെരുമ്പാവൂർ. ഇന്നു തന്നെ എഴുതണം പുതിയ കൂട്ടുകാരന്റെ വീട്ടുകണ്ടുപിടിക്കാൻകൂടി ശ്രമിക്കണേ. കാർഡ് പൂത്തികേടാകുമെന്നു ചേച്ചി ഭയപ്പെട്ടുത്തുന്നതല്ലാതെ ഇതുവരെ ഒന്നും ചെയ്തില്ലല്ലോ? പൂത്തികേടാക്കുന്ന അന്നു അറിയിച്ചാൽ നമുക്കു് ചേച്ചിയുടെ പേരിൽ നടപടി എടുക്കാം. പോരേ?

പി. ഭാനുവിക്രമൻനായർ, വിതുര. ചോദ്യങ്ങളെല്ലാം പത്രാധിപക്കയച്ചാൽ മറുപടിതരും. ചേച്ചി, അനുജന്റെ ചോദ്യങ്ങൾ പത്രാധിപക്കയച്ചാൽ പക്ഷേ അവ ചവറുകുട്ടയിൽ സ്ഥലം പിടിച്ചെന്നു വരാം. ഓണം വിശേഷാൽപ്രതി കണ്ടോ? കൂട്ടുകാരനെ വേണ്ടേ? ഈ കൂട്ടുകാരനു കൃഷിയെപ്പറ്റി അറിയാവുന്ന കൂട്ടത്തിലാണു്. പി ജി. അരവിന്ദാക്ഷൻ, പുത്തൻ വീട്ടിൽ, കടയ്ക്കാവൂർ എഴുത്തയയ്ക്കുണ്ടോ.

കെ. വി. ധരൻ, തിരുവനന്തപുരം. മറുപടി ഇതുവരെയും അയക്കാൻ സാധിക്കാത്തതിൽ ചേച്ചിയും അത്യധികം വ്യസനിക്കുന്നു. ചേച്ചിക്കു അനുജനോടു വിരോധമെന്നു സ്വയം നിശ്ചയിച്ചതാണോ, അതോ വീട്ടിൽ ആരെങ്കിലും പറഞ്ഞതാണോ? ചേച്ചിയുടെ ഫോട്ടോ കണ്ടില്ലേ? ചേച്ചി തിരുവനന്തപുരത്തെ കാളേജ് കണ്ടിട്ടുണ്ടു്. കൂട്ടുകാരന്റെ എഴുത്തു വരാറുണ്ടോ?

കെ. പത്മനാഭൻ നായർ, തിരുവനന്തപുരം. ചന്ദ്രസേനൻ എന്താണു് എഴുത്തയയ്ക്കാത്തതെന്നു അറിവില്ലാ. ഇതാ ആലപ്പുഴനിന്നും ആവശ്യപ്പെട്ട കൂട്ടുകാരൻ. ഇന്നുതന്നെ എഴുത്തയയ്ക്കണം. സി. എൻ. സി. ചെല്ലപ്പൻ, C/o വിദ്യാരംഭംപ്രസ്സ്, മുല്ലയ്ക്കൽ ആലപ്പുഴ. ജന്മനാളു് കഴിഞ്ഞല്ലോ. ചേച്ചി വീട്ടിൽ വരാമെന്നു വിചാരിച്ചു. പാൽ പായസമാണു് ചേച്ചിയ്ക്കു ഏറ്റവും ഇഷ്ടം. അതു ഉണ്ടായിരുന്നോ? "കരണ്ടുകഴിയുമ്പോൾ ഒരു വർഷത്തിൽ കൂടുതൽ അനുജൻവളരട്ടെ" ഇതാണു ചേച്ചിയുടെ ആശംസ. ഓ, ഒരുകാര്യം മറന്നുപോയി. കൊച്ചു രമയ്ക്കു സുഖം തന്നല്ലോ? ചേച്ചി ചോദിച്ചതായി പറയണം. കുസൃതിയുടെ കൈയ്യക്ഷരം കാണാൻ ചേച്ചിക്കു വല്ലാത്ത ആഗ്രഹമുണ്ടെന്നും പറയണം

പി. രാജു, ആലപ്പുഴ. കൂട്ടുകാരിയെ പരിചയപ്പെടുത്തിതരാൻ താമസിച്ചതുകൊണ്ടാണോ ചേച്ചിയോടിത്ര പിണക്കം. ഇനിയെങ്കിലും ചേച്ചിയോടു കൂട്ടുകൂടണേ? ഈ കൂട്ടുകാരി എം. പാറ

"അപ്പോൾ ഇതാണു് നിങ്ങളുടെ മറുപടി, അല്ലേ?"

കല: നിങ്ങൾക്കു് ഭ്രാന്തുണ്ടോ? എന്റെ മറുപടിയൊ? അവൾ തന്നെയല്ലെ മറുപടി പറഞ്ഞതു്? അതു വ്യക്തമായില്ലേ? നിങ്ങൾക്കു് പൊട്ടത്തെറ്റുണ്ടോ? നിങ്ങളുടെ ബുദ്ധി നേരെ നിൽക്കുന്നില്ലേ?"

ത്രിജട: "എനിക്കു് പൊട്ടത്തെറ്റില്ല, ബുദ്ധിഭ്രമവുമില്ല. നിങ്ങളെപ്പോലെ തന്നെ എനിക്കും ഉണ്ടു് ലജ്ജ. ആ പെണ്ണു് പറഞ്ഞതു് മുഴുവൻ എനിക്കു് മനസ്സിലായി. പക്ഷേ അവളല്ല പറഞ്ഞതു്. അവളുടെ ഉള്ളിൽ ഒരു പിശാചു് കൂടികൊള്ളുന്നുണ്ടു്. ഞാൻ പാകം മുൻപു് അതിന്റെ ഉച്ചിയിൽ ഞാൻ ആണിതറക്കുന്നുണ്ടു്. അതു് തീർച്ച."

ത്രിജടയുടെ കണ്ണുകൾ ജ്വലിച്ചു. പത്മാദേവിയുടെ നേർക്കു് അവൾ തിരിഞ്ഞു. നിന്ദാഗർഭമായി ഒന്നു് മന്ദഹസിച്ചുകൊണ്ടു് അവൾ ആശ്ചര്യംപൂണ്ടുനിന്ന ആ യുവതിയോടു പറഞ്ഞു:— "നിങ്ങൾക്കൊന്നെ അറിയാമെന്നു് തോന്നുന്നു. ഇതിനു് മുൻപു് എന്നെ കണ്ടിട്ടില്ലെ?"

പത്മ:—"പലതവണയും. അപ്പോഴൊക്കെ ഞാൻ നിങ്ങൾക്കു് വേണ്ടി വ്യസനിച്ചിട്ടുമുണ്ടു്."

അടക്കാൻ പാടില്ലാത്ത അമർഷത്തോടെ ത്രിജട ചോദിച്ചു:—"എനിക്കു് വേണ്ടിയൊ? എന്തിനാണു് എന്റെ കുഞ്ഞു് അതു വളരെ ഉയർത്തിയതു്?"

കല:—"മകളേ! നീ മിണ്ടാതിരിക്കു. ആ സ്ത്രീയുമായി നീ സംസാരിക്കേണ്ടതില്ല. കൊടും കാറിന്റെ ശുഷ്കതയും, ഭ്രാന്തും ആ സ്ത്രീക്കുണ്ടു്. (തുടരും)

ക്കുടിഅമ്മ, അറപ്പുരവീട്ട് ഏരൂർ A. o. (Via പുനലൂർ) അന്നജന്തി ലില്ലിയെ ചേച്ചിച്ചതായി പറയണം.

ജി. രവീന്ദ്രനാഥൻ നായർ, മണക്കാട്ട്: അനുജന്റേയും വിജയത്തിന്റേയും ഫോട്ടോ ചേച്ചിയ്ക്കു വളരെ ഇഷ്ടപ്പെട്ടു. അനുജൻ ഫോട്ടോയിൽ നിൽക്കുന്നതു് നന്നായിട്ടുണ്ടെന്നാണ് ചേച്ചിയുടെ അഭിപ്രായം. കത്തില്ലെന്നാരുപറഞ്ഞു? പക്ഷേ വിശേഷാൽ പ്രതിയിൽ പ്രസിദ്ധീകരിക്കാൻ സാധിക്കാതെവന്നതിൽ വ്യസനിക്കുന്നു. ആഴ്ചപ്പതിപ്പിൽ തീർച്ചയായും പ്രസിദ്ധീകരിക്കാം. കൊച്ചുകുട്ടികളുടെ തലയ്ക്കു കെട്ടാനും വഴക്കുപറയാനും ഈ "അണ്ണാമാർ" വലിയ മിടുക്കന്മാരാണ് അല്ല? അമ്മയോടു പറഞ്ഞു നോക്കൂ, പറഞ്ഞില്ലെങ്കിൽ ചേച്ചിയെ അറിയിക്കണം. ഇതാ കുട്ടികാരൻ. വി. ഉണ്ണിക്കൃഷ്ണൻനായർ, പൂമുഖത്തു അമ്മവീട്ട്, വഞ്ചിയൂർ, തിരുവനന്തപുരം. എഴുത്തയയ്ക്കണേ.

കെ. സതീദേവി, വക്കം. അനുജത്തിയുടെ മേൽവിലാസം തെറ്റിയതുകൊണ്ടായിരിക്കാം സത്യഭാമയുടെ എഴുത്തു കിട്ടാഞ്ഞതു്. സത്യഭാമയ്ക്കൊന്നെഴുതിനോക്കൂ. അപ്പോൾ അറിയാം വാസ്തവം. ഇതാണ് മേൽവിലാസം. എൽ. സത്യഭാമ, തോപ്പിൽപുത്തൻപുരയിൽവീട്ട്, പെരിങ്ങമ്മാട്ട്, അട്ടർ. എഴുത്തയയ്ക്കണേ മുന്നാംലക്കം കഴുമുടി കിട്ടുമെങ്കിൽ തീർച്ചയായും അയച്ചുതരാം. ബാലികാസമാജത്തിൽ ചേച്ചിക്കുവേണ്ടി സതിയ്ക്കൊരു പ്രസംഗം ചെയ്യുകൂടേ? അടിയ്ക്കൽ എന്നതന്നെയാണ് റിക്കാർഡിൽഎഴുതിയിട്ടുള്ള മേൽവിലാസം. സുധാബായിയെ ചേച്ചി പ്രത്യേകം ചോദിച്ചതായി പറയണം.

റ്റി. വി. രാമകൃഷ്ണൻ, കരമന. മറുപടി കിട്ടാൻ താമസിച്ചതിന്റെ കാരണം ക്ഷമിച്ചുകൂടേ? തിരുവനന്തപുരത്തുനിന്നുള്ള ഈ കൂട്ടുകാരനെഴുതുമോ? കെ രവീന്ദ്രൻനായർ, നമ്പൻവിളാകത്തു വീട്ട്, ആനയറ, പേട്ട, തിരുവനന്തപുരം. കാണം വിശേഷാൽ പ്രതിയിൽ സമ്മാനാർഹമായ ചെറുകഥയും, ലേഖനവും, കവിതയും പ്രസിദ്ധീകരിച്ചിരുന്നതു കണ്ടോ?

കെ. ആർ. സീമന്തിനീദേവി, ആലപ്പുഴ. മറുപടി കാണാത്തതുകൊണ്ടാണ് മത്സരത്തിൽ പങ്കെടുക്കാഞ്ഞതു് അല്ലേ? കൊച്ചുമിടുക്കി! മറുപടി കിട്ടിയല്ലോ. ഇനിയെങ്കിലും ലീഗിനെ ഇഷ്ടപ്പെടുമോ? ഇതാ ഒരു കൂട്ടുകാരി എസ്. ശാന്തകുമാരി, അണ്ണൽമഠം, വഴുതക്കാട്, തിരുവനന്തപുരം. കൂട്ടുകാരിയ്ക്കെഴുത്തയയ്ക്കണേ.

കെ. ജി. വിജയൻ, ആലപ്പുഴ. 'വിധിവൈപരീത്യം' കിട്ടിയതിൽ സന്തോഷിക്കുന്നു. സമ്മാനാർഹമാണെങ്കിൽ വിശേഷാൽ പ്രതിയിൽ കാണുമായിരുന്നു. ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ഏതു കൂട്ടുകാരനെയാണ് വേണ്ടതെന്നു അറിയിച്ചാൽ മേൽവിലാസം തരാം. അനുജന്റെ വയസ്സു കൂപ്പണിൽ ഇല്ലായിരുന്നു. ഉടനെ അറിയിക്കണം.

കെ. ആർ. ശ്രീദേവി, ആലപ്പുഴ. മറുപടി അയയ്ക്കാൻ താമസിച്ചതിലാണോ ഇത്ര പിണക്കം. ഓ, നോക്കൂ. ചേച്ചിയോടു എന്തിനാ പിണങ്ങുന്നു? ഇതാ അനുജത്തിയെപ്പോലുള്ള ഒരു കൊച്ചു കസ്തൂരിയുടെ മേൽവിലാസം എസ്. മാധുരീദേവി, പനവിളാകത്തുവീട്ട് ആനയറ, പേട്ട, തിരുവനന്തപുരം. കൂപ്പൺ അയച്ച കുട്ടികളെ അംഗമാക്കാതെ ചേച്ചി എന്തുചെയ്യും? ചെറുകഥ അയയ്ക്കാത്ത മറുപടി കിട്ടാഞ്ഞതുകൊണ്ടാണെന്നെഴുതിയതു തീർച്ചയായും കള്ളമാണ്. ഇനി ചേച്ചിയോടു വല്ല പിണക്കവും ഉണ്ടോ?

രാജൻകുട്ടി പത്തനാപുരം. മൂന്നുപേരുംകൂടി ഒരു കടലാസിൽ എഴുതിയതുകൊണ്ടു ചേച്ചി മൂന്നുപേർക്കുംകൂടി ഒരു മറുപടി എഴുതുകയാണ്. ആർക്കും വിഷമമില്ലല്ലോ? ജോയിക്കുട്ടിയുടെ കാർട്ടൂൺ ചേച്ചിക്കു വളരെ ഇഷ്ടപ്പെട്ടു. ചേച്ചിയുടെ രൂപം ഏകദേശം അതുപോലെയെല്ലാം തന്നല്ലോ പക്ഷേ പാവക്കുട്ടിയിലേക്കു ഒരെഴുത്തുപോലും ഇതുവരെ എഴുതിത്തിട്ടില്ല രാജൻകുട്ടിക്കു് എന്തായിരുന്നു സുഖക്കേടു് നിശ്ശേഷം ഭേദമായോ? ഈ കൂട്ടുകാരനു സുഖക്കേടു് ഭേദമായെങ്കിൽ ഉടൻ എഴുതണം ആർ. ഗിരിജ സാദ്, റ്റി. സി. 215 യൂണിവേഴ്സിറ്റി റോഡ്, തിരുവനന്തപുരം. ജാൻസനു സുഖംതന്നല്ലോ? ഇവിടെയും മഴയുണ്ട്. പക്ഷേ അനുജന്റെ എഴുത്തിൽ അവിടെ വലിയ മഴയാണെന്നു തോന്നുന്നല്ലോ? കവിത കിട്ടിയതിൽ വളരെ സന്തോഷിക്കുന്നു കൂട്ടുകാരനെ വേണ്ടേ?

സി. കെ. രവീന്ദ്രൻ, പെരുമ്പാവൂർ ഒരു കൂട്ടുകാരനു് പരിചയപ്പെടുത്തി കൊടുത്തിട്ടുണ്ട്. തിരുവനന്തപുരത്തു നിന്നു പിന്നീട് ഒരു കൂട്ടുകാരനെ തരാം. സുഖക്കേടു് നിശ്ശേഷം ഭേദമായോ? മദ്ധ്യമ പരീക്ഷക്കു ഒന്നാമതായി ജയിക്കുമെന്നുതന്നെ ആശിക്കുന്നു പരീക്ഷാഫലം അറിഞ്ഞാൽ ഉടൻ ചേച്ചിയെ അറിയിക്കുമോ?

ആർ. പി. നായർ, ഹരിപ്പാട് കൂട്ടുകാരൻ രാജൻകുട്ടിയുടെ എഴുത്തു ഇതുവരെയും വന്നില്ലേ? രാജനോടു മറുപടി അയയ്ക്കാത്തതെന്തെന്നു ചേച്ചി തീർച്ചയായും ചോദിക്കാം. ഫോട്ടോ വിശേഷാൽ പ്രതിയിൽ കാണാത്തതെന്തെന്നു ചേച്ചി അന്വേഷിച്ചിട്ടുണ്ട്. വിവരം ഉടൻ തന്നെ അറിയിക്കാം. ശാന്തയേയും, സാവിത്രിയേയും ചേച്ചി ചോദിച്ചതായി പറയണം. കൊച്ചു രവിയെ

പൂളകോത്സവം
സി. പി. ശ്രീദേവി

മനോഹരമായ ഈ കഥാസമാഹാരത്തെക്കുറിച്ചു് ഗ്രന്ഥകർത്രി തന്നെ പറയുന്നു:— "……അതുകൊണ്ടു് പകൽ നിങ്ങൾ എന്നെ നിങ്ങളുടെ ശാപങ്ങളിൽനിന്നും കഴിവാക്കിയിട്ടുണ്ടു്, ഇതു് രാത്രിയിൽ വായിക്കുക." [വില 1 ക.]

താക്കോൽക്കൂട്ടം
കെ. വി. സുകുമാരൻ, ടാറാപുരം

ഹൃദയത്തിന്റെ ഉള്ളറകളോടൊപ്പം സാമൂഹ്യജീവിതത്തെ മൂടിവെച്ചിരിക്കുന്ന കനത്ത കവാടങ്ങളെയും തുറന്നുകാണിക്കുന്ന താക്കോലുകളാണ് ഇതിലെ ഓരോ കഥയും. [വില 1 ക.]

ഉദയാ ബുക്ക്സ്റ്റാൾ, പുനലൂർ

ചേച്ചി അനേഷിച്ചുതായി പറയണേ. രവി പിരിക്കാതിരിക്കയില്ല.

കെ. രാധാകൃഷ്ണൻ, പ്രാക്കുളം. കൂട്ടുകാരനെ ഇന്നു തന്നെ പരിചയപ്പെടുത്തിത്തരാം. ഇതുവരെ ക്ഷമിച്ചിരുന്നതിനു വളരെ വളരെ നന്ദി ഈ കൂട്ടുകാരനെഴുതൂ. എം. കെ ശ്രീനിവാസൻ, ററി സി. 1020, കുമാരമംഗലം ലെയിൻ, ശാസ്തമംഗലം തിരുവനന്തപുരം. ചേച്ചിയോടു പിണങ്ങാതെ ഇതുവരെ കാത്തിരിക്കാൻ ഒരനുജനെങ്കിലും ഉണ്ടല്ലോ? അതു മതി. ഓണത്തിനു തിരുവനന്തപുരത്തു വന്നിരുന്നോ? ചേച്ചിയുടെ വീട്ടിൽ വരാഞ്ഞതെന്താണ്.

എ ഷാഹുൽഹമീദ്, വെങ്ങാന്തൂർ കൂട്ടുകാരൻ ജയരാജന്റെ എഴുത്തു വരാറുണ്ടോ? ചേച്ചിക്കു സഹോദരങ്ങളും ഉണ്ട്. ചേച്ചിയ്ക്കു ലഗ്ഗിന്റെ മേൽനോട്ടമാണ് പ്രധാനജോലി. നാഗേന്ദ്രനെ ചേച്ചി പോടിച്ചതായി പറയണം അനുജനു മറുപടി എഴുതാൻ ഇപ്പോഴെങ്കിലും സാധിച്ചല്ലോ.

സി. വി. ജയചന്ദ്രൻ നായർ, ചിറയൻകീഴ്. ഫോട്ടോ തീർച്ചയായും അയച്ചുതരണം എറണാകുളത്തു നിന്നുള്ള കൂട്ടുകാരന്റെ മേൽവിലാസം താമസിയാതെ തരാം. അടുത്ത എഴുത്തിൽ മണക്കാട്ടെ വേൺവിനെ ചേച്ചി പോടിച്ചതായി പറയണേ. ചത്തുപോയ പൂച്ചക്കുട്ടി അനുജന്റേതായിരുന്നോ? കഷ്ടംതന്നെ. പേടിക്കുട്ടിയുടെ ബുദ്ധിയില്ലാ. ഈ "ഉഷച്ചേച്ചി" എന്നൊരാളില്ലെങ്കിൽ പിന്നെയാരാണ് അനുജനു ഈ മറുപടി എഴുതിയതു്.

എൻ. പുഷ്കരൻ, മണക്കാട്. ശ്രീധരന്റെ എഴുത്തു വരാറുണ്ടോ? കാർഡിൽ അയക്കുന്ന ചോദ്യങ്ങൾക്കു പത്രാധിപർ മറുപടി തരുമോ? എന്നു നേരിട്ടുതന്നെ പത്രാധിപക്കെഴുതി ചോദിക്കൂ. അനുജനു സുഖംതന്നല്ലോ?

ജി. ഉദയകുമാർ, കുന്നുകുഴി. മറുപടി എഴുതാൻ താമസിച്ചതിൽ ചേച്ചിക്കു സങ്കടം ഉണ്ട്. ഈ ചേച്ചി എന്തുചെയ്യട്ടെ. ഈ കൂട്ടുകാരൻ ഒരു ചെറുകഥാകൃത്താണ്. പക്ഷേ കൂട്ടുകാരന്റെ അച്ഛൻ സാഹിത്യകാരനാണോ എന്നു ചേച്ചിക്കു നിശ്ചയമില്ല. ചേച്ചിയേ ചോദിച്ചതായി പറയണം. ഫോട്ടോ അയച്ചുതരണേ.

എൽ. ലളിത, ചങ്ങനാശേരി. ശ്രീകുമാരിയുടെ എഴുത്തു വന്നെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. മറുപടിയെഴുതാൻ ഇപ്പോഴേ സാധിച്ചുള്ളൂ. എന്തെന്നറിയാമല്ലോ? ഇതുനാളും ക്ഷമയോടെ കാത്തിരുന്നതിനു ചേച്ചിയുടെ അകമഴിഞ്ഞ നന്ദി. രാഷ്ട്രത്തിനു ഒന്നാമതായി ജയിക്കാൻ ശ്രമിക്കണേ. എങ്കിൽ ചേച്ചി ഒരു സമ്മാനം തീർച്ചയായും തരുന്നതായിരിക്കും. ചേച്ചിയും അച്ഛന്റെ അഭിപ്രായത്തോടുകൂടി യോജിക്കുന്നുണ്ട്.

ഈ ആഴ്ചയിലെ അംഗങ്ങൾ

641. എം. എസ്. അംബികാകുമാരി, കൊല്ലം. 642. എം. എസ്. അശോകകുമാർ, കൊല്ലം. 643. എം. എസ്. വിജയകുമാർ, കൊല്ലം. 644 പി. കെ. അബ്ദുൽ അമീർ, ചങ്ങനാശേരി. 445. എം അബ്ദുൽ സലാം, നാഗർകോവിൽ. 646. കെ. കെ. കുമാരൻ, പൊറയ്. 647 കെ. മണി, എറണാകുളം. 648. എൻ. വേലുച്ചൻആശാരി, നെടുമങ്ങാട്. 649. എൻ. സുലൈഖാബായി, വക്കം. 650. എൻ. കൃഷ്ണമൂർത്തി, ആലപ്പുഴ. 651. ജി. രാധാമണിദേവി, കല്ലമ്പലം. 652. കെ. പി. തമ്പി, തിരുവനന്തപുരം. 653. എസ്. വിശ്വനാഥൻ, മുണ്ടക്കയം 654. കുഞ്ഞുകുഞ്ഞമ്മ, മുണ്ടക്കയം. 655. എസ്. ബി. സുഭാകുമാരി, നെയ്യാറ്റിങ്കര. 656 വി. ഉപേന്ദ്രൻ, ചവറ. 657 കെ കെ. ശശികല, കുക്കുഞ്ചേരി. 658 ആർ. ലളിത, കടയ്ക്കാവൂർ. 659. വി. സത്യപാലൻ, നാഗർകോവിൽ 660 വി. എം. അബ്ദുൽകാദർ, പട്ടണക്കാട്. 661 കെ. ജി. നാഥ്, തിരുവനന്തപുരം. 662 ജി. ഗോപിനാഥ്, ഉരുട്ടമ്പലം 663. വി കെ. അബ്ദുൽകാദർ, എടവനക്കാട്. 664. സി. എം. വത്സൻ, മൂലംകുഴി. 665. പി. ലീല, നന്തൻകോട്. 666. സി വസന്തദേവി, തിരുവനന്തപുരം. 667. എസ്. പ്രേമ, തിരുവനന്തപുരം. 668. കെ. ഗോപിനാഥൻനായർ, പടിയാർ. 669. പി. എ രജിന, സിലോൺ 670. ആർ. വിജയൻ, വക്കല 671. എം. രാമചന്ദ്രൻനായർ, നെടുമങ്ങാട് 672 ജാൻ കെ. ജേയ്ക്കബ്, നെടുമങ്ങാട്. 673. എസ്. വിൽസാം ഡാനിയൽ, നെടുമങ്ങാട്. 674. കെ. പി. മേരി, തൃശ്ശൂർ. 675. ററി. സുശീലാദേവി, പെരുന്ന676. ഗോപിനാഥൻ ആചാരി, ഹരിപ്പാട് 677. സി. രാമൻ, നെടുമങ്ങാട്. 678. എം. രാധാകൃഷ്ണൻനായർ, ആലപ്പുഴ. 679. എസ്. കുമാരസ്വാമി ആശാരി, നെടുമങ്ങാട്. 680. എം. ശ്രീവത്സൻ, കണിയാപുരം 681. എൻ. ശശിധരൻ, വാമനപുരം. 682. പി. ജെ ജാൺ, പേരൂക്കട. 683. ജി. ററി. രാഗിണീദേവി, വട. പാറവൂർ 684. സി. മത്തൃമാമ്മൻ. തക്കല. 685. പി. രവീന്ദ്രൻനായർ, തിരുവനന്തപുരം. 686. കെ. രാജശേഖരൻനായർ, കരമന. 687. എ. ആർ. വേണുഗോപാൽ, ആലുവാ. 688. എ. ആർ. ഉണ്ണികൃഷ്ണൻ, ആലുവാ. 689. ആർ. ശാന്തകുമാരി, ആലുവാ. 690. എ. സരോജിനിഅമ്മ, പാലോട്.

കൗമുദി ലീഗ്

പേരു് .....

മേൽവിലാസം .....

.....

ബാലിക / ബാലൻ വയസ്സു് .....

ഏതു ക്ലാസിൽ പഠിക്കുന്നു .....

പ്രത്യേക വാസനകൾ .....

.....

(ഇവിടെ സ്റ്റാമ്പുശേഖരണം, സംഗീതം, നൃത്തം തുടങ്ങി എന്തിലാണു് പ്രത്യേകതാല്പര്യമെന്നെഴുതണം.)

രക്ഷകർത്താവിന്റെ പേരു് .....

എന്നെ കൗമുദി ലീഗിൽ ഒരംഗമായി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. എന്റെ മേൽവിലാസമെഴുതിയ ഒരു കവർ ഉള്ളടക്കം ചെയ്തിട്ടുണ്ടു്.

.....

ഒപ്പു്

വെട്ടം തിരുത്തും



പരമ്പരയായ പാരമ്പര്യങ്ങളുള്ള ഒരു തറവാട്ടിലെ അംഗമാണ് ഗോവിന്ദൻ നായർ. നാടിന്റെ പുരോഗതിയുടെ അതു അപ്രധാനമല്ലാത്ത ഒരു ഭാഗത്തു് തലയെടുപ്പോടുകൂടി ആ തറവാട് സ്ഥിതിചെയ്യുന്നു. അതു പല മഹാസംഭവങ്ങളുടേയും ചരിത്രത്തിലെ ഒരു പ്രധാനപങ്കുകയാണ്. നാടടക്കി ഭരിച്ച കാരണവന്മാർ അവിടെയുണ്ടായിട്ടുണ്ട്. ആ കെട്ടിടത്തിന്റെ തെക്കുപുറത്തു കാണുന്ന അസ്ഥിത്തറയിൽ ഗോവിന്ദൻ നായർ മുടങ്ങാതെ അന്തിത്തിരി കത്തിച്ചുവയ്ക്കാറുണ്ട്. എണ്ണിയാൽ ഇരുന്നൂറോളം വരുന്ന കരിങ്കൽ തൂണുകളാൽ അവിടെ വച്ചിരിയ്ക്കുന്നു. അതിനു മുമ്പിൽ ഭക്തിയോടെ കൈകൂപ്പി നിൽക്കാറുള്ള ഗോവിന്ദൻ നായർ ആ ഒരോ കരിങ്കൽ കഷണവും തൂണിക്കൊണ്ടു പറയും;—

"ഇതു വല്യമ്മാവനാണ്. ഇതു ശങ്കരമ്മാവൻ. അങ്ങേരണ്ണോവ്. ഇതു അമ്പലം പണിയിച്ചതു്. ഇതു് എന്റെ മുത്തശ്ശിയുടെ മുത്തശ്ശിയാണ്. അവരു ഭാഗ്യവതിയായിരുന്നു. ഇതു ആ മുത്തശ്ശിയുടെ അമ്മാവനാണ്. അങ്ങേരു ഒരു വലിയ ആളായിരുന്നു. കുടുംബസ്നേഹമൊണ്ടായിരുന്ന ആളു്! അദ്ദേഹമൊരാളില്ലായിരുന്നെങ്കിൽ ഞങ്ങടെ നിലയെന്നോ മൊണ്ടാകേലായിരുന്നു...."

"എന്തു നില!"—നാം ചിന്തിച്ചുപോകും മിക്കവാറും പട്ടിണിയിൽ തന്നെ കഴിഞ്ഞുകൂടുന്ന ഗോവിന്ദൻ നായരുടെ 'നില'യെയോർത്തു നാം ചിരിച്ചുപോകും. 'കാര്യം പണവു'മല്ല, അന്തസ്സും തറവാടിത്തവുമാണ് നില എന്ന വാക്കിനായാം നൽകുന്ന അർത്ഥം—.

ഒന്നു ശരിയാണ്, പട്ടിണിയും പാടുമായി കഴിഞ്ഞുകൂടിയിട്ടു്, പണക്കാരുടെ കുടുംബങ്ങളിൽ പോയി ഒരുനേരത്തെ ആഹാരത്തിനു് ഇരക്കേണ്ടി വന്നിട്ടു്, അയാൾ കുടുംബത്തിന്റെ മാനം നിലനിർത്തിപ്പോരുന്നുവെന്നു വിശ്വസിയ്ക്കുന്നു. ഇന്നുവരെ അയാൾ മറ്റൊരാളുടെ 'കൂലിവേല'യ്ക്കു പോയിട്ടില്ല. ഇനിയുമതിനൊട്ടു പോവുകയുമില്ല. അതുകൊണ്ടാണു കാരണവന്മാർ ആർജ്ജിച്ച സൽപേരു് അയാൾ കളഞ്ഞുകുളിച്ചിട്ടില്ല!

പരന്നുകിടക്കുന്ന പുഞ്ചപ്പാടങ്ങൾ തൂണ്ടി അയാൾ പറയും—"ഇതെല്ലാം ഞങ്ങളുടെയായിരുന്നു....."

പിന്നെ, അവയെല്ലാം എങ്ങനെ നഷ്ടപ്പെട്ടുവെന്നു ചോദിച്ചാലയാൾ പറയും—"ഈ ലക്ഷ്മി ലക്ഷ്മി എന്നു പറയുന്നതു് കരിടത്തുതന്നെ നിൽക്കുകേല്ല അവളുകേറി മൊങ്ങീം കഴിയുന്നവളാ...." അയാൾക്കതിലും വ്യക്തമായ ഒരു തത്വശാസ്ത്രമുണ്ട്.

ഗോവിന്ദൻ നായരുടെ പല കാരണവന്മാർക്കും, കുടുംബത്തിന്റെ മാനം സൂക്ഷിയ്ക്കുന്നതിൽ

— വയലാർ രാമവർമ്മ —

കൂടുതൽ ശ്രദ്ധിച്ചിരുന്നതുകൊണ്ടു് വസ്തുക്കളും പുരയിടങ്ങളും സൂക്ഷിയ്ക്കാൻ കഴിഞ്ഞില്ല. പണവും പ്രതാപവുമില്ലെങ്കിലെന്തു്? നാട്ടിലെ 'യജമാനത്വം' ആ കുടുംബക്കാർക്കുതന്നെ ഇന്നും നിലനിൽക്കുന്നു. ആ വീട്ടുകാരുടെ വകയായിരുന്ന നിലങ്ങളും പുരയിടങ്ങളും ഇന്നു് പല രേഷൻ പടിയുടമസ്ഥന്മാരും കുള്ളൻപാപ്പുമാരും കയർമുതലാളിമാരും കൈവശപ്പെടുത്തിയിരിയ്ക്കുകയാണ്. ആ നാട്ടിൻപുറത്തെ പണക്കാരായ പണക്കാരെല്ലാം ഇന്നും ഗോവിന്ദൻ നായരെ ബഹുമാനിയ്ക്കുന്നു. അയാൾക്കു് അവരുടെയൊപ്പം കസേരയുണ്ട്. അവരെല്ലാം കാണത്തിന്നു് 'കാര്യ'യുമായി അയാളുടെ തറവാട്ടു മുറ്റത്തുചെന്നു് വാലൊക്കെയുംപൊത്തി നിൽക്കാറുണ്ട്. അപ്പോഴെല്ലാം അയാൾ തന്റെ കുടുംബനിലയെയോർത്തു് രോമാഞ്ചംകൊള്ളാറുണ്ട്!

ഗോവിന്ദൻനായരുടെ അച്ഛൻ നാരായിരുന്നുവെന്നതു ആ നാട്ടിൽ ഇന്നും ഒരു പ്രശ്നമാണ്. പലരും പല പേരുകളും നിർദ്ദേശിയ്ക്കുന്നു. അയാളുടെ അമ്മയ്ക്കുതന്നെ ആ കാര്യത്തിൽ ഒരു തീർച്ച പറയാൻ തക്ക നിശ്ചയമില്ല. അയാളുടെ അച്ഛനെ കാണിച്ചോർക്കുമ്പോൾ അവരുടെ മുമ്പിൽ വളരെയധികം ശ്രദ്ധയും വന്നുനിൽക്കുകയാവും. അവയിലാരെയാണു തൂണി ഉറച്ചുനിന്നു പറയുക? അവർക്കു സംശയമാണ്. അവർ ഇന്നൊരു വേണ്ടാത്ത പദാർത്ഥമായിരിയ്ക്കുകയാണ് തകർന്ന അവരുടെ ആരോഗ്യത്തിനു് അന്നത്തെപ്പോലെ ആരും വിലപേശുകയില്ല. അവരുടെ ഈടുവയ്പിൽ ഇന്നാരും എത്തിനോക്കാറുമില്ല. അവരെ കുറിച്ചു പല കഥകളും നാട്ടിൽ പ്രചരിയ്ക്കുന്നു. കള്ളഷാപ്പുകളിലും പായക്കടകളിലുമിരുന്നു് സാന്മാർഗ്ഗിക വാദികളും അവരെ കുറ്റപ്പെടുത്തുക പതിവാണ്.

"പകലെന്നില്ല, രാത്രിയെന്നില്ല, എങ്ങനെ കുടുംബത്തിൽ കഞ്ഞിവയ്ക്കാൻ സാധിയ്ക്കും—" പലരും പറഞ്ഞുകേട്ടിട്ടുണ്ട്.

ആ സ്ത്രീമനഃപൂർവ്വം അങ്ങനത്തെയൊരുവളായിത്തീർന്നതല്ല സാഹചര്യങ്ങളാണു അവരെ ആ നിലപാടിലെത്തിച്ചതെന്നു മാത്രം. മോഷണത്തിനും വ്യഭിചാരത്തിനും രംഗമൊരുക്കുന്ന ഒരു വ്യവസ്ഥിതിയിൽ കള്ളന്മാരും വേശ്യകളുണ്ടാകുന്നതിലത്ഭുതമില്ല. അവരും അങ്ങനെ വ്യവസ്ഥിതിയുടെ ഒരു സന്തതിയാണ്.

കുടുംബത്തിനു് ആഭിജാത്യമുണ്ട്. ജോലിയെടുത്തുണ്ടാക്കി നടക്കുന്നതു കുറുകരമാണ്. ആരോടെയുമാർത്തിയില്ല. ജീവിയ്ക്കുകയും വേണം. അവർ ആലോചിച്ചു. പണ്ടൊരിവസം ഫാക്ടറിയിൽ പോയി കയർ പിരിച്ചുകൊടുക്കുന്നവർക്കു കിട്ടാവുന്നതിന്റെ ഇരട്ടിപ്പണം ഒരു രാത്രികൊണ്ടവർക്കു നേടാൻ കഴിഞ്ഞു. അതെന്നും നിലനിൽക്കുമെന്നവർക്കു ഉറപ്പില്ലായിരുന്നു. നീണ്ടുനിന്നതോളം ഉതിയുരുട്ടിക്കൊണ്ടു പോകാമെന്നതന്നെയായിരുന്നു അവരുടെ ചിന്താഗതി!

അങ്ങനെ ഗോവിന്ദൻ നായർ ജനിച്ചു. പണ്ടുപതിനാലു വയസ്സുവരെ അയാളെ വളർത്തിക്കൊണ്ടുവരാനവർക്കു സാധിച്ചു. ഇന്നാകിഴവി നിസ്സഹായയാണ്!

തങ്ങളുടെ മുൻവശത്തുള്ള നാട്ടുവഴിയിലൂടെ നേരം വെളുക്കുമ്പോൾ ഫാക്ടറിത്തൊഴിലാളികളും തുമ്പുവേലക്കാരും കടന്നുപോകുന്നതു് അയാൾ കാണാറുണ്ട്. അയാൾക്കവരെക്കുറിച്ചു

ശ്രീ എ. പി. യുടെ

"ജയിലഴികൾക്കുള്ളിൽ"

ആവശ്യപ്പെടുക:— എ. പി. ചെല്ലപ്പൻനായർ
തിരുവമ്പാടി—ആലപ്പുഴ.

.....പ..... വടവെട്ടിയും,
മർദ്ദനത്തോ..... വടി..... ട്ടിയും നശിച്ച
സമുദായനീതിയുടെ..... രെ കണ്ണുരുട്ടിയും
മരിച്ചു ജീവിക്കുന്ന ഒരു..... താഴിലാളിയു
ടെ ആത്മകഥ.....വില ഒറ..... പ്രതി 8ണ.

N. B. രണ്ടുപ്രതി ഒരുമിച്ചെടുത്താൽ വി. പി. ചാർജ്ജ് സൗജന്യം

ഉള്ളിലൊതുങ്ങാത്ത പുഞ്ചിരിയാണുള്ളത്. അഭിമാനം കണ്ണവന്റെ കുലീക്കാശിനു വിൽക്കുന്ന വഷ്ഗം! പട്ടിണി ഉലയൂതുന്ന വയറിൽ ഈരിഴ കച്ചത്തോർത്തു് ഒന്നുകൂടി വരിഞ്ഞെടുത്തുകൊണ്ടയാം തുളസിത്തറ വെടിപ്പാക്കുകയാവും അപ്പോൾ.

ആ അമ്മയും മകനും എങ്ങനെ ജീവിയ്ക്കുന്നു എന്ന ചോദ്യത്തിനു് ഉത്തരമില്ല അവർ ജീവിയ്ക്കുന്നുണ്ടോ എന്നതിനെ സംശയമില്ല. മരിയ്ക്കാത്തതുകൊണ്ടു് ജീവിച്ചുപോകുന്നു

"അമ്മ പറഞ്ഞയച്ചു അങ്ങോട്ടൊന്നു വരാൻ....." നീലയും വിലയുമുള്ള ചിലരുടെ വീട്ടുകളിൽ ചെന്നു് ഗോവിന്ദൻ നായർ ചിലരെയൊക്കെ രഹസ്യമായി ക്ഷണിയ്ക്കാറുണ്ടു്. അവർക്കതിന്റെ അർത്ഥവും ഉദ്ദേശവും മനസ്സിലാവാറില്ല. തന്ത്രീതകന്നു ഒരു വീണയിൽ എങ്ങനെയാണു് സംഗീതാഭ്യസനം സാധിയ്ക്കുക? ആ കരവുകാരം പരിഹരിച്ചു് രാഗാലാപം നിർവ്വഹിയ്ക്കാവുള്ള പണ്ഡിതന്മാർ എന്നുള്ളതും ഉണ്ടായിരുന്നു. അവരുടെ വിശ്രമമായ കൈവേലകളിൽ ആ വീണ ഇന്നും ഒരു സംഗീതോപകരണമെന്നാണഭിമാനിയ്ക്കുക!

ചിലർ ഗോവിന്ദൻ നായർക്കു് എന്തെങ്കിലുംവച്ചു നീട്ടാറുണ്ടു്. ഒരിയ്ക്കൽ വഴിവക്കിൽ ഭാവിയുടെ പിടികിട്ടാത്ത അനന്തതയിലേയ്ക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ടു നിന്ന ഗോവിന്ദൻ നായരെ നോക്കി ആ നാട്ടിലെ ഒരു പണക്കാരൻ പറയുകയുണ്ടായി.

"ഏമാനനെന്താ ഇങ്ങനെ വെറുതെ നിക്കുന്നേ?"

"ഓ ഒന്നുമില്ല!"—മറുപടി.

"എന്നാൽ നമുക്കുപോകാം —" അയാൾ ക്ഷണിച്ചു.

ലക്ഷ്യമൊന്നുമില്ലാതെ ഗോവിന്ദൻ നായർ നടന്നു. അയാൾക്കാ മുതലാളി പോകം കാപ്പിയുമെല്ലാം വാങ്ങിക്കൊടുക്കുകയുണ്ടായി. അയാൾ നീട്ടിയ ഒന്നു രണ്ടു കടലാസുകളിൽ അയാൾ പറഞ്ഞേടങ്ങളിലെല്ലാം ഗോവിന്ദൻനായർ തന്റെ കയ്യൊപ്പുകളിട്ടു കൊടുത്തു അതിന്നു പ്രതിഫലമായി പത്തുറുപ്പികയുടെ ഒരു നോട്ടു് കിട്ടിയതിൽ അയാളഭിമാനിയ്ക്കുന്നു. തന്റെ കയ്യൊപ്പിന്റെ യൊരു വില! ഒന്നു രണ്ടാഴ്ച കഴിഞ്ഞപ്പോൾ താൻ താമസിയ്ക്കുന്ന പുരയിടത്തിൽ ആ മുതലാളി വന്നു് പണിയെടുപ്പിക്കുന്നതുകണ്ടു് അയാൾ ഞെട്ടിപ്പോയി. അയാൾ അപ്പോഴും അഭിമാനിച്ചു. തന്റെ കയ്യൊപ്പിനു് ഇതുമെല്ലാം കഴിവുകളുണ്ടു്!

കൊയ്ത്തുകാലങ്ങളിൽ ഗോവിന്ദൻനായർക്കു പിടിപ്പതുജോലിയുണ്ടു്. പല നിലുടമസ്ഥന്മാരുടേയും വീടുകളിൽ അയാൾക്കു പോകേണ്ടതായുണ്ടു്. അവരിൽ പലരും അയാൾക്കു് ഒന്നും രണ്ടു മിടങ്ങഴി നെല്ലുകൊടുക്കാം. ആ കിട്ടുന്നതു് തന്റെ നിലയും മാന്യതയുംകൊണ്ടു മാത്രമാണെന്നയാൾ വിശ്വസിക്കുന്നു.

നഗരത്തിലെ സിനിമാതിയേറ്ററിന്റെ വാതിൽക്കൽ എന്നും വൈകുന്നേരം ഗോവിന്ദൻ നായരെ കാണാം. കഞ്ഞികുടിയ്ക്കാൻ സാധിച്ചില്ലെങ്കിലും സിനിമ ഒന്നും താൻ കാണാതെ കടന്നുപോകരുതെന്നയാൾക്കു നിർബ്ബന്ധമുണ്ടു്. ഒരിയ്ക്കലയാൾ കൊട്ടകയുടെ മുമ്പിൽ നിൽക്കുകയായിരുന്നു. അതിലേ കടന്നുപോയ ഒരാൾ അയാളെയും വിളിച്ചുകൊണ്ടുപോയി. അയാൾ മുന്നേമുക്കാൻ രൂപാ വിലയുള്ള ഒരു നേരിയതും വാങ്ങി ഗോവിന്ദൻനായർക്കു കൊടുത്തു. ഇന്റർവ്വെയിലായപ്പോൾ അവർ ഒരു വീട്ടിൽ ചെന്നു കയറി. വീട്ടുകാർ അവരെ സൽക്കരിച്ചു ഏതാണ്ടൊരു മണിക്കൂർ കഴിഞ്ഞപ്പോൾ സ്ഥലത്തെ കരയോഗം പ്രസിഡന്റും മാനേജരും ചിലരുംകൂടി അവിടെ കയറിച്ചെന്നു. ഒന്നു രണ്ടു തടിച്ചബുക്കുകളിൽ അവർ അയാളെക്കൊണ്ടു ഒപ്പിടുവിച്ചു. ആ വീട്ടിലെ ഒരു യുവതിയെക്കൊണ്ടും അവർ അങ്ങനെയൊക്കെ ചെയ്യിച്ചു അപ്പോഴാണു് ഗോവിന്ദൻനായർക്കു മനസ്സിലായതു് അതു തന്റെ വിവാഹമായിരുന്നെന്നു്! മൂന്നു നാലു മാസങ്ങൾ കഴിഞ്ഞപ്പോൾ അയാളുടെ ഭാര്യ പ്രസവിച്ചു ആ കൈക്കഞ്ഞിനെ എടുത്തു കളിപ്പിച്ചുകൊണ്ടു ഗോവിന്ദൻ നായർ പറയും—

"അച്ഛനൊരുമ്മതന്നേ....."

അങ്ങനെ അയാളോടൊത്തു പട്ടിണി കിടക്കാൻ വീട്ടിൽ രണ്ടംഗങ്ങൾകൂടിയുണ്ടായി അവരോടെന്തോ തനിയ്ക്കു കടപ്പാടുള്ളതായി അയാൾക്കുതോന്നി. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരു പുതിയതരം ചിന്താഗതി വീട്ടിൽ വന്നുകയറുന്ന ഓരോ പൈതലിനേയും അയാൾ സംശയിയ്ക്കുന്നു, വെറുക്കുന്നു. പണ്ടത്തെപ്പോലെ ഇന്നു് പലരിൽനിന്നും സംഭാവനകളും സ്വീകരിയ്ക്കാൻ അയാൾ മടിയ്ക്കുന്നു അവർ നീട്ടുന്ന ഓരോ സഹായഹസ്തത്തിനും ഞെട്ടിയ്ക്കുന്ന അർത്ഥങ്ങളുണ്ടായി: അവ കാണെക്കാണെ അയാളുടെ മുമ്പിൽ തെളിഞ്ഞുവരികയായി. മുമ്പു് അയാൾ ബഹുമാനിക്കുകയും സ്നേഹിയ്ക്കുകയും ചെയ്ത വർഗ്ഗത്തെ ഇന്നു വെറുക്കുന്നു. 'കുടുംബത്തിന്റെ മാനം' എന്നതു് അർത്ഥമില്ലാത്ത ഒന്നാണെന്നയാൾക്കു ബോദ്ധ്യമായി. ജീവിയ്ക്കണമെങ്കിൽ ജോലി ചെയ്യുകയെന്നതു് ഒരാവശ്യമായി അയാൾക്കുതോന്നി. എത്രനാൾ ഇങ്ങനെ തെണ്ടിയായി കഴിയും?

നെയ്ത്തുശാലയിലേയ്ക്കു് പണിക്കുവേണ്ടി ഇറങ്ങിയ ആദ്യത്തെ ദിവസം അയാളിൽ ഒരു കിടിലമുണ്ടായി. അതെത്രയോ മുമ്പു ചെയ്യുമായിരു ന്നു! പലരും അയാളെ പരിഹസിയ്ക്കുന്നു. അയാൾക്കവരോടു് മറുപടി പറയാൻ ഇപ്പോൾ കഴിയുന്നുണ്ടു്. നെയ്ത്തു തൊഴിലാളികളുമായി നേടിയ സമ്പർക്കം അയാളിൽ ഇന്നത്തേതിലും വ്യത്യസ്തങ്ങളായ ചിന്താഗതികളാണു കൊടുക്കുന്നു. ഫ്യൂഡലിസത്തിന്റെ ഇരുളടഞ്ഞ കോണുകളിൽ അവ ടോർച്ചുലൈറ്റുപോലെ പ്രയോജനപ്പെടുന്നു.

ഈ പുതിയമതിരി ചിന്താഗതികളുടെ വെളിച്ചത്തിൽ, അയാൾ, പിന്നിട്ട കാലങ്ങളെ കുറിച്ചോർത്തു് അവ കൂടുതൽ കൂടുതൽ വ്യക്തമാവുന്നു. ഇന്നയാൾ ഒരു വയർ കഞ്ഞികുടിയ്ക്കുന്നതു് അഭിമാനത്തോടെയാണു്.

അയാൾ പണിയെടുക്കുന്ന നെയ്ത്തുശാലയുടെ, ഉടമസ്ഥനു് അത്യധികം പണമുണ്ടായതെങ്ങനെയെന്നു് മറ്റാരെക്കാളും വ്യക്തമായിട്ടയാൾക്കറിയാം. ശാസ്ത്രം അതിനു കാരണങ്ങളും പറയുന്നുണ്ടു്. ആ വരികളും അയാളുടെ അനുഭവങ്ങളുമായി എങ്ങനെ പൊരുത്തപ്പെടുന്നു! തൊഴിലാളിയുടെ തത്വശാസ്ത്രം മറ്റുചിലർക്കും പഠിപ്പിയ്ക്കാൻ കഴിയുന്നതിലും വേഗത്തിൽ അയാൾക്കു മനസ്സിലാകുന്നു!

ആ നാട്ടിലെ വൻകിട മുതലാളിമാരെക്കാൾ സ്ഥാനം തനിയ്ക്കുണ്ടെന്നയാൾ വിശ്വസിച്ചിരുന്നു. ആ ധാരണയുടെ പൊള്ളത്തരം അയാൾക്കു മനസ്സിലായി. ആ തൊഴിലാളിധാരണയുടെ അടിവേരറ്റാണു് അയാളുടെ പദ്ധതികളും തകർന്നുപോയിട്ടുള്ളതു്!

മരിയ്ക്കാത്തതുകൊണ്ടു് ജീവിച്ചുപോന്ന ഗോവിന്ദൻ നായർ, ഇന്നു് ജീവിയ്ക്കുവാൻവേണ്ടി മരിയ്ക്കുവാൻകൂടി തയ്യാറാണു്! അയാൾക്കു മാത്രമല്ല, അയാളുടെ തലമുറയ്ക്കും അതിനടുത്ത തലമുറയ്ക്കും ജീവിയ്ക്കണം. ആ ജീവിയ്ക്കൽ ഒരു സമരത്തിന്റെ പ്രഖ്യാപനവുമാണു്!

ആ നെയ്ത്തുശാലയിലെ തൊഴിലാളികളുടെയിടയ്ക്കിരുന്നു് സാമൂഹ്യപ്രശ്നങ്ങളെച്ചൊല്ലി വാഗ്വിവാദങ്ങളും നടത്തുന്ന ഇന്നത്തെ ഗോവിന്ദൻ നായർ പലർക്കും തലവേദനയുണ്ടാക്കുന്നു. എങ്ങോട്ടെന്നില്ലാതെ നീങ്ങിക്കൊണ്ടിരുന്ന അയാൾ ഇന്നു് ഒരു പെട്ട വഴിയിലേയ്ക്കിറങ്ങിയിരിക്കുകയാണു്. പലരും വെട്ടിത്തെളിച്ചു് ഒരുക്കിവരുന്ന ഒരു നാട്ടുവഴി. അതിന്റെ അവസാനത്തിൽ അയാൾ നിൽക്കുന്നു. ഇനിയുമങ്ങോട്ടു കടക്കുകയും മുള്ളുകളുമാണു്. ഇന്നലത്തെ യാത്രക്കാർ പണിയായുധങ്ങളും വച്ചേടുത്തുപോയിട്ടുണ്ടു്, പണിയ

— കഴുകൻ [illegible] —

...ാനിപ്പിച്ചേടത്തുനിന്നും, അയാൾക്കും അയാളുടെ സഖാക്കൾക്കും ഉണ്ടാകുവാൻ പോകുന്ന ഭാഗധേയത്തിനും അപകടം നിറഞ്ഞ ഒരു പണി.

ആ തൊഴിലാളികൾക്ക് ഉച്ച ഒരു സംഘടനയുണ്ട്. അതിന്റെ പ്രവർത്തകന്മാർ പലരും ഇന്ന് ജയിലിലും പുറത്തിലുമാണ്.

ഒരിക്കൽ ആ നെയ്ത്തുതൊഴിലാളികൾക്കു സ്റ്റഡിക്ലാസ്സ് നടത്തിക്കൊണ്ടിരുന്ന ഒരു പ്രമുഖ സംഘടനാപ്രവർത്തകൻ വിരുദ്ധശക്തികളുടെ നിരന്തരസംഘട്ടനത്തിൽ നിന്നുയർന്നു വരുന്ന പുതിയ ഭാവിയെ കുറിച്ച് ശാസ്ത്രീയമായി പ്രതിപാദിയ്ക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു—

"ഇവിടെ രണ്ടു വർഗ്ഗമേയുള്ളൂ. ആ രണ്ടു വർഗ്ഗങ്ങൾ തമ്മിലുള്ള സംഘട്ടനം, സമരം, ആണിന്നു നടക്കുന്നതു്. ആ സമരത്തിനു മുമ്പിൽ നിന്നു, നാമോടിയൊളിച്ചുകൂടാ....."

ഗോവിന്ദൻനായർ ചാടിയെഴുന്നേറ്റു പറഞ്ഞു—"ഇവിടെ മൂന്നാമതൊരു വർഗ്ഗമുണ്ട്" പലരും അമ്പരന്നുപോയി. അതു നിലവിലിരിക്കുന്ന തത്വശാസ്ത്രത്തിനെതിരാണ്. ഗോവിന്ദൻനായർ സ്വന്തം ജീവിതത്തെ മുൻനിർത്തി അതു ഉദാഹരിച്ചു. ഇന്നും കുടുംബത്തിന്റെ മാനം സുരക്ഷിതമാക്കി, തൊഴിൽ ചെയ്യുന്നതഭിമാനക്കുറവാണെന്നും കരുതി, മുതലാളിത്തവർഗ്ഗത്തിന്റെ തത്വശാസ്ത്രങ്ങളിൽ വിശ്വസിച്ച് സാംസ്കാരികമായും സാമൂഹ്യമായും അധഃപതിച്ച പട്ടിണിയും പാട്ടമായി കഴിഞ്ഞുകൂടുന്ന ഒരു വർഗ്ഗത്തെ കുറിച്ചയാൾ പറഞ്ഞു—"അവരേയും നമുക്കുപേക്ഷിച്ചുകൂടാ. അവരിലും വർഗ്ഗബോധമുണ്ടാക്കേണ്ടിയിരിയ്ക്കുന്നു. അവരെയും നമ്മുടെ അണികളിൽ പിടിച്ചുനിർത്തേണ്ടിയിരിയ്ക്കുന്നു....."

"ശരിയാണ്, പെറ്റിബൂർഷ്വാവർഗ്ഗമെന്നു പറഞ്ഞ് അവരേയും മാറ്റിനിർത്തിക്കൂടാ"—മറ്റൊരു തൊഴിലാളി അതു മുൻനിക്കാണിച്ചു.

തൊഴിലാളികേന്ദ്രങ്ങളിൽ ആ വാദത്തിന്റെ അലകും പിന്നാടിക്കുകയുണ്ടായി.

ചിലർ പറഞ്ഞു—"അതൊരുതരം ഒഴിഞ്ഞുമാറലാണ്...."

ഗോവിന്ദൻനായർ അതിനു മറുപടി പറയാറുണ്ട്—

"ഞാൻ മുൻനിക്കാണിച്ചു പറയുന്ന വർഗ്ഗം നമ്മുടെ നാട്ടിടങ്ങളിൽ ധാരാളമുണ്ട്. തൊഴിലാളികളേയും മുതലാളികളേയുംകാൾ ജനസംഖ്യയിൽ അവരാണു മികച്ചുനിൽക്കുന്നതു്. ഇന്നവർ മുതലാളിമാരുടെ കൈച്ചരടിലെ പാവകളാണ്. അവരെക്കൂടി ഉൾപ്പെടുത്താതെയുള്ള നമ്മുടെ സമരം ഒരു പരാജയമാവും. മുതലാളിത്തത്തിന്റെ കൂലിപ്പട്ടാളങ്ങളായി, ബോധമില്ലാതെ ഇന്നവർ നമ്മളോടെതിരിടുകയാണ്. സമരം നാമിന്നഴിച്ചുവിട്ടാൽ നമുക്കധികവും എതിർക്കേണ്ടതു് ഒന്നുമില്ലാത്തവരായ അവരോടാണ്. ഒരു വൻപിച്ച വ്യയം നാമിന്നു വരുത്തിവയ്ക്കയാവും അപ്പോൾ. നാടുനീളെ സമരമുന്നണി ഒരുക്കേണ്ട നമ്മൾ ആ വർഗ്ഗത്തെ വിട്ടുകൂടായ്തു്....."

ഈ വാദഗതികളിൽ പലപ്പോഴും വിശ്വസിക്കാൻ കഴിഞ്ഞില്ല. വർഗ്ഗബന്ധങ്ങളുടെ തെളിവെളിച്ചത്തിൽ ശാസ്ത്രത്തിന്റെ ഏടുകൾ വിശദീകരിച്ചുവന്ന ഒരു തൊഴിലാളിപ്രവർത്തകൻ കുറിച്ചുവച്ചു.

"ചൈനയിൽ മാവോയുടെ വിജയം ഇതായിരുന്നു. കർഷകനേയും ഇടത്തരക്കാരനേയും അദ്ദേഹത്തിനു സംഘടിപ്പിക്കുവാൻ കഴിഞ്ഞു. മുതലാളിത്ത സർക്കാരിനോടുള്ള പോരാട്ടത്തിൽ അവരെ തൊഴിലാളിവർഗ്ഗത്തിന്റെ അണികളിൽ പിടിച്ചുനിർത്തുവാൻ കഴിഞ്ഞു. അല്ലായിരുന്നെങ്കിൽ അവശതയനുഭവിച്ചിരുന്ന ഇടത്തരക്കാരൻമുഴുവൻ സർക്കാരിന്റെ പട്ടാളവകുപ്പിൽ ചേരുമായിരുന്നു. ഈ പുതിയ ചിന്താഗതി തള്ളിമാറ്റിക്കൊണ്ടു് നാം നടത്തിയ സമരങ്ങൾ സംഘടനയുടെ തെറ്റായ ചിന്താഗതിയുടെ ശ്രമങ്ങളായിരുന്നു. പലതും വെട്ടിച്ചുരുക്കാനും തിരുത്തിച്ചേർക്കാനുമുണ്ട്....."

ഗോവിന്ദൻനായർ ഇന്നു രാപകലില്ലാതെ പ്രവർത്തിയ്ക്കുന്നു. നാട്ടിൻപുറങ്ങളിലെവിടേയും അയാളെ കാണാം. പട്ടാളത്തിലും പോലീസിലും ആളെടുക്കുന്ന സ്ഥലങ്ങളിൽ തടിച്ചുകൂടാറുണ്ടായിരുന്ന യുവാക്കന്മാരുടെ എണ്ണം കുഞ്ഞുവരികയാണ്. അമ്പലമുറ്റങ്ങളിലും പള്ളിനടകളിലുമിരുന്നു രാഷ്ട്രീയം പ്രസംഗിയ്ക്കുന്നവരെ വിശ്വസിയ്ക്കാതിരിയ്ക്കാൻ നാട്ടിടങ്ങളിലെ സാധാരണക്കാരനിന്നാവിയുണ്ട്. "ആ അഭ്യാസികളെല്ലാം തങ്ങളുടെ താല്പര്യങ്ങൾക്കെതിർനിൽക്കുന്നവരാണെന്നവർക്കു മനസ്സിലാക്കാൻ കഴിവുണ്ട്. ആരുപറഞ്ഞാലും പത്തുപറ നെല്ലുപാട്ടം കിട്ടുന്നവനും പത്തുപറ നെല്ലുപാട്ടം കിട്ടുന്നവനും തമ്മിൽ ഇന്നു സംസാരിയ്ക്കുകയുണ്ട്. അവരെല്ലാംഒരേവർഗ്ഗത്തിലാണു നിലകൊള്ളുന്നതെന്നവർ മനസ്സിലാക്കുന്നു.

ജോലിയ്ക്കുവേണ്ടി പബ്ലിക്ക് സർവ്വീസ് കമ്മീഷണറുടെ പടിവാതിൽക്കലും, എം. എൽ. എ. മാരുടെ അടുക്കളവശത്തും പിന്നാൽക്കാരണമായിരുന്നവർ, ജോലി നേടുകയെന്നതു് തങ്ങളുടെ അവകാശമായി വിശ്വസിയ്ക്കുന്നു. അവരുടെ വിശ്വാസം നേടാനും അങ്ങനെ തങ്ങളുടെ നിലപാടുതറകൾ കൂടുതൽ കെട്ടിയുറപ്പിയ്ക്കുവാനും ഇന്നും സർക്കാർ പ്രസ്സ്നോട്ടുകളിറക്കാറുണ്ട്—

"മിസ്റ്റർ എന്നതിനും മിസ്സ് എന്നതിനും പകരം ശ്രീ എന്നും ശ്രീമതി യെന്നും ഉപയോഗിയ്ക്കണം"!!

"അമ്പലങ്ങളും പള്ളികളും സംരക്ഷിയ്ക്കുവാൻ ഞങ്ങളെ വിജയിപ്പിയ്ക്കുക....."

പാടത്തു കളിച്ചുകൊണ്ടുനിന്ന ഒരു കുഴിക്കാരൻ ഇതുകേട്ട് നീട്ടിയൊരു തുപ്പുതുപ്പി— "ഹൂ!!"

ഒരു മാസം മുമ്പു—അസ്ഥിശേഷൻ. ഇന്നു അരോഗദൃഢഗാത്രൻ!

ക്ഷയരോഗം അയാളുടെ മാർദ്ദവമുള്ള ശരീരധാതുക്കളെ കാൻ നശിപ്പിച്ചു. രോഗരാക്ഷസരാജാവു് അസ്ഥിക്കൂടമാത്രം പെന്നായ്ക്കളെപ്പോലെ തിരിഞ്ഞുതള്ളി. അവശേഷിച്ച അസ്ഥികങ്കാളത്തിൽ തൊലിപൊതിഞ്ഞ ഒരു മനുഷ്യക്കോലംമാത്രമായിരുന്ന ഒരു മാസം മുമ്പു് ആ ക്ഷയരോഗി. ചുമച്ചു ശ്വാസംമുട്ടിയും, ഏങ്ങിവലിച്ചും വലയുന്ന നിലയിലാണ് ആദ്യമായി ആ രോഗി



വി. ഗംഗാധരൻവൈദ്യൻ
വൈദ്യകലാനിധി

കരിംകുരങ്ങു രസായനം ഉപയോഗിച്ചുതുടങ്ങിയതു്.

അന്നുമുതൽ അയാൾക്കു് ആശ്വാസവും ആശയും ഉളവായി. ചുമ തീരെ മാറി. വലിവു് വരാതായി. അസ്ഥികൾക്കും തൊലിക്കും നടുവിൽ മാംസപേശികൾ വീണ്ടുവരുന്നു. വേനൽക്കാലത്തെ കയ്ത്തോടുകൾപോലെ വറ്റിവരണ്ടിരുന്ന രക്തധമനികളിൽ ശുദ്ധരക്തം പ്രവഹിച്ചു. ഓജസ്സു വർദ്ധിച്ചു. യുവത്വം വീണ്ടും കിട്ടി. ഒരു മാസംകൊണ്ടു് അയാൾ അരോഗദൃഢഗാത്രനായി, ആരോഗ്യദേവതയുടെ ആശ്ലേഷസുഖം അനുഭവിച്ചു.

വാതരോഗത്തിനും, പ്രസവരക്ഷയ്ക്കും ശരീരത്തിനു് സംവേദിക്കുന്ന കേടുപാടുകൾക്കും അത്യുത്തമം. രാത്രി 1-നു് 5 ക മാത്രം. പേക്കിങ്ങ് ചാർജ്ജ് വേറെ.

N. B. ശാസ്ത്രീയമായി തയാർചെയ്ത പരിശുദ്ധവും ഫലപ്രദവുമായ എല്ലാ ആയുർവ്വേദൗഷധങ്ങൾക്കും ഞങ്ങൾക്കെഴുതുവിൻ!

കാറ്റലോഗ് സൌജന്യം

സ്വതന്ത്രഫാർമസി, വക്കല P. O. TRAVANCORE

Edit... and Published by K. Balakrishnan, at the Indira Printing Works, Pettah, Trivandrum.

The Kaumudi Weekly

PUBLISHED EVERY MONDAY

Vol. I MONDAY 4th SEPTEMBER 1950 No. 25

QUALITY PRINTING

NONE
TO
COMPETE
WITH
US

★

THE INDIRA
PRINTING WORKS

TRIVANDRUM